കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പ്രസിദ്ധീകരിക്കുന്ന
കുട്ടികളുടെ മാസിക

# തളിര്

2017 നവംബർ
വില ₹20



# ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുതിയ പുസ്തകങ്ങൾ




## സൗരോർജത്തിന്റെ കഥ

(ശാസ്ത്രം / കാർട്ടൂൺ)

**അരവിന്ദ് ഗുപ്ത / പുനരാഖ്യാനം: വൈശാഖൻ തമ്പി**

വില ₹60




## എ പി ജെ അബ്ദുൽകലാം

(ജീവചരിത്രം)

**പ്രൊഫ. എസ് ശിവദാസ്**

വില ₹90





## ഭൂമി ഉണ്ടായതെങ്ങനെ?

(ശാസ്ത്രം)

**കെ പാപ്പൂട്ടി**

വില ₹90




## അതിരസികൻ മുല്ലാക്കഥകൾ

(കഥകൾ)

**പുനരാഖ്യാനം: രാജൻ കോട്ടപ്പുറം**

വില ₹225


**കോപ്പികൾക്ക്**

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, പാളയം,സംസ്കൃത കോളേജ് കാമ്പസ്,**

**തിരുവനന്തപുരം 34**, **ഫോൺ** 0471 –233 3790,

e-mail : thaliru@ksicl.org, director@ksicl.org, www.ksicl.org

പത്തു വയസ്സിനു മുകളിലുള്ള
കുട്ടികൾക്കായുള്ള
പ്രസിദ്ധീകരണം

നവംബർ 2017
വില ₹20
വാർഷികവരിസംഖ്യ ₹200

# തളിര്

ഉള്ളടക്കം

## തേൻകുരുവി

പ്രൊഫ. മാത്യു ഉലകംതറ

9

മുറ്റത്തെ തൈമരച്ചില്ലകളിൽ
ചുറ്റിത്തിരിയുന്ന തേൻകുരുവീ
കൂട്ടുകാരൻ പറന്നെങ്ങുപോയി
കൂട്ടിനായെന്നെയും കൂട്ടുമോ നീ?





## മന:പൂർവം മറക്കുന്നത്

റോയ്സൺ പിലാക്കാവ്

36

തുറക്കാത്ത അലമാരയിലേക്കും വായിക്കാത്ത കുട്ടികൾക്കിടയിലേക്കും തിരിച്ചുപോകാൻ മടിച്ച പുസ്തകക്കൂട്ടുകാർക്ക് പിന്നെന്താണ് സംഭവിച്ചത്?



## അച്ഛനും മകനും

രാധികാദേവി റ്റി ആർ

12

ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനായി പൊരുതിയ ഒരച്ഛനും മകനും. അവർക്കിടയിലുള്ള ആത്മബന്ധത്തിന്റെ കഥ വായിക്കൂ...

മുൻമൊഴി ....................4
സുഗതകുമാരി
ആനക്കാര്യം....................5
എൻ ടി രാജീവ്
കേരളപ്പിറവി....................6
അഹമ്മദ്നഗർ കോട്ട....................10
ജവഹർലാൽ നെഹ്റു
മുരിങ്ങയുടെ കണ്ണീർ ....................16
പയ്യന്നൂർ കുഞ്ഞിരാമൻ
മോഹം....................19
കെ കെ പല്ലശ്ശന
വിനോബാ ഭാവെ....................20
കെ പി ലക്ഷ്മണൻ
കാർട്ടൂൺ ചിത്രകഥ....................23
രജീന്ദ്രകുമാർ
മനുഷ്യ മസ്തിഷ്ക മാജിക്....................24
പ്രൊഫ. എസ് ശിവദാസ്
കണ്ണാടിക്കാക്ക....................26
അമ്പലപ്പുഴ ഗോപകുമാർ
ദുഷ്ടമിത്രൻ....................28
എം എസ് കുമാർ
ബയോളജി ടീച്ചർ....................30
പി പി കെ പൊതുവാൾ
സ്വദേശാഭിമാനി
രാമകൃഷ്ണപിള്ള....................32
സഫിയ ഒ സി
കടപയാദി....................41
പള്ളിയറ ശ്രീധരൻ
നല്ലത്....................41
പാർപ്പാക്കോട് വിക്രമൻ
ഹോക്കിമാന്ത്രികൻ....................42
സനിൽ പി തോമസ്
പ്രിയോരച്ചനും പ്രിയോർ
മാമ്പഴവും....................46
ജോസഫ് പനയ്ക്കൽ
മഹാഭാരതം....................52
സുഗതകുമാരി
ഇളംതളിര്....................54

ഇൻസ്റ്റിറ്റ്യൂട്ട് ചെയർമാൻ
**ശ്രീ എ കെ ബാലൻ**
(ബഹു. സാംസ്കാരിക വകുപ്പു മന്ത്രി)

ചീഫ് എഡിറ്റർ
**സുഗതകുമാരി**

എഡിറ്റർ
**പള്ളിയറ ശ്രീധരൻ**

പത്രാധിപസമിതി
**എം എസ് കുമാർ**
**സി ആർ ദാസ്**
**എം കെ മനോഹരൻ**
**ആലിന്തറ ജി കൃഷ്ണപിള്ള**
**ജാനമ്മ കുഞ്ഞുണ്ണി**

എക്സിക്യൂട്ടീവ് എഡിറ്റർ
**രാധികാദേവി റ്റി ആർ**
**സഫിയ ഒ സി**
**കവിത ഭാമ**

ആർട്ട്, ലേഔട്ട്
**വിഷ്ണു പി എസ്**

പ്രൊഡക്ഷൻ
**സുബിൻ കെ സുഭാഷ്**

കവർ
**വെങ്കി**

**തളിര്**
കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
പാളയം
തിരുവനന്തപുരം 695 034


**ഫോൺ**
0471-233 3790

e-mail : thaliru@ksicl.org,
director@ksicl.org

വായിച്ചു വളരുക

**കേരള സംസ്ഥാന**
**ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്**
**പ്രസിദ്ധീകരണം**

1970 മുതൽ പ്രസിദ്ധീകരിക്കുന്നത്
**www.ksicl.org**



വര: സുധീർ പി വൈ

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ,


ഈ ശിശുദിനം ഇന്ത്യയിലെ എല്ലാ കുഞ്ഞുങ്ങളുടെയും പിറന്നാളാക്കിമാറ്റിയത് ചാച്ചാജി എന്ന് സ്നേഹത്തോടെ നാം വിളിക്കുന്ന ജവഹർലാൽ നെഹ്റുവാണ് എന്നു നിങ്ങൾക്കറിയാം. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയോട് എങ്ങനെയാണ് താങ്കളുടെ ജന്മദിനം ആഘോഷിക്കേണ്ടതെന്നു ചോദിച്ചപ്പോഴാണ് അദ്ദേഹം പറഞ്ഞത്, 'ഇത് എന്റേതല്ല, നമ്മുടെ കുഞ്ഞുങ്ങളുടെ ജന്മദിനമായി ആഘോഷിക്കുവിൻ' എന്ന്. അങ്ങനെ നാം ഘോഷയാത്രകൾ നടത്തുന്നു. കുട്ടികളുടെ പ്രധാനമന്ത്രിയെ തിരഞ്ഞെടുത്തു തുറന്ന ജീപ്പിൽ ആനയിക്കുന്നു. മത്സരങ്ങളും പാട്ടും കളിയും ബാൻഡുമേളവുമൊക്കെയായി ഈ ദിനം ആഘോഷിക്കുന്നു.

നല്ലത്, എന്നാൽ ഇതോടൊപ്പം ഒന്നുകൂടിയുണ്ട് ചെയ്യാൻ.

ജവഹർലാൽ നെഹ്റു എന്ന മഹാനായ രാജ്യസ്നേഹിയുടെ, കുട്ടികളെ അഗാധമായി സ്നേഹിച്ചിരുന്ന ആ വലിയ മനുഷ്യന്റെ പുസ്തകങ്ങൾ കൂടി നിങ്ങൾ വായിച്ചുതുടങ്ങണം. ഇംഗ്ലീഷിലും മലയാളത്തിലും നിങ്ങൾക്കു കിട്ടും. 'അച്ഛൻ മകൾക്കെഴുതിയ കത്തുകൾ' എന്ന പുസ്തകമാണ് നിങ്ങൾ ആദ്യം വായിക്കേണ്ടത്. നീണ്ട വർഷങ്ങൾ ജയിലഴികൾക്കുള്ളിൽ കഴിയേണ്ടിവന്നയാളാണ് ജവഹർലാൽ എന്ന് ഓർമിക്കണം. ആർക്കുവേണ്ടി? ജനാധിപത്യത്തിനുവേണ്ടി. ആ ജയിൽ വാസത്തിനിടയ്ക്ക് മകൾ ഇന്ദിരയ്ക്ക് എഴുതിയ കത്തുകളാണിവ. ആ പുസ്തകത്തിനു ശേഷം നിങ്ങൾ വായിക്കേണ്ടത് 'ഡിസ്കവറി ഓഫ് ഇന്ത്യ' (ഇന്ത്യയെ കണ്ടെത്തൽ) എന്ന പുസ്തകമാണ്. അതിനുശേഷം 'ഗ്ലിംപ്സസ് ഓഫ് വേൾഡ് ഹിസ്റ്ററി' എന്ന പുസ്തകവും മുതിർന്ന കുട്ടികൾക്ക് ഞാൻ ശുപാർശ ചെയ്യുന്നു.

നിങ്ങൾ മിടുക്കരായി, അറിവുള്ളവരായി, രാജ്യസ്നേഹവും അഭിമാനവുമുള്ളവരായി, വളർന്നുവരുവാൻ ഈ വിധത്തിലുള്ള പുസ്തകങ്ങൾ തീർച്ചയായും ഉപകരിക്കും. ഇന്റർനെറ്റും മറ്റും നൽകുന്നപോലെ 'പെട്ടെന്നുള്ള അറിവുകളല്ല' ഇത്തരം പുസ്തകങ്ങൾ നൽകുക. അവ നിങ്ങളുടെ ഭാഷയെ മിനുക്കിയെടുക്കും, ഭാവനയെ ഉദ്ദീപിപ്പിക്കും, വീക്ഷണത്തെ വിശാലമാക്കും, ബുദ്ധിയെ വികസിതമാക്കും. ഇന്ത്യ എന്ന മഹാരാഷ്ട്രത്തെ അതിന്റെ അനന്തമായ സംസ്കാരവിശേഷത്തോടെ നിങ്ങൾക്കു കാട്ടിത്തരും. മാത്രമല്ല നിങ്ങളെ കൂടുതൽ തലപ്പൊക്കവും കണ്ണുകൾക്കു തിളക്കമുള്ളവരുമാക്കിത്തീർക്കും. അതിനാൽ വായിക്കുക എന്നാണെനിക്ക് എന്റെ കുഞ്ഞുങ്ങളോടു പറയാനുള്ളത്. ഒരു വലിയ മനുഷ്യനെ പരിചയപ്പെടുമ്പോൾ നിങ്ങളുടെ മനസ്സിനും ആ വലിപ്പത്തിന്റെ തിളക്കം ഉണ്ടാവും. എല്ലാവർക്കും ശിശുദിനാശംസകൾ...

സ്നേഹത്തോടെ,
**സുഗതകുമാരി**





# കേരളപ്പിറവി

ഫോട്ടോ: Zuhairali



**(നവംബർ 1, കേരളപ്പിറവിദിനമായി നാം ആഘോഷിക്കുന്നു. മലബാർ, കൊച്ചി, തിരുവിതാംകൂർ പ്രദേശങ്ങൾ കൂട്ടിച്ചേർത്ത് കേരളസംസ്ഥാനം രൂപീകരിച്ചത് 1956ൽ ആയിരുന്നു.)**

ഇത് കേരളത്തിന്റെ പിറന്നാൾ മാസമാണ്. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നു മൂന്നായി പിരിഞ്ഞുകിടന്ന മലയാളദേശങ്ങളെ ഔദ്യോഗികമായി ഒന്നാക്കി കേരള സംസ്ഥാനമാക്കിത്തീർത്ത ഈ നവംബർ നമ്മുടെ ചരിത്രത്തിൽ സുപ്രധാനമായ സ്ഥാനം നേടിയിരിക്കുന്നു.


തിരുവിതാംകൂറും കൊച്ചിയും പഴയ കാലംമുതൽ നാട്ടുരാജാക്കന്മാരുടെ അധീനതയിലായിരുന്നു. മലബാറാകട്ടെ സാമൂതിരിയുടെ ഭരണകാലത്തിനുശേഷം ബ്രിട്ടീഷുകാരുടെ കാൽക്കീഴിലായി. മലബാർ പിടിച്ചടക്കിയതിനുശേഷം കൊച്ചിയും തിരുവിതാംകൂറും കീഴിലാക്കുവാൻ ശ്രമിച്ച ഈസ്റ്റിന്ത്യാക്കമ്പനിയുമായി സന്ധിചെയ്തും കപ്പം കൊടുത്തുമാണ് കൊച്ചിയും തിരുവിതാംകൂറും അന്ന് നിലനിന്നത്. ഇന്ത്യയിലെ മറ്റു നാട്ടുരാജ്യങ്ങളുടെ അവസ്ഥയും അതുതന്നെയായിരുന്നു. വേണാട് എന്ന ചെറുരാജ്യത്തിന്റെ അധിപനായിരുന്ന ഉഗ്രപ്രതാപിയായ അനിഴംതിരുനാൾ മാർത്താണ്ഡവർമ തന്റെ ബുദ്ധിയും ശക്തിയും ഉപയോഗിച്ച് കൊച്ചിവരെയുള്ള കൊച്ചുകൊച്ചു രാജ്യങ്ങളെയെല്ലാം ചേർത്ത് തിരുവിതാംകൂറിനെ ഒരു ശക്തമായ വലിയ രാജ്യമാക്കിത്തീർത്തിരുന്നു. സൈന്യബലംകൊണ്ട് കൊച്ചിയെയും കീഴ്പ്പെടുത്തുമെന്നുവന്നപ്പോൾ കൊച്ചിരാജാവ് സന്ധിക്കൊരുങ്ങുകയും അങ്ങനെ കൊച്ചിയെ തിരുവിതാംകൂറിനോടു ചേർക്കാതെ നിലനിർത്തുകയും ചെയ്തു. ഇതെല്ലാം പഴയ ചരിത്രം. ഇന്ത്യയിലെ രാജാക്കന്മാരുടെ പരസ്പര വിദ്വേഷങ്ങളും കലഹങ്ങളും മുതലെടുത്ത് ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാക്കമ്പനി എന്തെല്ലാം ഉപായങ്ങളും ഭീഷണികളും ചതികളും

ക്രൂരതകളും ഉപയോഗിച്ചാണ് ഈ മഹാരാജ്യത്തെ തങ്ങളുടെ വരുതിയിലാക്കിയതെന്ന് ചരിത്രം പറയും. നിങ്ങൾ തീർച്ചയായും വായിച്ചുപഠിക്കേണ്ട കാര്യങ്ങളാണവ.

ഒടുവിൽ 1947 ൽ ബ്രിട്ടീഷുകാരിൽ നിന്നും സ്വാതന്ത്ര്യം ലഭിച്ചതിനുശേഷമാണ് നാട്ടുരാജ്യങ്ങളെയെല്ലാം ഇന്ത്യൻ യൂണിയനിൽ ലയിപ്പിച്ച് ഇന്ത്യ എന്ന മഹാരാഷ്ട്രം ലോകരാഷ്ട്രങ്ങൾക്കിടയിൽ തലയുയർത്തി നിന്നത്. മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവ അപ്പോഴും മൂന്നു പ്രദേശങ്ങളായിത്തന്നെ തുടർന്നു. മലയാളഭാഷ സംസാരിക്കുന്ന ഈ മൂന്നു ദേശങ്ങളും ചേർത്ത് കേരളസംസ്ഥാനം രൂപീകരിക്കണമെന്ന രാജ്യസ്നേഹികളുടെ നിരന്തരമായ നിവേദനങ്ങളുടെ ഫലമായി തിരുവിതാംകൂർ കൊച്ചി രാജ്യങ്ങൾ ആദ്യം ലയിപ്പിക്കപ്പെട്ടു. അതിനുശേഷം 1956 ലാണ് മലബാർ കൂട്ടിച്ചേർത്ത് കേരളസംസ്ഥാനം രൂപീകരിക്കപ്പെട്ടത്. പക്ഷേ കേരളത്തിന്റെ വടക്കുഭാഗത്തുനിന്ന് കന്നട ഭാഷാപ്രദേശമായ കൊടകും (കൂർഗ്) തിരുവിതാംകൂറിന്റെ ഹൃദയഭാഗം തന്നെയായ കന്യാകുമാരി ജില്ലയും കേരളത്തിനു നഷ്ടപ്പെട്ടു. തമിഴ് ഭാഷാ പ്രദേശങ്ങളാണെങ്കിലും തിരുവിതാംകൂറിന് പത്മനാഭപുരവും കന്യാകുമാരിയും മാത്രമല്ല നമ്മുടെ നെല്ലറയായിരുന്ന നാഞ്ചിനാടൻ വയലുകളും നഷ്ടമായത് ഇന്നും വേദനയായി അവശേഷിക്കുന്നു.



അനിഴംതിരുനാൾ മാർത്താണ്ഡവർമ്മ



കേരളത്തിന്റെ ഭൂപടം


കേരളപ്പിറവിക്കും നാൽപ്പതു വർഷത്തിനുമുമ്പു രചിക്കപ്പെട്ട കേരളഗാനത്തിലെ ചില വരികൾ ഇവിടെ ഉദ്ധരിക്കുന്നു:

*പ്രേമദമാകും പ്രമദവനം താൻ*
*ശ്യാമളസുന്ദരമെന്നുടെ രാജ്യം*
*കളകളമോതിയിണങ്ങിവരുന്നൊരു*
*സലിലസമൃദ്ധം മാമകരാജ്യം*
*ജാതിമതാന്ധ്യമതാന്തമെതിർക്കും*
*ബോധവിഭാവിതമെന്നുടെ രാജ്യം*
*ജയജയകോമള കേരള ധരണീ*
*ജയജയമാമക പൂജിത ജനനീ.*

ഇതുവായിക്കുന്ന കുട്ടികൾ നമ്മുടെ കേരളത്തിന്റെ ഇന്നത്തെ അവസ്ഥ ഇങ്ങനെയൊക്കെയാണോ എന്ന് ആലോചിക്കണം. നമ്മുടെ നാടിന് നന്മവരട്ടെ എന്നു പ്രാർഥിക്കുകയും അതിനുവേണ്ടി പ്രയത്നിക്കുകയും വേണം.

കവിത

# ചാച്ചാജി



വര: സുധീർ പിള്ള

ആ മുഖം വീണ്ടും നോക്കി
ആ മന്ദഹാസം നോക്കി
ആ മാറിൽ മിന്നും കൊച്ചു
പനിനീർപ്പൂവും നോക്കി
ഞങ്ങൾ നിൻ പ്രിയപ്പെട്ടോ-
രിൻഡ്യതൻ കുഞ്ഞുങ്ങളീ
ജന്മനാളിതിൽ വീണ്ടും
പ്രതിജ്ഞ ചെയ്തീടുന്നൂ
പെറ്റ നാടിനെ സ്നേഹി-
ച്ചീടുവാൻ, നീ കാത്തൊരീ-
ത്ത്യക്കൊടിയെന്നും താഴാ-
തുയർത്തിപ്പിടിക്കുവാൻ
നിത്യവും സത്യത്തിന്റെ
മാർഗമേ തുടർന്നെന്നും
വിശ്വത്തിന്നാശ്വാസമായ്
ഇൻഡ്യയെ സൂക്ഷിക്കുവാൻ
ഞങ്ങൾക്കു കഴിയുമാറാകട്ടെ, യനുഗ്രഹം
തന്നാലും, സ്വജീവിതം നാടിനായർപ്പിച്ചോനേ...

# തേൻകുരുവി

പ്രൊഫ. മാത്യു ഉലകംതറ

മുറ്റത്തെ തൈമരച്ചില്ലകളിൽ
ചുറ്റിത്തിരിയുന്ന തേൻകുരുവീ
കൂട്ടുകാരൻ പറന്നെങ്ങുപോയി
കൂട്ടിനായെന്നെയും കൂട്ടുമോ നീ?

വാലുമുയർത്തിച്ചരിഞ്ഞുനോക്കി
നീ ചിലയ്ക്കുന്നതിൻ സാരമെന്തേ?
പുഞ്ചിരിയാണോ ശകാരമാണോ?
നെഞ്ചിൽതുളുമ്പും കരച്ചിലാണോ?

ആരു നിൻ പൂക്കൾ കവർന്നെടുത്തു
ആരവയ്ക്കുള്ളിലെ തേൻകുടിച്ചു?
മുട്ടകളാരാനും കട്ടെടുത്തോ?
കൂട്ടിലെങ്ങാനുമുറുമ്പരിച്ചോ?

കൈവിട്ടുപോയതോർത്തിങ്ങനെ നാം
വാവിട്ടു കേണിട്ടു കാര്യമുണ്ടോ?
മഞ്ഞവെയിലു പരന്നിടുന്നൂ
കുഞ്ഞു പൂമ്പാറ്റകൾ പാറിടുന്നു,
പൂന്തെന്നൽ മാടി വിളിച്ചിടുന്നു
നീന്തിത്തുടിക്കുക വായുവിൽ നീ.

ഞാനുമീ വാനവും നിന്നുയർച്ച
കാണുവാനല്ലയോ നോക്കിനിൽപ്പൂ
നല്ലകാലം നിനക്കുണ്ടു നാളെ
നല്ലവനീശ്വരൻ കാത്തുകൊള്ളും!



വര:സജി വി

# അഹമ്മദ്നഗർ കോട്ട

ജവഹർലാൽ നെഹ്റു

(സ്വതന്ത്ര ഇന്ത്യയ്ക്കുവേണ്ടി പോരാടിയ നമ്മുടെ ചാച്ചാജി തന്റെ ജീവിതത്തിലെ 3259 ദിവസങ്ങളാണ് ജയിലറകൾക്കുള്ളിൽ കഴിഞ്ഞത്. അഹമ്മദ് നഗർ കോട്ടയിലെ ജയിലിൽ വച്ചാണ് Discovery of India എന്ന പുസ്തകം അദ്ദേഹം രചിച്ചത്. സി എച്ച് കുഞ്ഞപ്പ പരിഭാഷപ്പെടുത്തി മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച 'ഇന്ത്യയെ കണ്ടെത്തലിൽ' നിന്നും എടുത്തതാണ് ഈ ഭാഗം.)



ഇരുപതു മാസത്തിലേറെയായി ഞങ്ങളെ ഇവിടെ കൊണ്ടുവന്നിട്ട്. എന്റെ ഒമ്പതാമത്തെ തടവുകാലത്തിലെ ഇരുപതു മാസത്തിലേറെ. കറുത്തവാവു കഴിഞ്ഞു കാണായ പ്രതിപദചന്ദ്രൻ, ഇരുണ്ടുതുടങ്ങിയ ആകാശത്തിലെ മന്ദപ്രഭമായ കല, അന്നു ഞങ്ങളുടെ ആഗമനവേളയിൽ ഞങ്ങൾക്കു സ്വാഗതമരുളി. ചന്ദ്രൻ വളർന്നു വളർന്നു വരുന്ന ശുക്ലപക്ഷം ആരംഭിച്ചിരിക്കുകയായിരുന്നു. അതിനുശേഷം വന്നണഞ്ഞ ഓരോ അമാവാസിയും, എന്റെ കാരാഗൃഹവാസത്തിൽ ഒരു മാസം കൂടി കഴിഞ്ഞു എന്നതിന് എനിക്കുള്ള ഓർമക്കുറിപ്പായിരുന്നു. ഇതിനുമുമ്പത്തെ എന്റെ തടവുകാലത്തും ഇങ്ങനെതന്നെയായിരുന്നു. വെളിച്ചത്തിന്റെ ഉത്സവമായ ദീപാവലി കഴിഞ്ഞ ഉടനെ അമാവാസിയോടുകൂടിയാണ് അതാരംഭിച്ചത്. ജയിലിൽ എനിക്ക് എന്നും ഒരു സഹചാരിയായിരുന്ന ചന്ദ്രൻ, ഈലോകത്തിന്റെ രാമണീയകത്തെ, ജീവിതത്തിലെ വൃദ്ധിക്ഷയങ്ങളെ, ഇരുട്ടിന്റെ പിന്നാലെ വെളിച്ചം വരുന്നതിനെ, മരണവും പുനരുത്ഥാനവും ഒന്നിനു പിൻപേ മറ്റൊന്നായി അങ്ങനെ അവസാനമില്ലാതെ തുടർന്നുപോരുന്നതിനെ– ഇവയെയെല്ലാം ഓർമിപ്പിക്കുന്ന ചന്ദ്രൻ. അടുത്തറിയുന്തോറും ഏറെയേറെ പ്രിയങ്കരനായിത്തീർന്നിട്ടുണ്ട്. നിരന്തരം മാറിക്കൊണ്ടിരുന്നാലും ഒരിക്കലും വേറിട്ടൊന്നാകാത്ത അതിനെ ഞാൻ അതിന്റെ വിവിധ കലകളിലും ദൃശ്യവിശേഷങ്ങളിലും, നാനാഭാവങ്ങളിലും നോക്കിനിന്നിട്ടുണ്ട്. നിഴലുകൾ നീണ്ടുവരുന്ന സായംകാലങ്ങളിൽ യാമിനിയുടെ അനക്കമില്ലാത്ത യാമങ്ങളിൽ, പ്രത്യുഷസ്സിന്റെ മണവും മർമരവും വന്നണയുന്ന പകലിനെക്കുറിച്ചുള്ള പ്രത്യാശ സ്ഫുരിപ്പിക്കുന്ന വേളകളിൽ, ദിവസങ്ങളും മാസങ്ങളും എണ്ണിക്കണക്കാക്കുവാൻ ചന്ദ്രൻ എന്തു മാത്രം ഉപകരിക്കുന്നു. കാണാവുന്ന കാലങ്ങളിൽ ചന്ദ്രന്റെ വലിപ്പവും ആകൃതിയും ആ മാസത്തിൽ എത്രനാൾ ചെന്നുവെന്ന്, ഏതാണ്ടൊ

> ജീവിതത്തിലെ വൃദ്ധിക്ഷയങ്ങളെ, ഇരുട്ടിന്റെ പിന്നാലെ വെളിച്ചം വരുന്നതിനെ, മരണവും പുനരുത്ഥാനവും ഒന്നിനു പിൻപേ മറ്റൊന്നായി അങ്ങനെ അവസാനമില്ലാതെ തുടർന്നുപോരുന്നതിനെ- ഇവയെയെല്ലാം ഓർമിപ്പിക്കുന്ന ചന്ദ്രൻ. അടുത്തറിയുന്തോറും ഏറെയേറെ പ്രിയങ്കരനായിത്തീർന്നിട്ടുണ്ട്.






ക്കെ കൃത്യമായിത്തന്നെ സൂചിപ്പിക്കുന്നു. അതൊരെളുപ്പമുള്ള പഞ്ചാംഗമാണ് (ഇടയ്ക്കിടെ ഒന്നു ശരിപ്പെടുത്തിവയ്ക്കണമെന്നേയുള്ളൂ). പാടത്തിലെ കർഷകനാകട്ടെ, കഴിഞ്ഞുപോകുന്ന ദിവസങ്ങളേയും ഋതുക്കളിൽ പതുക്കെപ്പതുക്കെയുണ്ടാകുന്ന മാറ്റങ്ങളെയും കുറിക്കുവാൻ ഏറ്റവും കൂടുതൽ സൗകര്യമുള്ള പഞ്ചാംഗവും.

ബാഹ്യലോകത്തിലെ വൃത്താന്തങ്ങളിൽനിന്നെല്ലാം തീരെ അകറ്റപ്പെട്ട നിലയിൽ മൂന്നാഴ്ച ഞങ്ങൾ ഇവിടെ കഴിച്ചുകൂട്ടി. യാതൊരുവിധ സമ്പർക്കങ്ങളുമില്ല, കൂടിക്കാഴ്ചകളില്ല, കത്തുകളില്ല, വർത്തമാനപത്രങ്ങളില്ല, റേഡിയോകളില്ല. ഞങ്ങളിവിടെയുള്ള വിവരംതന്നെ, ഞങ്ങളെ നോക്കാനുള്ള ഉദ്യോഗസ്ഥന്മാർക്കല്ലാതെ മറ്റൊരാൾക്കും അറിഞ്ഞുകൂടാത്ത ഒരു അരമനരഹസ്യമെന്നാണ് വെപ്പ്. ദയനീയമായ ഒരു രഹസ്യം! ഇന്ത്യയിലെങ്ങും തന്നെ ഞങ്ങളെവിടെയാണുള്ളതെന്ന സംഗതി ഒരങ്ങാടിപ്പാട്ടായിരുന്നു.


പിന്നെ വർത്തമാനപത്രങ്ങൾ അനുവദിച്ചുകിട്ടി. ഏതാനും ആഴ്ചകൾ കഴിഞ്ഞ്, കുടുംബകാര്യങ്ങളെക്കുറിച്ചുള്ള അടുത്ത ബന്ധുക്കളുടെ എഴുത്തുകളും; എന്നാൽ ഈ ഇരുപതു മാസവും ഒരു കൂടിക്കാഴ്ചയുമില്ല. മറ്റുതരത്തിലുള്ള യാതൊരു സമ്പർക്കവുമില്ല.

# അച്ഛനും മകനും

രാധികാദേവി റ്റി ആർ

കർക്കശക്കാരനാണെങ്കിലും സ്നേഹമൂർത്തിയായ ഒരച്ഛനും സ്നേഹം മാത്രം കൈമുതലായുള്ള ഒരു മകനും- സ്വാതന്ത്ര്യ സമരസേനാനിയായിരുന്ന മോത്തിലാൽനെഹ്റുവും ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും. അവർക്കിടയിലുള്ള ആത്മബന്ധത്തിന്റെ തീവ്രത എത്രത്തോളമായിരുന്നു എന്ന് നിങ്ങൾക്കറിയാമോ? ഈ ലേഖനം വായിക്കൂ....

അച്ഛന്റെ മുറിയിൽ എപ്പോഴും എന്തെങ്കിലും കൗതുകകരമായ കാഴ്ച അവൻ കാണുമായിരുന്നു. അങ്ങനെയാണ് അച്ഛന്റെ മേശപ്പുറത്തിരുന്ന മനോഹരങ്ങളായ ആ രണ്ട് ഫൗണ്ടൻ പേന അവന്റെ ശ്രദ്ധയിൽപ്പെട്ടത്. അതവനെ വല്ലാതെ ആകർഷിച്ചു. ആരും കാണാതെ അവയിലൊന്ന് അവൻ കൈക്കലാക്കി. പേന കാണാതായപ്പോൾ അച്ഛൻ എല്ലായിടവും തിരക്കി. അച്ഛന്റെ മുഖത്തെ കോപഭാവംകണ്ട് ആ അഞ്ചു വയസ്സുകാരൻ പേടിച്ചുവിറച്ചു. അതുകൊണ്ടുതന്നെ അവൻ കുറ്റം സമ്മതിച്ചില്ല. അലഹബാദ് കോടതിയിലെ ഏറ്റവും പ്രധാനപ്പെട്ട വക്കീലായിരുന്നു അച്ഛൻ. അങ്ങനെയൊരാൾക്ക് ഒരു ചെറിയ മോഷണക്കുറ്റം തെളിയിക്കുവാനോ വിഷമം? അവരുടെ വീടായ ആനന്ദ്ഭവനിലെ എല്ലാ ജീവനക്കാരെയും വിളിച്ച് അദ്ദേഹം ചോദ്യം ചെയ്തു. ഒടുവിൽ സത്യം പുറത്തായി. അതിനുള്ള ശിക്ഷയും അവനു കിട്ടി. ശരീരത്തിനേറ്റതിനേക്കാൾ മനസ്സിലേറ്റ മുറിവുണങ്ങാൻ ഒരുപാടു ദിവസങ്ങൾ വേണ്ടിവന്നു. പക്ഷേ ഇതിന്റെ പേരിൽ അച്ഛനോട് ആ മകനു ദേഷ്യം തോന്നിയില്ല. കാരണം തനിക്കു കിട്ടിയത് ന്യായമായ ശിക്ഷയായിരുന്നു എന്ന ബോധ്യം അവനുണ്ടായിരുന്നു എന്നതു തന്നെ.



ജവഹർലാൽ നെഹ്റു അച്ഛൻ മോത്തിലാലിനോടൊപ്പം

ആരായിരുന്നു ഈ അച്ഛനും മകനും? അച്ഛൻ, കർക്കശക്കാരനാണെങ്കിലും ഉള്ളിൽ സ്നേഹവും കരുതലും മാത്രമുണ്ടായിരുന്ന മോത്തിലാൽ നെഹ്റുവും മകൻ, കുഞ്ഞുങ്ങളെയും പുഷ്പങ്ങളെയും ഏറെ സ്നേഹിച്ച പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവും.

പുരോഗമനചിന്ത പുലർത്തിയിരുന്ന ആളായിരുന്നു മോത്തിലാൽ നെഹ്റു. ആദ്യമായി അദ്ദേഹം യൂറോപ്പിൽ പോയി തിരിച്ചുവന്നപ്പോൾ സമുദായാചാരമനുസരിച്ച് പുണ്യാഹകർമങ്ങൾ ചെയ്യുവാൻ സമുദായക്കാർ നിർബന്ധിച്ചു. എന്നാൽ അദ്ദേഹം അതിനു വഴങ്ങിയില്ല. ഈ കാലഘട്ടത്തിലായിരുന്നു നെഹ്റുവിന്റെ ജനനം. കർക്കശക്കാരനായ അച്ഛനോടു മകന് അങ്ങേയറ്റം സ്നേഹവും ബഹുമാനവുമായിരുന്നു. പലകാര്യങ്ങളിലും അച്ഛനായിരുന്നു മകനു മാതൃക. പിൽക്കാലത്ത് നെഹ്റുവിന്റെ സ്വഭാവരൂപീകരണത്തിനും ആ മഹത്വ്യക്തിത്വത്തിന് അടിത്തറപാകിയതും അച്ഛന്റെ സ്വാധീനം തന്നെയായിരുന്നു.

ഗാന്ധിജിയെ പരിചയപ്പെട്ടപ്പോൾ അതു തന്റെ ജീവിതത്തിലെ ഒരു വഴിത്തിരിവാകുമെന്ന് നെഹ്റു ഒരിക്കലും കരുതിയതേയില്ല. ഗാന്ധിജിയുടെ സ്നേഹവും വാത്സല്യവും ആവോളം അനുഭവിച്ചറിഞ്ഞ വ്യക്തിയായിരുന്നു അദ്ദേഹം. 'ബാപ്പു' എന്നായിരുന്നു അദ്ദേഹം ഗാന്ധിജിയെ വിളിച്ചിരുന്നത്.

ഗാന്ധിജിയുടെ സത്യഗ്രഹസഭയിൽ ചേരാൻ നെഹ്റു അതിയായി ആഗ്രഹിച്ചു. അതിൽ ചേരാനായി അച്ഛന്റെ അനുവാദം തേടി. അദ്ദേഹം വിസമ്മതിച്ചുവെന്നുമാത്രമല്ല അങ്ങനെ ചെയ്താൽ വീടുവിട്ട് ഇറങ്ങിക്കൊള്ളണമെന്ന് കൽപ്പിക്കുകയും ചെയ്തു. എന്നാൽ നെഹ്റു തന്റെ അഭിപ്രായത്തിൽ ഉറച്ചുനിന്നു. ഇതിന്റെ പേരിൽ അച്ഛനുമായി പിണങ്ങി. ഭാര്യ കമലയെയും കൂട്ടി വീടുവിട്ടിറങ്ങാൻ വരെ തുനിഞ്ഞു. കാര്യത്തിന്റെ ഗൗരവം മനസ്സിലായപ്പോൾ മോത്തിലാൽ അയഞ്ഞു.

ഈ കാലഘട്ടത്തിലായിരുന്നു ലോക മനഃസാക്ഷിയെ ഞെട്ടിച്ച ജാലിയൻ വാലാബാഗ് സംഭവം നടന്നത്. ഇതു മിതവാദികളെപ്പോലും ക്ഷുഭിതരാക്കി. മോത്തിലാലിനെ പോലുള്ള മിതവാദികൾ പലരും


നെഹ്റു മോത്തിലാലിനും അമ്മ സ്വരൂപ് റാണിക്കുമൊപ്പം

ഇതോടെ ക്രിയാത്മക രാഷ്ട്രീയത്തിലേക്കിറങ്ങി ചെന്നു. പഞ്ചാബിലുടനീളം ബ്രിട്ടീഷുകാർ നടത്തിയ ക്രൂരതകൾ നേരിട്ടു കണ്ട് മനസ്സിലാക്കിയ മോത്തിലാലിന് അതോടെ മാനസാന്തരം ഉണ്ടായി. ഇതേത്തുടർന്നാണ് ഗാന്ധിജിയുമായി സഹകരിച്ചു പ്രവർത്തിക്കാൻ അദ്ദേഹം തീരുമാനിച്ചത്.

മകനെക്കാൾ ആവേശത്തോടെ അദ്ദേഹം സമരരംഗത്തേക്കിറങ്ങി. അക്കാലത്തുപോലും ലക്ഷങ്ങൾ വരവുണ്ടാക്കിയിരുന്ന കോടതിപ്രാക്ടീസ് അദ്ദേഹം ഉപേക്ഷിച്ചു. പരുത്ത ഖാദി ധരിച്ചു. നിരോധന ഉത്തരവുകൾ ലംഘിച്ച് അദ്ദേഹം ജയിൽ ശിക്ഷയും അനുഭവിച്ചു. എല്ലാം സ്വന്തം രാജ്യത്തിനുവേണ്ടി – ഒടുവിൽ അച്ഛൻ മകന്റെ പാതയാണ് തിരഞ്ഞെടുത്തത്. അതുവരെ തികച്ചും രാജകീയമായി ജീവിച്ച ആ വലിയ മനുഷ്യന്റെ ദുസ്സഹമായ ജയിൽ ജീവിതത്തെപ്പറ്റി മകൾ നയൻതാര ഹൃദയസ്പർശിയായി എഴുതിയിട്ടുണ്ട്.

ഒന്നാം വട്ടമേശസമ്മേളനത്തിന്റെ അവസാന നാളുകളിൽ മോത്തിലാലിന്റെ ആരോഗ്യസ്ഥിതി മോശമായി. ഈ സമയം

നെഹ്റു നയിനി ജയിലിൽ ആയിരുന്നു. പിതാവിനെ കാണുന്നതിനായി ജയിൽ അധികൃതർ അദ്ദേഹത്തെ വിട്ടയച്ചു. ജയിൽമോചിതനായ മകനെ കണ്ടപ്പോൾ മോത്തിലാലിന്റെ മനസ്സ് സന്തോഷത്താൽ നിറഞ്ഞു. ഈ സാഹചര്യത്തിൽ ഗാന്ധിജിയുടെ സാമീപ്യം കൂടിയുണ്ടായിരുന്നെങ്കിൽ എന്ന് അദ്ദേഹം ആഗ്രഹിച്ചു. യരാവദ ജയിലിൽ നിന്നും മോചിതനായ ഗാന്ധിജി വളരെ വൈകിയാണെങ്കിലും മോത്തിലാലിനെ കാണാൻ അലഹബാദിലെത്തി. ആ സാന്നിധ്യവും അദ്ദേഹത്തിന്റെ വാക്കുകളും മോത്തിലാലിനു വളരെ വലിയ സാന്ത്വനമായിരുന്നു. അദ്ദേഹം ഗാന്ധിജിയോടു പറഞ്ഞു.


''ഞാൻ താമസിയാതെ പോകയാണ് മഹാത്മജി. സ്വരാജ് കാണുവാൻ ഞാനിവിടെയുണ്ടാവില്ല. പക്ഷേ അങ്ങത് നേടിക്കഴിഞ്ഞുവെന്നും താമസിയാതെ അതു കൈവരുത്തുമെന്നും എനിക്കറിയാം.''

വിദഗ്ധചികിത്സയും സ്നേഹനിർഭരമായ പരിപാലനവും ഒന്നും അദ്ദേഹത്തിന്റെ ജീവൻ രക്ഷിക്കാൻ സഹായിച്ചില്ല. അങ്ങനെ സ്വാതന്ത്ര്യലബ്ധിക്കു മുമ്പു തന്നെ അദ്ദേഹം യാത്രയായി.

**യരാവദ ജയിലിൽ നിന്നും മോചിതനായ ഗാന്ധിജി വളരെ വൈകിയാണെങ്കിലും മോത്തിലാലിനെ കാണാൻ അലഹബാദിലെത്തി. അദ്ദേഹം ഗാന്ധിജിയോടു പറഞ്ഞു. "ഞാൻ താമസിയാതെ പോകയാണ് മഹാത്മജി. സ്വരാജ് കാണുവാൻ ഞാനിവിടെയുണ്ടാവില്ല. പക്ഷേ അങ്ങത് നേടിക്കഴിഞ്ഞുവെന്നും താമസിയാതെ അതു കൈവരുത്തുമെന്നും എനിക്കറിയാം."**

ഗാന്ധിജിയുടെ അഭിപ്രായത്തിൽ മോത്തിലാലിന്റെ ഏറ്റവും വലിയ ദൗർബല്യം മകനായിരുന്നു. അദ്ദേഹത്തിന് നെഹ്റുവിനോടുള്ള സ്നേഹത്തിൽനിന്നും ഉടലെടുത്തതാണ് ഇന്ത്യയോടുള്ള സ്നേഹം എന്നാണ് ഗാന്ധിജി പറയുമായിരുന്നത്. മകൻ രാജ്യത്തിനുവേണ്ടി ത്യാഗം അനുഷ്ഠിക്കുമ്പോൾ താൻ എങ്ങനെ സുഖിക്കും എന്ന ചിന്തയായിരുന്നു പല സൗഭാഗ്യങ്ങളും വേണ്ടെന്നു വയ്ക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

അച്ഛന്റെ മരണവുമായി പൊരുത്തപ്പെടാൻ നെഹ്റുവിന് വളരെക്കാലും വേണ്ടിവന്നു. മോത്തിലാലിന്റെ മരണത്തിന് മൂന്നുമാസങ്ങൾക്കുശേഷം കമലയോടും മകൾ ഇന്ദിരയോടുമൊപ്പം നെഹ്റു സിലോണിലേക്കു



ബാപ്പുവിനൊപ്പം നെഹ്റു



നെഹ്റു കുഞ്ഞുങ്ങളോടൊപ്പം



പോയി. മനോഹരമായ ആ സ്ഥലം അദ്ദേഹത്തിനു വളരെ ഇഷ്ടപ്പെട്ടു. അച്ഛന് ഈ കാലാവസ്ഥ രോഗശമനത്തിനു സഹായിക്കും എന്നു ചിന്തിച്ച് അലഹബാദിലേക്കു പെട്ടെന്നു കമ്പിയടിക്കാൻ ഒരുങ്ങിയ ആ മകൻ, ഒരുവേള അച്ഛൻ മരിച്ചുപോയി എന്ന വസ്തുതതന്നെ മറന്നുപോയി.

സിലോണിൽ നിന്നും അലഹബാദിലേക്കു തിരിച്ചെത്തിയ അദ്ദേഹത്തെ സ്വീകരിച്ചത് വർഷങ്ങൾക്കുമുമ്പ് അച്ഛൻ അയച്ച ഒരു കത്തായിരുന്നു. പല സ്ഥലങ്ങളും സന്ദർശിച്ച ആ കത്ത് വളരെ വൈകിയാണ് മകന്റെ കൈയിൽ കിട്ടിയത്. അതും ആ സൂര്യൻ അസ്തമിച്ചശേഷം.

മകന്റെ ഭാവി ഇത്രയേറെ കാംക്ഷിച്ച ഒരു പിതാവ് ചരിത്രത്തിൽ വിരളമല്ലേ? മകനോടുള്ള അഗാധമായ വാത്സല്യമല്ലേ അദ്ദേഹത്തെ സ്വാതന്ത്ര്യസമരത്തിൽ അണിചേരുവാൻ പ്രേരിപ്പിച്ചത്? അച്ഛന് മകനോടുള്ള സ്നേഹമായിരുന്നില്ലേ പണ്ഡിറ്റ് ജവഹർലാൽ നെഹ്റു എന്ന ലോകനേതാവിനെ സൃഷ്ടിച്ചത്? ഇതുപോലെ ഒരച്ഛനെയും മകനെയും ഭാരതത്തിന് ഇനി എന്നാണ് ലഭിക്കുക?



"എന്റെ ചിതാഭസ്മത്തിൽ ഒരുപിടി ഗംഗാനദിയിൽ വിതറണം, വലിയ ഒരു ഭാഗം വിമാനം വഴി ഇന്ത്യയിലെ കൃഷിക്കാർ അധ്വാനിക്കുന്ന വയലുകളിൽ പരത്തി വിതറണം. അത് ഇന്ത്യയുടെ മണ്ണും പൊടിയുമായി ഒത്തുചേരട്ടെ..."

# മുരിങ്ങയുടെ കണ്ണീർ

**പയ്യന്നൂർ കുഞ്ഞിരാമൻ**

സ്കൂളിലേക്ക് പുറപ്പെടാൻ വൈകി. ചോറ്റുപാത്രവും കറിയും ബാഗിലെടുത്തുവച്ച് വേഗം നടന്നു. പതിവ് തെറ്റിയാണ് ഇന്നുണർന്നത്. രാവിലെ തന്നെ പശു കയർ പൊട്ടിച്ചോടിയതു കൊണ്ട് അതിന്റെ പിന്നാലെയും പോകേണ്ടി വന്നു. ആദ്യ പിരിയഡിൽ തന്നെ ക്ലാസുണ്ട്. അതുകൊണ്ട് സ്കൂളിലെത്താൻ വൈകരുത്.

ബസ്സ്റ്റോപ്പിലെത്തുമ്പോൾ വിയർത്തിരുന്നു. വെയിലിന്റെ ചൂടും കാരണമാകാം. സമീപത്തെ ചായപ്പീടികയിൽ ബാഗ് വച്ച് കാത്തുനിന്നു.

ബസ്സെത്താനും ഇന്നല്പം താമസിച്ചു. നല്ല തിരക്ക്. തിക്കിക്കയറി ഒരു സീറ്റ് കൈക്കലാക്കി. മുച്ചിലോട്ടു കാവിലെ കളിയാട്ടം തീരുന്ന ദിവസമാണ്. അതുകൊണ്ടാ ഇത്ര തിരക്ക്.

അടുത്ത സ്റ്റോപ്പിൽ നിന്ന് ഒരമ്മയും കുഞ്ഞും കയറി. അമ്മയെന്നു പറഞ്ഞാൽ ഇരുപതുവയസ്സായിട്ടുണ്ടാകും. കുഞ്ഞിന് ഒരു വയസ്സ് തികഞ്ഞിരിക്കണം.

ഇടതുകൈയിൽ കുഞ്ഞിനെയെടുത്ത് അമ്മ കമ്പിയിൽ തൂങ്ങിപ്പിടിച്ചു. ബസ്സിന്റെ ഇളക്കമനുസരിച്ച് അമ്മയും കുഞ്ഞും ആടുന്നു.

ഞാൻ വേഗം എണീറ്റ് 'ഇവിടെ ഇരിക്ക്' എന്നു പറഞ്ഞു. അതുകണ്ടപ്പോൾ എന്റെ ഇടതുവശത്തിരുന്നിരുന്ന ചെറുപ്പക്കാരൻ വേഗം എഴുന്നേറ്റു മാറി.. 'മാഷെണീക്കണ്ട. അവിടെ ഇരുന്നാട്ടെ..' ഞാനവന് നന്ദി പറഞ്ഞു. സൻമനസ്സുള്ളവർക്ക് സമാധാനം കിട്ടും. ഞാൻ സൈഡിലേക്കു മാറി. അമ്മയും കുഞ്ഞും എന്റെ തൊട്ടടുത്ത് വന്നിരുന്നു. അമ്മ ആശ്വാസത്തോടെ നെടുവീർപ്പിട്ടു.

കുഞ്ഞ് എന്റെ നേർക്ക് വിരലുകളനക്കി. ഞാനാ വിരലിൽ തൊട്ടു. ആ കുഞ്ഞു മുഖത്ത് തട്ടി കിന്നാരം പറഞ്ഞു. കുഞ്ഞു ചിരിച്ചു. എന്തെല്ലാമോ ഒച്ചയുണ്ടാക്കി.

ആദ്യത്തേ പിരിയഡ് മലയാളമാണ്. ടി.പത്മനാഭന്റെ 'ജീവന്റെ വഴി' എന്ന കഥ



വര: സചീന്ദ്രൻ കാറഡ്ക്ക

യാണ് പഠിപ്പിക്കാനുള്ളത്. ബാഗിൽ നിന്നും ബുക്കെടുത്ത് ഞാൻ മറിച്ചുനോക്കി. കഥ എങ്ങനെ അവതരിപ്പിക്കുമെന്ന് ചിന്തിച്ചു.

ഒരു വളവിൽ ബസ് സഡൺ ബ്രേക്ക് ഇട്ടുനിന്നു. യാത്രക്കാരെല്ലാം ആടിയുലഞ്ഞു. കുഞ്ഞും മുന്നോട്ടിളകി. തല സീറ്റിന്റെ പിന്നിൽ ചെന്നിടിക്കാതിരിക്കാൻ ഞാൻ കൈ വെച്ചുകൊടുത്തു. എങ്കിലും കുഞ്ഞ് കരഞ്ഞു.

അമ്മ കുഞ്ഞിനെ ആശ്വസിപ്പിച്ചു. കരച്ചിൽ നിർത്താതായപ്പോൾ ബാഗിൽ നിന്നും പാൽകുപ്പി പുറത്തെടുത്തു. അതിന്റെ നിപ്പിൾ വായിൽവെച്ചുകൊടുത്തു. കുഞ്ഞു രണ്ടു തവണ ഈമ്പിയ ശേഷം തട്ടിമാറ്റി. വീണ്ടും കരച്ചിലോട് കരച്ചിൽ തന്നെ.

ഞാൻ പെന്നെടുത്ത് നീട്ടിക്കാട്ടി. കരച്ചിൽ ഒന്ന് നിർത്തിയശേഷം കുഞ്ഞ് വീണ്ടും കരഞ്ഞു. അമ്മ ആകെ പരവശയായി. ബാഗിൽ നിന്ന് ബിസ്ക്കറ്റ് എടുത്ത് നീട്ടി. കുഞ്ഞ് വാങ്ങിയില്ല.

ചുറ്റുപാടുള്ളവർ അമ്മയെയും കുഞ്ഞിനെയും ശ്രദ്ധിക്കുന്നു. അമ്മയ്ക്ക് വിഷമം തോന്നി. ഒന്നുകൊണ്ടും കുഞ്ഞ് അടങ്ങുന്നില്ല. കരച്ചിലാണെങ്കിൽ കൂടുതൽ ഉച്ചത്തിലുമായി.

അമ്മ പെട്ടെന്നു തന്നെ ബാഗിൽ കയ്യിട്ട് മൊബൈൽ ഫോൺ പുറത്തെടുത്തു. വേഗം ഓണാക്കി. പരന്ന അതിന്റെ പ്രതലത്തിൽ ചിത്രങ്ങൾ തെളിഞ്ഞു. അത് കുഞ്ഞിന്റെ മുമ്പിൽ പിടിച്ചു. അത്ഭുതമെന്നു പറയട്ടെ കുഞ്ഞ് കരച്ചിൽ നിർത്തി.

ഞാൻ മുഖത്ത് വിരൽ വെച്ചുപോയി. ചുറ്റുമുള്ളവർക്കും കൗതുകം.

കുഞ്ഞ് മൊബൈൽ നോക്കി ആഹ്ലാദിക്കുന്നു.

അമ്മ മുഖം കുനിച്ച് ചിരിക്കുകയാണ്. അമ്മിഞ്ഞപ്പാലിനു പകരം മൊബൈൽ.. കാലത്തിനു വന്നൊരു മാറ്റം..!

എനിക്കിറങ്ങേണ്ട സമയമായി. ബാഗുമെടുത്ത് ഞാനെഴുന്നേറ്റു.

സമയം ഒമ്പതേമുക്കാലായി . ഗേറ്റിലെത്തിയപ്പോൾ ഫസ്റ്റ് ബെല്ലടിച്ചു. ധൃതി പിടിച്ച് ഓഫീസിൽ കയറി ഒപ്പിട്ടു. ഹാജർ ബുക്കുമായി ക്ലാസിലേക്കു ചെന്നു.

കുട്ടികൾ എഴുന്നേറ്റ് നിന്ന് ആദരവ് പ്രകടിപ്പിച്ചു. പാഠഭാഗത്തിന്റെ പേര് ബോർഡിലെഴുതി..

‘ജീവന്റെ വഴി..’

‘സർ.. പത്മനാഭന്റെ വീട്ടിൽ ശരിക്കും മുരിങ്ങയുണ്ടായിരുന്നോ?’

‘ഉണ്ടായിരുന്നു. ഞാൻ കണ്ടതാണ്..’

‘മുരിങ്ങമരം പൊട്ടി വീണാൽ ഇത്ര വിഷമിക്കണോ സർ..?’

എനിക്കതിനുത്തരമില്ലായിരുന്നു.എങ്കിലും അതൊരു സത്യമാണ്. ഒരു ഉച്ച തെറ്റിയ സമയത്താണ് മുരിങ്ങ പൊട്ടിയത്. പൊട്ടിയ ഭാഗം താഴേക്കു വീണില്ല. മേൽത്തട്ടിലേക്ക് ചാഞ്ഞങ്ങനെ കിടന്നു. തോൽ വേർപെട്ടിരുന്നില്ല.

രാമചന്ദ്രൻ വിവരമറിയിച്ചതിനെ തുടർന്ന് ഞാൻ പോവുകയുണ്ടായി. പത്മനാഭൻ വീട്ടുമുറ്റത്ത് ഒരു കസേരയിൽ ഇരിക്കുകയായിരുന്നു. മുഖത്ത് സങ്കടം നിഴലിച്ചിരുന്നു. അകത്തു നിന്നും കസേലയെടുക്കാൻ അദ്ദേഹം പറഞ്ഞു. ഞാൻ കസേലയെടുത്ത് അദ്ദേഹത്തിന്റെ സമീപത്തായിരുന്നു.

വരാന്തയോട് ചേർന്നുവളർന്ന മുരിങ്ങയാണ്.

‘‘ മുരിങ്ങ എനിക്കൊരു മരം മാത്രമല്ല. എന്റെ മകളായിരുന്നു..’’

പത്മനാഭന്റെ വാക്കുകളിൽ ആർദ്രത നിറഞ്ഞുനിന്നു. മുരിങ്ങ പൊട്ടിയപ്പോൾ സ്വന്തം മകൾ വീണ് നടുവൊടിഞ്ഞ അനുഭവമുണ്ടായി. അതാണ് അദ്ദേഹത്തിന്റെ ദു:ഖം വർധിപ്പിച്ചത്.

മുരിങ്ങ കൊണ്ടുവന്ന കാര്യം അദ്ദേഹം വിവരിച്ചു. ഒരു കുഞ്ഞിനെ ദത്തെടുക്കുന്നത് പോലെയായിരുന്നു. ദൂരെ ഒരു പരിപാടിക്ക് പോയതായിരുന്നു. അവിടെ ഉറ്റ സുഹൃത്തുണ്ടായിരുന്നു. അയാൾ സ്നേഹത്തോടെ തന്ന മുരിങ്ങത്തൈയാണ്. നനഞ്ഞ കടലാസിലും തുണിയിലും പൊതിഞ്ഞ് രണ്ടു കൈകളും ചേർത്തു പിടിച്ച് വാങ്ങിയത്. കുഞ്ഞിനെ എന്ന വണ്ണം മാറോട് ചേർത്തുപിടിച്ചു. യാത്രയിൽ അതിന് വേദന തട്ടാതിരിക്കാൻ വളരെ ശ്രദ്ധിച്ചു.

അങ്ങനെ കൊണ്ടുവന്ന കുഞ്ഞാണ്.

എവിടെ നടണമെന്ന

**അമ്മ പെട്ടെന്നു തന്നെ ബാഗിൽ കയ്യിട്ട് മൊബൈൽ ഫോൺ പുറത്തെടുത്തു. വേഗം ഓണാക്കി. പരന്ന അതിന്റെ പ്രതലത്തിൽ ചിത്രങ്ങൾ തെളിഞ്ഞു. അത് കുഞ്ഞിന്റെ മുമ്പിൽ പിടിച്ചു. അത്ഭുതമെന്നു പറയട്ടെ കുഞ്ഞ് കരച്ചിൽ നിർത്തി. ഞാൻ മുഖത്ത് വിരൽ വെച്ചുപോയി. ചുറ്റുമുള്ളവർക്കും കൗതുകം. കുഞ്ഞ് മൊബൈൽ നോക്കി ആഹ്ലാദിക്കുന്നു. അമ്മിഞ്ഞപ്പാലിനു പകരം മൊബൈൽ.. കാലത്തിനു വന്നൊരു മാറ്റം..!**



കാര്യത്തിൽ ഭാര്യയും ഭർത്താവും തമ്മിൽ നേരിയ തർക്കമുണ്ടായി. എളുപ്പത്തിൽ പൊട്ടുന്ന മരമാണ്. അതുകൊണ്ട് പറമ്പതിർത്തിയിൽ നട്ടാൽ മതിയെന്ന് ഭാര്യ പറഞ്ഞു.

പറമ്പതിർത്തിയിലോ..? ദത്തെടുത്തു കൊണ്ടു വന്ന മുരിങ്ങമകളെ പറമ്പതിർത്തിയിൽ തനിച്ചാക്കുകയോ..? പറ്റില്ല.. പറ്റില്ല. പറമ്പതിർത്തിയിലൊന്നും പറ്റില്ല. ഈ വരാന്തയോട് ചേർന്നുതന്നെ നടണം. എങ്കിലേ എപ്പോഴും കണ്ടിരിക്കാനാവൂ.. താനല്ലാതെ സ്നേഹിക്കാനും താലോലിക്കാനും മറ്റാരാണുള്ളത്..?

ഭാര്യയുടെ വാക്കുകേട്ട് പറമ്പതിർത്തിയിൽ നടാനൊന്നും പോയില്ല. മുരിങ്ങ തളിർത്തപ്പോഴും പൂത്തപ്പോഴും അദ്ദേഹം ആഹ്ലാദിച്ചു. കാളിദാസന്റെ ശാകുന്തളത്തിൽ വർണിച്ചതുപോലെ..

മുരിങ്ങ വളർന്നതോടെ ആ പറമ്പ് പക്ഷികളുടെ താവളമായി. ബുൾബുളും ഓലേഞ്ഞാലിയും തേൻകിളിയും സൂചിമുഖിയും എല്ലാം മുരിങ്ങമേൽ വന്നിരുന്ന് ഊഞ്ഞാലാടി. ചിലവ പാട്ടുപാടി. ചില പക്ഷികൾ നൃത്തം വെച്ചു. പക്ഷികളുടെ സംഗീതം കഥാകാരനെ നിർവൃതിയിലാഴ്ത്തി.

ആദ്യമായി കായ്ച്ചപ്പോൾ എന്തെന്നില്ലാതെ സന്തോഷിച്ചു. കായ്കൾ വളർന്നപ്പോൾ പറിച്ചെടുത്ത് സഞ്ചിയിലാക്കി സുഹൃത്തുക്കൾക്ക് വിതരണം ചെയ്തു. പൂച്ചകൾ മുരിങ്ങമേൽ ചാടിക്കയറുമ്പോൾ നഖം കൊണ്ട് വേദനിപ്പിക്കരുതേ എന്നപേക്ഷിച്ചു...

ആ മുരിങ്ങയാണ് പൊട്ടിച്ചാഞ്ഞത്.

അദ്ദേഹം നെടുവീർപ്പിട്ടു ഭാര്യ മുറ്റത്തിറങ്ങി വന്നു..

“ഇതെന്തൊരിരിപ്പാണ്?.. ഒരു മരമല്ലേ പൊട്ടിയത്? മനുഷ്യരൊന്നുമല്ലല്ലോ..?”

അദ്ദേഹം ഭാര്യയെ നോക്കി. “ഇത് വെറും മരമാണോ?”

ഭാര്യയോട് തർക്കിച്ചിട്ട് കാര്യമില്ല.

ജീവിതത്തിന് എന്തെങ്കിലും അർഥം കൈവരുത്തുന്നത് ഇത്തരം അനുഭവങ്ങളാണ്. പ്രത്യക്ഷത്തിൽ പറഞ്ഞറിയിക്കാനാകാത്ത വികാരങ്ങൾ മനസ്സിൽ പലപ്പോഴും കടന്നുകൂടും.

ജീവിതത്തിൽ വിചിത്രമായ ഓരോരോ സംഭവങ്ങളുണ്ടാവാതിരിക്കില്ല. അവയിൽ പലതും മനസ്സിൽ താലോലിക്കാനുള്ളതാവും.

പരിചിതമല്ലാത്ത വഴികളിലൂടെയുള്ള സഞ്ചാരം തന്നെയല്ലേ ജീവിതം...? ചാറ്റൽമഴയിൽ കളിച്ചെത്തുന്ന പ്രകാശത്തിൽ തെളിയിച്ചെടുക്കാൻ ശ്രമം നടത്തുന്നു എന്നു മാത്രം. പുഴ കടന്നാലും മരങ്ങളുടെ ഇടയിലൂടെ വേണം വീടണയാൻ.

ഞങ്ങൾ സംസാരിച്ചിരിക്കെ രാമചന്ദ്രന്റെ ഓട്ടോറിക്ഷ വന്നുനിന്നു. അതിൽ നിന്ന് ഒരു പണിക്കാരൻ പുറത്തിറങ്ങി.

''ഒരാളെ കിട്ടാൻ എത്ര വിഷമിച്ചെന്നോ..''
രാമചന്ദ്രൻ പറഞ്ഞു.

മുരിങ്ങമരം മുറിച്ചു മാറ്റാൻ പണിക്കാരനെ അന്വേഷിച്ച് കൂട്ടിക്കൊണ്ട് വന്നിരിക്കയാണ് രാമചന്ദ്രൻ.

പെട്ടെന്ന് പത്മനാഭൻ പറഞ്ഞു.. '' രാമചന്ദ്രാ.. കൂലികൊടുത്ത് അയാളെ പറഞ്ഞുവിട്..''

''അതെന്താ മുതലാളി..?''

''ഇപ്പോൾ മുറിക്കേണ്ട..''
അദ്ദേഹം എഴുന്നേറ്റ് മുരിങ്ങയുടെ സമീപം ചെന്നു. പൊട്ടിയ ഭാഗത്തു നിന്നും നീരൊലിക്കുന്നുണ്ടായിരുന്നു. അദ്ദേഹം അതേറ്റു വാങ്ങി. പിന്നെ തന്നത്താൻ പറഞ്ഞു. 'മോളുടെ കണ്ണുനീർ....'

---

കവിത

# മോഹം

**കെ കെ പല്ലശ്ശന**



വര: ആശ ആർ

ചെന്താമരയിലയിൽ മുത്തായ്മാറാൻ
ചെമ്പകമലരിനു ചുംബനമേകാൻ
ചേമ്പിലയൊന്നിലുരുണ്ടുകളിപ്പാൻ
കുഞ്ഞുമഴത്തുള്ളിക്കൊരു മോഹം
പള്ളിക്കൂടം വിട്ടുമടങ്ങും
പുള്ളിക്കുടയെ പുണരാൻ മോഹം
പളപളമിന്നും കുഞ്ഞിപ്പെണ്ണിൻ
പുത്തനുടുപ്പുനനയ്ക്കാൻ മോഹം
കൂട്ടിലിരിക്കും കുഞ്ഞിക്കിളിയുടെ
കൂടെയിരിക്കാനിത്തിരിമോഹം
ചുണ്ടുപിളർക്കും വിത്തിൻദാഹം
വെക്കം തീർപ്പാനൊത്തിരിമോഹം.



Author - Tikeswar

# വിനോബാ ഭാവെ- അക്രമരഹിത പോരാളി

**കെ പി ലക്ഷ്മണൻ**

ഭൂദാനപ്രസ്ഥാനത്തെക്കുറിച്ചും അതിന്റെ ഉപജ്ഞാതാവ് ആചാര്യ വിനോബാ ഭാവെയെക്കുറിച്ചും കൂട്ടുകാർ അറിഞ്ഞിരിക്കേണ്ടതാണ്. ആചാര്യ വിനോബാ ഭാവെ നമ്മെ വിട്ടുപിരിഞ്ഞിട്ട് നവംബർ 15 ന് മുപ്പത്തിയഞ്ചുവർഷം തികയുകയാണ്. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ ഗാന്ധിജിയോടൊപ്പം അക്രമരഹിതസമരത്തിൽ പങ്കെടുക്കുകയും ഗാന്ധിജിയുടെ പ്രിയശിഷ്യനായി മാറുകയും ചെയ്ത വ്യക്തിയാണ് വിനോബാ ഭാവെ.

അദ്ദേഹം ഒരു പണ്ഡിതനും ചിന്തകനും എഴുത്തുകാരനുമായിരുന്നു. നിരവധി പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. ഭൂദാനപ്രസ്ഥാനം ആരംഭിക്കുകയും ലക്ഷക്കണക്കിന് ഏക്കർ ഭൂമി ശേഖരിച്ച് ദരിദ്രരായ ഹരിജനങ്ങൾക്ക് നൽകുകയും ചെയ്തതിലൂടെയാണ് വിനോബാ ഭാവെ ചരിത്രത്തിൽ ഇടംനേടിയത്.

1895 സെപ്റ്റംബർ 11 നാണ് വിനായക് റാവു ബാവെ എന്ന വിനോബാ ഭാവെ മഹാരാഷ്ട്രയിലെ ഗഗോഡെ ഗ്രാമത്തിൽ ജനിച്ചത്. അദ്ദേഹത്തിന്റെ പിതാവ് നരഹരി ശംബു റാവുവും മാതാവ് രുക്മിണിദേവിയുമാണ്. വളരെ ചെറുപ്പത്തിൽതന്നെ ഭഗവദ്ഗീത വിനോബയെ സ്വാധീനിച്ചിട്ടുണ്ട്.

വിനോബാ ഭാവെ ഇന്റർമീഡിയറ്റിന് പഠിക്കുന്ന സമയത്ത് ഗാന്ധിജിയുടെ പ്രസംഗം പത്രത്താളുകളിൽ വായിച്ചറിഞ്ഞ് ആവേശഭരിതനായി തന്റെ പഠനം ഉപേക്ഷിക്കുകയും സർട്ടിഫിക്കറ്റുകൾ അഗ്നിക്കിരയാക്കുകയും ചെയ്തു. തുടർന്ന് ഗാന്ധിജി ആവശ്യപ്പെട്ടതു പ്രകാരം അദ്ദേഹം അഹമ്മദാബാദിലെ കോച്റബ് ആശ്രമത്തിലെത്തുകയും ആശ്രമത്തിലെ പ്രവർത്തനങ്ങളിൽ ഗാന്ധിജിയെ സഹായിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

ഗാന്ധിജിയോടൊത്തുള്ള പ്രവർത്തനത്തെക്കുറിച്ച് വിനോബ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്.

''അദ്ദേഹത്തിന്റെ (ബാപ്പുവിന്റെ) കൈകളിൽ ഞാൻ മെല്ലെ രൂപപ്പെട്ടുവന്നു. സ്വഭാവേന ഞാനൊരു കാട്ടുമൃഗത്തിനു തുല്യമാണ്. ബാപ്പു എന്നെ വളർത്തു കാട്ടുമൃഗമാക്കി മാറ്റി. അദ്ദേഹത്തിന്റെ സന്നിധി കാടനായ എന്നെ സേവനതത്പരനായി മാറ്റി. സേവനത്തെ ദൈവാരാധനയുടെ മാർഗമായും ജനങ്ങളെ സ്വന്തം യജമാനനായും കാണുവാൻ പഠിച്ചു.''

ഗാന്ധിജിയുടെ നിർദേശപ്രകാരം വിനോബാഭാവെ 1925 ൽ കേരളത്തിൽ വരികയുണ്ടായി. അയിത്തോച്ചാടന

പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന വൈക്കം സത്യഗ്രഹത്തെക്കുറിച്ച് മനസ്സിലാക്കുന്നതിനും സവർണ ഹിന്ദുക്കളോട് സംസാരിക്കുന്നതിനുമാണ് വിനോബ കേരളം സന്ദർശിച്ചത്.

വൈക്കം ക്ഷേത്രത്തിലേക്കുള്ള പൊതുവഴികളിലൂടെ സമൂഹത്തിലെ എല്ലാവിഭാഗക്കാർക്കും സഞ്ചരിക്കുന്നതിനുള്ള സ്വാതന്ത്ര്യം നേടിയെടുക്കുക എന്നതായിരുന്നു ഈ സത്യഗ്രഹത്തിന്റെ ലക്ഷ്യം.

1921 മുതൽ 1951 വരെയുള്ള കാലം വിനോബ മുഴുവൻ സമയവും ചിലവഴിച്ചത് നിർമാണപ്രവർത്തനങ്ങൾക്കു വേണ്ടിയും ശിക്ഷണം, നിരന്തരമനനം, നീരീക്ഷണം എന്നിവയ്ക്കുവേണ്ടിയും ആയിരുന്നു.

1940 ൽ വ്യക്തിസത്യഗ്രഹം ആരംഭിക്കുന്നതിന് ഗാന്ധിജി തീരുമാനിച്ചപ്പോൾ സത്യഗ്രഹിയായി തിരഞ്ഞെടുത്തത് വിനോബയെയാണ്. ക്വിറ്റ് ഇന്ത്യ സമരത്തോടനുബന്ധിച്ച് വീണ്ടും വിനോബയെ അറസ്റ്റു ചെയ്തു ജയിലിലടച്ചു. ജയിലിൽ തടവുകാർക്ക് അനുവദിച്ച സൗകര്യങ്ങൾ ഉപേക്ഷിക്കുകയും ഭാഷാപഠനത്തിനും ഗീതാപഠനത്തിനുമായി സമയം മാറ്റിവയ്ക്കുകയും ചെയ്തു.



വിനോബ ഗാന്ധിജിയോടൊപ്പം

വിനോബായുടെ ജീവിതത്തിലും ഇന്ത്യയുടെ ചരിത്രത്തിലും എന്നും സ്മരിക്കുന്ന ദിനമാണ് 1951 ഏപ്രിൽ 18. സർവോദയ സമ്മേളനത്തിൽ പങ്കെടുക്കുന്നതിന് തെലുങ്കാ



ഭൂദാനയജ്ഞത്തിന് അനുയായികളോടൊപ്പം

നയിലെ ശിവരാം പള്ളിയിൽ എത്തിയ വിനോബ അവിടെയുള്ള പ്രദേശങ്ങൾ ചുറ്റിക്കാണുന്നതിന് തീരുമാനിച്ചു. തെലുങ്കാനയിലാണെങ്കിൽ കമ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ രക്തരൂഷിതമായ സമരങ്ങൾ നടക്കുന്ന കാലമാണ് 1951.

യാത്രയുടെ മൂന്നാംദിവസം പോച്ചംപള്ളി ഗ്രാമത്തിലെ ഹരിജനങ്ങൾ വിനോബയെ കാണുന്നതിനായി വന്നു. അവർ വിനോബയോട് ആവശ്യപ്പെട്ടത് കുറച്ച് കൃഷിഭൂമിയായിരുന്നു. അവരുടെ ആവശ്യം സർക്കാരിന് അയച്ചുകൊടുക്കാനാണ് വിനോബ തീരുമാനിച്ചത്. എന്നാൽ സമ്മേളനത്തിൽ വച്ച് ശ്രീരാമചന്ദ്ര റെഡ്ഡി എന്ന ഭൂവുടമ അദ്ദേഹത്തിന്റെ 100 ഏക്കർ ഭൂമി ഹരിജനങ്ങൾക്ക് ദാനമായി നൽകുന്നതിനു തയ്യാറായി. ഈ പ്രവൃത്തിയാണ് ഭൂദാനപ്രസ്ഥാനത്തിന്റെ ആവിർഭാവത്തിന് കാരണമായത്.

ഭൂദാനത്തിന് ജനങ്ങളെ പ്രേരിപ്പിക്കുന്നതിനായി വിനോബ രാജ്യം മുഴുക്കെ സഞ്ചരിച്ചുകൊണ്ടിരുന്നു. ഭൂദാനത്തിലൂടെ മനുഷ്യന്റെ ഹൃദയപരിവർത്തനവും ജീവിതപരിവർത്തനവും സാമൂഹ്യപരിവർത്തനവുമാണ് വിനോബ ലക്ഷ്യമിട്ടത്.

ഭൂദാനയജ്ഞത്തോടൊപ്പം ഗ്രാമങ്ങൾ തന്നെ ദാനം ചെയ്യുന്ന ഗ്രാമദാനങ്ങളും നടന്നു. സമ്പത്ത് ദാനം ചെയ്യുന്ന സമ്പത്തീദാനയജ്ഞം, ശ്രമദാനയജ്ഞം തുടങ്ങിയവയും വിനോബ ആരംഭിച്ചു.

ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും വികസിപ്പിക്കുന്നതിനും ശാന്തിസേന ഇന്ത്യയിൽ സംഘടിപ്പിക്കുന്നതിന് തീരുമാനിച്ചപ്പോൾ തന്നെ കേരളത്തിൽ ശ്രീ കെ കേളപ്പന്റെ നേതൃത്വത്തിൽ ശാന്തിസേന രൂപീകരിക്കുകയുണ്ടായി.

എല്ലാ അർഥത്തിലും പണ്ഡിതനായിരുന്നു വിനോബ. മറാഠി, സംസ്കൃതം, ഹിന്ദി, ഗുജറാത്തി, ഇംഗ്ലീഷ് എന്നിങ്ങനെ ആറുഭാഷകളിലെ ആയിരക്കണക്കിന് പുസ്തകങ്ങളോട് അദ്ദേഹത്തിന് ഗാഢ പരിചയമുണ്ടായിരുന്നു.

വേദം, വേദാന്തം, രാമായണം, മഹാഭാരതം, ഭാഗവതം, യോഗവസിഷ്ഠം, യോഗസൂത്രം, സാംഖ്യാസൂത്രം, രഘുവംശം തുടങ്ങിയവയും അവയുടെ ഭാഷ്യങ്ങളും പഠിച്ചു. വിനോബയ്ക്ക് പതിനഞ്ച് വയസ്സ് പ്രായമുണ്ടായിരുന്നപ്പോഴാണ് ഏക്നാഥ് എഴുതിയ ഭാഗവതം 31 ദിവസംകൊണ്ട് വായിച്ചു തീർത്തത്. വിനോബ സ്ഥാപിച്ച ആറ് ആശ്രമങ്ങളുണ്ട് ഇന്ത്യയിൽ. അവയെക്കുറിച്ച് വിസ്തരിക്കുക എളുപ്പമല്ല.

1982 നവംബർ 15 ന് ആ പുണ്യമനുഷ്യൻ നമ്മെ വിട്ടുപോയി.

1983 രാജ്യം ഭാരത രത്ന പുരസ്കാരം നൽകി വിനോബ ഭാവെയെ ആദരിച്ചു. അക്രമരാഹിത്യത്തോടുള്ള വിനോബയുടെ പ്രതിബദ്ധത, സാധാരണ ജനങ്ങളോടും ഗ്രാമീണരോടും അദ്ദേഹത്തിനുണ്ടായിരുന്ന സഹാനുഭൂതി എന്നും ഓർമിക്കപ്പെടും. ഭൂദാനയജ്ഞത്തിലൂടെ ഇന്ത്യയിൽ അഞ്ചു കോടി ഏക്കർ ഭൂമി പാവപ്പെട്ട ഗ്രാമീണർക്ക് ദാനം ചെയ്യുന്നതിനാണ് വിനോബ ലക്ഷ്യമിട്ടിരുന്നത്. അത്രയും ഭൂമി അദ്ദേഹത്തിന് ലഭിച്ചില്ലെങ്കിലും ആ പ്രസ്ഥാനത്തിന്റെ പ്രസക്തി ഇന്നും നിലനിൽക്കുന്നുണ്ട്.

വായു, വെള്ളം, ആകാശം, സൂര്യപ്രകാശം എന്നിവ പോലെ ഈശ്വരന്റെ വരദാനമാണ് ഭൂമിയുമെന്ന് വിനോബ വിശ്വസിച്ചു. ആരെങ്കിലും അളവിൽ കവിഞ്ഞ് ഭൂമി കൈയടക്കി വയ്ക്കുന്നത് പാപമാണെന്നും അദ്ദേഹം കരുതി.

തിന്മയ്ക്കെതിരെ എന്നും പോരാടിയ പ്രതീകമായി വിനോബ ഭാവെ ഇന്ത്യയുള്ള കാലത്തോളം ജനമനസ്സുകളിൽ നിലനിൽക്കും.



വിനോബ നെഹ്റുവിനൊപ്പം

# രസികൻ ചാച്ചാ

രജീന്ദ്രകുമാർ



# മനുഷ്യമസ്തിഷ്ക മാജിക്

## പ്രൊഫ. എസ് ശിവദാസ്

എനിക്കു കഴിവില്ല; എന്റെ തലയിലിതു കയറുകയില്ല; എനിക്ക് ഇത്രയൊക്കെ പഠിക്കാനോ മനസ്സിലാക്കാനോ പ്രയോഗിക്കാനോ ബുദ്ധിയില്ല, ഞാൻ വെറുമൊരു സാധാരണ മനുഷ്യനല്ലേ? ഇങ്ങനെയൊക്കെ ചിന്തിച്ച് ആത്മവിശ്വാസമില്ലാതെ, മനക്കരുത്തില്ലാതെ, ജീവിക്കുന്നവരേ! നിങ്ങൾക്ക് ആവേശം പകരുന്ന ഒരു വാർത്ത ഇതാ. നിങ്ങളുടെ ബ്രെയ്നിന്റെ ശേഷി അപാരമാണ്. അതു കാര്യങ്ങൾ 'കാണുന്നത്' അഥവാ മനസ്സിലാക്കുന്നത് 2ഡി ആയോ 3ഡി ആയോ അല്ല. എന്നാൽ 4ഡി ആണോ എന്നും സംശയിക്കേണ്ട. മസ്തിഷ്കം സംഗതികൾ വിശകലനം ചെയ്തു കാണുന്നത് അഥവാ വിലയിരുത്തുന്നത് 11ഡിയിലാണ്. പതിനൊന്നുമാനങ്ങൾ അഥവാ ഡയമെൻഷനുകളിൽ വരെ! എന്തു മനസ്സിലായി? ഒന്നും മനസ്സിലാവുകയില്ല. എന്താ കാരണം? 4ഡിഎന്നു പറഞ്ഞാലെന്താണെന്നു പോലും മനസ്സിലാകാത്ത മനുഷ്യർക്കെങ്ങനെ 7ഡിയും 11ഡിയും പിടികിട്ടും. എന്തായാലും ഒരു കാര്യം പിടികിട്ടിയില്ലേ? നമ്മുടെ ബ്രെയ്ൻ അഥവാ മസ്തിഷ്കം 'ഇമ്മിണി ബല്യ' ഒരു സംഗതിയാണ് എന്ന്. അതേയ്, നിങ്ങളുടെ തലയിലെ മസ്തിഷ്കത്തിന്റെ കാര്യവും അങ്ങനെ തന്നെ.

രണ്ടുമാനം അഥവാ രണ്ടു ഡയമെൻഷൻ നമുക്കു പരിചിതം. കടലാസിന്റെ ഉപരിതലത്തിനു രണ്ടുമാനമേയുള്ളൂ. നാം ഒരു ചിത്രം കടലാസിൽ വരയ്ക്കുമ്പോൾ അതിനും രണ്ടുമാനമേയുള്ളൂ. നമ്മുടെ സാധാരണ ചലച്ചിത്രങ്ങളും സീരിയലുകളുമൊക്കെ 2ഡി ആണ്. ദ്വിമാനക്കാഴ്ചകൾ (കണ്ണിന്റെ കാഴ്ച പക്ഷേ 3ഡി ആണ്). എന്നാൽ നമ്മുടെ ശരീരമോ? മൂക്ക് മുന്നിലേക്കു തള്ളിയല്ലേ നിൽക്കുന്നത്? പരന്ന കടലാസിലെങ്ങനെ തള്ളി നിൽക്കുന്ന മൂക്ക് ശരിക്കും ചിത്രീകരിക്കും? പറ്റില്ല. കടലാസ് ദ്വിമാനം, രണ്ടു ഡയമെൻഷൻ മാത്രമുള്ളത്. മുഖമോ ത്രിമാനം. 3ഡി.



3ഡി ആയാലേ ആഴം (depth) കാണൂ. 3ഡി ഫിലിം കണ്ടിട്ടുള്ളവർക്കറിയാം ഈ പറഞ്ഞതെന്തെന്ന്. 'മൈഡിയർ കുട്ടിച്ചാത്തൻ' എന്ന 3ഡി ഫിലിം പ്രസിദ്ധമാണ്. ഇന്ത്യയിലെ ആദ്യ 3ഡി ചലച്ചിത്രം ആ മലയാളചിത്രമായിരുന്നു.

അപ്പോൾ 3ഡി നമുക്കു മനസ്സിലായി. പക്ഷേ 4ഡി മനസ്സിലാക്കാൻ നമുക്കു പറ്റില്ല. മസ്തിഷ്കമോ, അതിലുമേറെ മാനത്തിലാണ് എല്ലാം വിശകലനം ചെയ്ത് വിവരമാക്കി, വിജ്ഞാനമാക്കി മനസ്സിലാക്കുന്നത്. മസ്തിഷ്കത്തിലെ ന്യൂറോണുകളുടെ കൂട്ടങ്ങളാണ് അതു ചെയ്യുന്നത്. ഒരു ന്യൂറോൺ കൂട്ടത്തിലെ ന്യൂറോൺ എത്ര കൂടുന്നോ അതനുസരിച്ച് നെറ്റ്‌വർക്കിങ് കൂടുതൽ സങ്കീർണമാകും.

ആൾജിബ്രിക് ടോപോളജി (algebric topology) എന്ന ഗണിതവിദ്യയുപയോഗിച്ച് മസ്തിഷ്കത്തിലെ നെറ്റ്‌വർക്കുകളെ വിശകലനം ചെയ്തപ്പോഴായിരുന്നു ശാസ്ത്രജ്ഞർ അമ്പരപ്പിക്കുന്ന ഈ രഹസ്യം കണ്ടെത്തിയത്. മസ്തിഷ്കപഠനത്തിനുള്ള ബ്ലൂബ്രെയ്ൻ



മനുഷ്യ മസ്തിഷ്കം

ന്യൂറോണുകൾ

പ്രോജക്റ്റിന്റെ ഭാഗമായിരുന്നു ആ പഠനം. കത്രയ്ൻ ഹെസും (Kathryn Hess) റാൻ ലെവി (Ran Levi) യും ആണ് അതിന് നേതൃത്വം നൽകിയത്.

ബ്ലൂ ബ്രെയ്ൻ പ്രോജക്റ്റ് ഡയറക്ടറായ ഹെൻറി മാർക്രം (Henry Markram) പറയുന്നതെന്തെന്നോ? 'ഞങ്ങൾ ഒരിക്കലും സങ്കല്പിക്കാത്ത ഒരു ലോകമാണ് ഞങ്ങൾ കണ്ടത്.' ഒരു ചെറിയ മസ്തിഷ്ക ഭാഗത്തുപോലും ദശലക്ഷക്കണക്കിനുണ്ട് ന്യൂറോൺ കൂട്ടങ്ങൾ. ഏഴുമാനത്തിലും ചിലതിൽ പതിനൊന്നു മാനത്തിലും വരെ അവ കാര്യങ്ങൾ മനസ്സിലാക്കും; കണ്ടെത്തും. ഇത്രയേറെ മാനത്തിൽ, ശരിക്കും ബഹുമാന ജ്യാമിതീയ രൂപങ്ങളിൽ മസ്തിഷ്കം നടത്തുന്ന നെറ്റ്വർക്കിങ് മാജിക് മനസ്സിലാക്കാൻ മനുഷ്യന് ഇത്തിരി വിഷമിക്കേണ്ടിവരും. മസ്തിഷ്കം എവിടെയാണ് ഓർമകളെ സൂക്ഷിക്കുന്നതെന്ന കടങ്കഥയ്ക്ക് ഈ പഠനങ്ങൾ ഭാവിയിൽ ഉത്തരം നൽകിയേക്കാം. ഉന്നതമാനത്തിലുള്ള ഏഴോ പതിനൊന്നോ മാനംവരെയുള്ള അറകളിലോ ഇടങ്ങളിലോ സൂക്ഷിക്കുന്നവയാകാം ഓർമകളുടെ ചെപ്പുകൾ.

എന്തായാലും ഒരു കാര്യത്തിൽ തർക്കം വേണ്ട. നാം ഇതുവരെ ഭാവനയിൽപ്പോലും കാണാത്തത്ര ഗംഭീരമാണ് മനുഷ്യമസ്തിഷ്കമാജിക്കുകൾ. എന്നിട്ടും ഇത്ര നല്ല ഒരു തലയുണ്ടായിട്ടും മനുഷ്യാ നിനക്കെന്താണ് മഹത്തായ സ്വപ്നം കാണാൻ മടി? മനുഷ്യന്റെ അനവധി സാധ്യതകളെപ്പറ്റി അഭിമാനിക്കാനും മടി?

## ബ്ലൂ ബ്രെയ്ൻ പ്രോജക്റ്റ്



ഹെൻറി മാർക്രം

ഒരു സ്വിസ് ഗവേഷണസംരംഭമാണ് 'ബ്ലൂ ബ്രെയ്ൻ പ്രോജക്റ്റ്' ബ്രെയ്നിന്റെ ഒരു പുനഃസൃഷ്ടി ഡിജിറ്റലായി ചെയ്യുക എന്നതാണ് ആ മഹാസംരംഭത്തിന്റെ ലക്ഷ്യം. 2005 ൽ ആണ് അത് ആരംഭിച്ചത്. സ്വിറ്റ്സർലാൻഡിലെ ഒരു ബ്രെയ്ൻ & മൈൻഡ് ഇൻസ്റ്റിറ്റ്യൂട്ടാണ് അതിനു പിന്നിൽ. ഇ പി എഫ് എൽ (EPFL, Ecole Polytechnique Federale de Lausanne) എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന സ്ഥാപനം. ഹെൻറി മാർക്രം (Henry Markram) ആണ് ആ പ്രോജക്റ്റിന്റെ ഡയറക്ടർ. യൂറോപ്പിലെ മനുഷ്യമസ്തിഷ്കപ്രോജക്റ്റിന്റെ (Human Brain Project) ഡയറക്ടറും അദ്ദേഹം തന്നെ. ഈ ഗവേഷണസംരംഭം മനുഷ്യമസ്തിഷ്ക രഹസ്യങ്ങളിലേക്കു വെളിച്ചംവീശുമെന്നും മനുഷ്യന്റെ ബോധം അഥവാ ചേതന (Consciousness) എന്തെന്ന് വ്യക്തമാക്കുമെന്നും നമുക്കു പ്രത്യാശിക്കാം.

# കണ്ണാടിക്കാക്ക

അമ്പലപ്പുഴ ഗോപകുമാർ



വര: ടി.ആർ. രാജേഷ്

കാറിന്റെ മുന്നിലെ
കണ്ണാടി കണ്ടൊരു
കാക്കച്ചി സൂക്ഷിച്ചുനോക്കി
തന്നെക്കണക്കൊരാൾ
പമ്മിയിരിക്കുന്നു
കണ്ണിമയ്ക്കാതെ നോക്കുന്നു!
എങ്ങനെ കണ്ണാടി
ക്കുള്ളിലകപ്പെട്ട
തെന്ന വിചാരമായാദ്യം
ഇനിയവനെന്നുറ്റ
ചങ്ങാതിയല്ലെങ്കിൽ
ത്തന്നെയും രക്ഷിച്ചിടേണം

കണ്ണാടിക്കൊത്തി
പ്പറിക്കുവാൻ നോക്കുന്നു
പിന്നെയും പിന്നെയും, പക്ഷേ
ചുണ്ടുകൊണ്ടാക്കാക്ക
തന്നെയും കൊത്തുന്ന
മണ്ടത്തരം കാട്ടിനിൽപ്പൂ...
തന്റെ മേൽക്കൊള്ളുന്ന
തേയില്ല കൊത്തൊന്നും
എന്തു വിചിത്രമിതൊക്കെ!

ഉള്ളിലെ സംഭ്രമം
കണ്ണിലുണ്ടെങ്കിലും
വല്ലോരും കാണ്മതിൻ മുമ്പേ,
കണ്ണാടിക്കാക്കയ്ക്കു
മോചനം നൽകുവാൻ
കണ്ണുമടച്ചുശ്രമിച്ചു
രക്ഷയില്ലെന്നു ക-
ണ്ടാപ്പാവം കാക്കച്ചി
വൃക്ഷശിഖരത്തിലേറി.
തൻതല ചാച്ചും
ചെരിച്ചുമീ ലോകത്തെ
ശങ്കയോടെ നിരീക്ഷിക്കെ,
എന്തായിരിക്കാ-
മതിന്റെ മനസ്സിലെ
ചിന്തയെന്നാരറിയുന്നു?

അന്തമില്ലാത്ത
മഹാവിസ്മയങ്ങൾക്കു
ജന്തുക്കൾ സാക്ഷിയായിട്ടും,
ഒന്നുമറിയാത്ത
മട്ടിൽക്കഴിയുവാൻ,
ഖിന്നതയൊക്കെ മറക്കാൻ
ആരവയ്ക്കേകുന്നു
ബുദ്ധിയും ശക്തിയും
ചിത്തസ്ഥിരതയുമെല്ലാം.

അന്യമനസ്സറി-
ഞ്ഞീടുവാനാർക്കാനു-
മെന്നെങ്കിലും സാധ്യമാണോ?

# സ്കൂൾ ഡെയ്സ്

എൻ ടി രാജീവ്









# ദുഷ്ടമിത്രൻ

എം എസ് കുമാർ



*“ഹംസങ്ങൾ മെല്ലവെ പാഞ്ഞുതുടങ്ങീതെ*
*കംസൻതൻ ജീവിതമെന്ന പോലെ”*

മഹാകവി ചെറുശ്ശേരിയുടെ കൃഷ്ണഗാഥയിൽ കംസന്റെ പരിഭ്രമത്തെ സൂചിപ്പിക്കുന്ന ഒരു സന്ദർഭമാണിത്. ദേവകിയുടെ എട്ടാമത്തെ പുത്രൻ എവിടെയാണെന്നറിയാതെ കംസൻ അസ്വസ്ഥനായി ഓടിനടക്കുന്നു. അതുപോലെ ഹിമാലയത്തിനു മുകളിലെ മാനസസരസ്സിൽ ഉല്ലസിച്ചു കഴിഞ്ഞിരുന്ന അരയന്നങ്ങൾ വർഷകാലം വന്ന് പൊയ്ക നിറഞ്ഞൊഴുകിയപ്പോൾ നീന്തിക്കളിക്കാൻ ഇടമില്ലാതെ ഉഴറിനടന്നു.

ഹംസം എന്നുപേരുള്ള അരയന്നം ബ്രഹ്മാവിന്റെ പുത്രനായ കശ്യപന്റെയും യക്ഷപുത്രിയായ താമ്രയുടെ മകൾ ധൃതരാഷ്ട്രയുടെയും മകളാണ്. അരയന്നങ്ങൾക്ക് വെള്ളനിറവും ചാരനിറവും തവിട്ടുനിറവുമൊക്കെയായിരുന്നു.

ഒരിക്കൽ മരുത്വൻ എന്നു പേരുള്ള ഒരു അസുരൻ മഹേശ്വരസൂത്രം എന്ന യാഗം നടത്താൻ തീരുമാനിച്ചു. യാഗത്തോടനുബന്ധിച്ച് *ഹവിർഭാഗം കഴിക്കാൻ ദേവപ്രധാനികളായ ഇന്ദ്രൻ, വരുണൻ, യമൻ എന്നിവരെയെല്ലാം ക്ഷണിച്ചു. അവരെല്ലാം യാഗശാലയിലെത്തിച്ചേർന്നു.

രാക്ഷസരാജാവായ രാവണൻ ദിഗ്‌വിജയത്തിനായുള്ള ജൈത്രയാത്ര തുടങ്ങിയ കാലമായിരുന്നു അത്. തന്നെ ക്ഷണിക്കാതെ ദേവൻമാരെ ക്ഷണിച്ചതിൽ രാവണൻ കോപിഷ്ഠനാകുമോ എന്ന് മരുത്വനും ദേവന്മാരും ഭയപ്പെട്ടു. ഹവിസ്സ് ഭക്ഷിക്കാ

*ഹോമിക്കപ്പെടുന്ന ദ്രവ്യത്തിന്റെ അംശം

വര: ബോബി എം പ്രഭ

തെ പോകുന്നതും ശരിയല്ല. അവർ പലതരം പക്ഷികളായി വേഷം മാറാൻ തീരുമാനിച്ചു. ഇന്ദ്രൻ മയിലായും വരുണൻ അരയന്നമായും യമൻ കാക്കയായും വേഷംധരിച്ചു.

രാവണൻ യാഗശാല സന്ദർശിച്ചു. വിശേഷിച്ചൊന്നും കാണാതെ മടങ്ങി. സന്തുഷ്ടരായ ദേവന്മാർ പക്ഷികളെ വിളിച്ചു വരുത്തി. അവർക്ക് ഇഷ്ടപ്പെട്ട നിറങ്ങളും ആഗ്രഹമുള്ള വരങ്ങളും കൊടുത്തനുഗ്രഹിച്ചു. ദേവേന്ദ്രൻ അരയന്നത്തെ വിളിച്ച് ഇങ്ങനെ പറഞ്ഞു.

“നിനക്കു ഞാൻ നല്ല വെള്ളനിറവും പരിശുദ്ധിയും നൽകുന്നു. നിന്നെ കാണുന്നവർക്ക് മനശ്ശാന്തിയും സന്തോഷവും ഉണ്ടാകും. നിനക്കു താമസിക്കുവാനും ഉല്ലസിക്കുവാനുമായി ഹിമാലയത്തിലെ മാനസസരസ്സ് ഞാൻ അനുവദിക്കുന്നു. മനുഷ്യർ നിന്നെ ആരാധിക്കുകയും നന്മയുടെ പ്രതീകമായി കാണുകയും ചെയ്യും.”

അരയന്നങ്ങൾ നല്ലവരാണെന്നറിയപ്പെടുന്നുവെങ്കിലും ദുഷ്ടനായ ഒരാൾ അതിലുണ്ടായിരുന്നു. അന്നമിത്രൻ എന്നുപേരുള്ള ഒരരയന്നം. ഹസ്തിനപുരത്തെ ഒരു നദിയുടെ തീരത്താണ് അരയന്നങ്ങൾ കൂട്ടമായി താമസിച്ചിരുന്നത്. അവരുടെ കൂട്ടത്തിൽ കൊക്കുകളും കുളക്കോഴികളുമുണ്ടായിരുന്നു. ജാതിയുടെ പേരിൽ വഴക്കോ ഒന്നും അവർക്കിടയിലുണ്ടായിരുന്നില്ല. അവരെല്ലാവരും സന്തോഷത്തോടെ കഴിഞ്ഞുവന്നു.

അന്നമിത്രൻ വലിയ ഭക്ഷണപ്രിയനായിരുന്നു. മറ്റരയന്നങ്ങളും കുളക്കോഴികളും കൊറ്റികളും ധാന്യമണികളും കൊച്ചുമത്സ്യങ്ങളും ശേഖരിച്ച് അന്നമിത്രനുകൊടുക്കും. തനിക്ക് അന്നം തരാത്ത പക്ഷിയെ അന്നമിത്രൻ തലയ്ക്കു മേടി ഉപദ്രവിക്കും.

**വർഷകാലം വന്നു. കാറ്റും കോളും ശക്തിയായി വീശി. ജീവജാലങ്ങൾക്കു നദീതീരത്തെങ്ങും നിൽക്കപ്പൊറുതിയില്ലാതായി. അപകടകരമായ ആ സ്ഥലത്തുനിന്ന് അകലെയുള്ള വസന്തവനത്തിലേക്കു പോവാൻ അവർ തീരുമാനിച്ചു. പക്ഷികൾ ധാരാളം മുട്ടയിട്ടിരുന്നു. അവയെല്ലാം വസന്തവനത്തിലേക്കെടുക്കുക വളരെ പ്രയാസമാണ്. എന്തുവേണമെന്നവർ ആലോചിച്ചു.**

എങ്കിലും മുറുമുറുപ്പില്ലാതെ പക്ഷികുടുംബം പുലർന്നുപോന്നു.

വർഷകാലം വന്നു. കാറ്റും കോളും ശക്തിയായി വീശി. ജീവജാലങ്ങൾക്കു നദീതീരത്തെങ്ങും നിൽക്കപ്പൊറുതിയില്ലാതായി. അപകടകരമായ ആ സ്ഥലത്തുനിന്ന് അകലെയുള്ള വസന്തവനത്തിലേക്കു പോവാൻ അവർ തീരുമാനിച്ചു. പക്ഷികൾ ധാരാളം മുട്ടയിട്ടിരുന്നു. അവയെല്ലാം വസന്തവനത്തിലേക്കെടുക്കുക വളരെ പ്രയാസമാണ്. എന്തുവേണമെന്നവർ ആലോചിച്ചു. താറാവുകൂട്ടത്തിലെ മൂത്തമ്മയായ ഊതത്താറാവു പറഞ്ഞു. “എല്ലാവരുംകൂടി പോവേണ്ട. നിങ്ങളെല്ലാം വസന്തവനത്തിൽ താമസിക്കിൻ. കാറ്റും മഴയും തീർന്നു വന്നാൽ മതി. നിങ്ങളുടെ മുട്ടകൾക്കു ഞാൻ കാവൽ നിന്നോളാം.”

കൊറ്റിയും കുളക്കോഴിയും മൂത്തമ്മയോടു പറഞ്ഞു. “അയ്യോ മൂത്തമ്മയെ ഇവിടെവിട്ട് ഞങ്ങൾ പോവുന്നില്ല. കാറ്റും കോളും പെരുമഴയുമൊക്കെ നമുക്കൊന്നിച്ചു സഹിക്കാം.” എല്ലാംകേട്ട് അന്നമിത്രൻ അവരെ സമാശ്വസിപ്പിച്ചുപറഞ്ഞു.

“നിങ്ങളെല്ലാവരും വസന്തവനത്തിലേക്കു പൊയ്ക്കൊള്ളിൻ. നിങ്ങളുടെ മുട്ടകളെ ഒരു കേടും കൂടാതെ ഞാൻ സൂക്ഷിച്ചുകൊള്ളാം.”

താറാവുകളും കുളക്കോഴികളും കൊറ്റികളുമെല്ലാം കൂടിയാലോചിച്ചു. ഊതത്താറാവു പറഞ്ഞു. “നമ്മുടെ കൂട്ടത്തിലെ കാരണവരാണല്ലോ. കാര്യം ശാപ്പാട്ടുരാമനാണെങ്കിലും ഉശിരുള്ള ആൺപിറന്നവനാണ്. അവർ അന്നമിത്രനെ പൂർണമായി വിശ്വസിച്ച് വസന്തവനത്തിലേക്കു യാത്രയായി.

ദിവസങ്ങളും മാസങ്ങളും കഴിഞ്ഞു. ഒരുദിവസം ഒരു കുളക്കോഴി തീരദേശത്തെ വിവരങ്ങളറിയുവാൻ പറന്നുവന്നു. വൃദ്ധനായ അന്നമിത്രൻ ഏകനായി വേണ്ടത്ര ഭക്ഷണമൊന്നും കിട്ടാതെ അവശനായി എല്ലുംതോലുമായി കഴിയുകയായിരിക്കുമെന്നാണ് കുളക്കോഴി കരുതിയത്. എന്നാൽ മറ്റു പക്ഷികൾ പോയപ്പോൾ അന്നമിത്രൻ അവരുടെ മുട്ടകൾ ഓരോന്നോരോന്നായി കൊത്തിക്കുടിച്ച് തടിച്ചു കൊഴുത്തിരുന്നു. മുട്ടത്തൊണ്ടുകൾ അവിടവിടെ ചിതറിക്കിടന്നിരുന്നു. കുളക്കോഴിക്ക് സങ്കടം സഹിക്കാനായില്ല. അവൾ വസന്തവനത്തിലെ പക്ഷിക്കൂട്ടത്തെ കാര്യം അറിയിച്ചു. അവർ പറ്റമായി പറന്നെത്തി. ഊതത്താറാവ് ഉച്ചത്തിൽ ആജ്ഞാപിച്ചു. “കൂട്ടരേ ഇവൻ അന്നമിത്രനല്ല. ദുഷ്ടമിത്രനാണ്. നമ്മുടെ കുഞ്ഞുങ്ങളെയാണിവൻ നശിപ്പിച്ചത്. ഓരോരുത്തരും ഓരോ കൊത്തുകൊടുക്കുവിൻ. അവസാനത്തെ കൊത്ത് എന്റെ വകയാണ് അവനു ജീവനുണ്ടെങ്കിൽ.”

വിശ്വാസവഞ്ചനയ്ക്കു ലഭിച്ച പ്രതിഫലം. ദുഷ്ടമിത്രൻ വാവിട്ടു കരഞ്ഞു. ഗത്യന്തരമില്ലാതെ നിറഞ്ഞൊഴുകുന്ന പുഴയിലേക്കെടുത്തു ചാടി മറഞ്ഞു.

# ബയോളജി ടീച്ചർ

## മൊഴിമാറ്റം : പി പി കെ പൊതുവാൾ

ജർമനിയുടെ സർവാധിപതിയായിരുന്ന ഹിറ്റ്‌ലർ ജൂതരെയെല്ലാം നാട്ടിൽ നിന്നും തുടച്ചുനീക്കുവാൻ ഒരുങ്ങി. ലക്ഷക്കണക്കിനു നിരപരാധികളായ ജൂതന്മാരാണ് അന്നു വധിക്കപ്പെട്ടത്. പതിനായിരങ്ങൾ ജയിലിലായി. കുറേയധികംപേർ ഒളിവിൽക്കഴിഞ്ഞു. അങ്ങനെ ഒരു തട്ടിൻപുറത്ത് ഒളിച്ചുകഴിഞ്ഞ ഒരു കുടുംബത്തിലെ കുട്ടിയാണ് ആൻ ഫ്രാങ്ക്. പിന്നീട് ഈ കുടുംബവും പിടിക്കപ്പെടുകയും ഈ പെൺകുട്ടി ജയിലിൽ കിടന്നുമരിക്കുകയും ചെയ്തു. ആ കഠിനകാലത്ത് ആൻ എഴുതിയ ഓർമയുടെ ഒരു പേജാണിത്.

കൈകൾ രണ്ടും കൂട്ടിത്തിരുമ്മിക്കൊണ്ട് അവർ കടന്നു വരുന്നു. കൈകൾ രണ്ടും കൂട്ടിത്തിരുമ്മിക്കൊണ്ട് അവർ കസേരയിലിരിക്കുന്നു. കൈകൾ രണ്ടും കൂട്ടിത്തിരുമ്മി... കൂട്ടിത്തിരുമ്മി.... കൂട്ടിത്തിരുമ്മി.... ലോകാവസാനം വരെ അവരതു തുടർന്നുകൊണ്ടിരിക്കും എന്ന് എനിക്കു തോന്നി.



മിസ് ബീജെൽ, ഞങ്ങളുടെ ബയോളജി ടീച്ചർ (ബയോളജിയെ പ്രകൃതിശാസ്ത്രം എന്നു വിളിച്ചിരുന്ന ആ കാലം എന്നേ പോയ്മറഞ്ഞിരിക്കുന്നു.)

വലിയ മൂക്കുള്ള ചെറിയ സ്ത്രീ. നീലകലർന്ന നരയൻ കണ്ണുകൾ. നരകയറിയ തലമുടി. ഒരു ചുണ്ടെലിയുടെ, അതല്ലെങ്കിൽ അതുപോലുള്ള മറ്റേതോ ചെറുജീവിയുടെ മുഖം.

ചാർട്ടുകളും ചിത്രങ്ങളും അസ്ഥികൂടമാതൃകയുമായി അറ്റൻഡർ പിന്നാലെത്തന്നെയുണ്ട്. മിസ് ബീജെൽ നെരിപ്പോടിനു പിന്നിലെ ഉയർന്ന തട്ടിലേക്കു നീങ്ങുന്നു.



വര: സചീന്ദ്രൻ കാറഡുക്ക

കൈകൾ തമ്മിൽ കൂട്ടിത്തിരുമ്മുന്നുണ്ട് അപ്പോഴും. ക്ലാസ് ആരംഭിക്കുകയായി. ആദ്യം ഹോം വർക്ക് നോക്കുന്നു. അറിവുള്ളവരാണ് എന്റെയീ ടീച്ചർ. മീൻതൊട്ട് കലമാൻ വരെയുള്ള ഏതു ജന്തുവിനെക്കുറിച്ചും നല്ല നല്ല കഥകൾ പറഞ്ഞു കേൾപ്പിക്കാനറിയും.

അങ്ങനെയിരിക്കെ പെട്ടെന്നതാ അവരുടെ പ്രസംഗം തടസ്സപ്പെടുന്നു. ഒരു കടലാസു ചീട്ട് പറന്നുവന്ന് ഡസ്കിൽ എന്റെ മുമ്പിൽ വീഴുന്നു.

''എന്താണത്?''
മിസ് ബീജെൽ എന്നെ നോക്കി ചോദിക്കുന്നു.

''അറിഞ്ഞുകൂടാ, മിസ് ബീജെൽ.''

''അത് ഇവിടെ കൊണ്ടുവരൂ.''

മടിച്ചുമടിച്ച് എഴുന്നേറ്റ് ഞാൻ അവരെ അനുസരിക്കുന്നു.

''ഇത് ആരെറിഞ്ഞതാണ്?''

''എനിക്കറിഞ്ഞുകൂടാ, മിസ് ബീജെൽ ഞാൻ വായിച്ചു നോക്കിയിട്ടില്ല.''

''ഓ, എങ്കിൽ അതിൽ എന്താണെഴുതിയിരിക്കുന്നതെന്നു വായിച്ചുനോക്കിക്കൊണ്ട് തുടങ്ങാം.''

ചുരുൾ നിവർത്തി എന്റെ മുമ്പിൽ പിടിച്ച് അവരത് ഉറക്കെ വായിക്കാൻ ആവശ്യപ്പെട്ടു. 'കള്ളത്തി' എന്ന ഒരു വാക്കുമാത്രമേ അതിൽ ഉണ്ടായിരുന്നുള്ളൂ. എന്റെ മുഖം ചുവന്നു. മിസ് ബീജെൽ എന്നെ നോക്കി

''അപ്പോൾ ഇത് ആരാണെറിഞ്ഞുതന്നതെന്ന് കുട്ടിക്കറിയാം. ഇല്ലേ ആൻ?''

''ഇല്ല മിസ് എനിക്കറിഞ്ഞുകൂടാ.''

''അതു കള്ളം!''

**തിരിച്ചുവന്ന ശേഷം അദ്ദേഹം പറഞ്ഞത് തുടക്കം തൊട്ട് അവസാനം വരെ താനവരെ മിസ് ബീജെൽ എന്നുവിളിച്ചാണു സംസാരിച്ചതെന്നാണ്. ആൻ ഫ്രാങ്ക് വളരെ നല്ല കുട്ടിയാണെന്ന് അവർ ആവർത്തിച്ചുപറഞ്ഞത്രേ. ഞാൻ എന്നെങ്കിലും കള്ളം പറഞ്ഞതായി അവർ ഓർക്കുന്നേ ഉണ്ടായിരുന്നില്ല. അതാണ് മിസ് ബീജെൽ, ഞങ്ങളുടെ ബയോളജി ടീച്ചർ!**

എന്റെ മുഖം കുറച്ചുകൂടി ചുവന്നു. കണ്ണുകളിൽ തിളക്കവുമായി ഞാനവരെ ഉറ്റുനോക്കിയതല്ലാതെ ഒരക്ഷരം മിണ്ടിയില്ല.

''ഇത് ആരാണെഴുതിയതെന്ന് എനിക്കറിയണം. ആരാണെങ്കിലും കൈ പൊക്കൂ.''

പിൻനിരയിൽ നിന്ന് ഒരു കൈ ഉയർന്നു. സംശയിച്ചതുപോലെ റോബ് കൊഹൻ.

''റോബ് ഇവിടെ വരൂ. എന്തിനാ ഇതെഴുതിയത്?''

റോബിന്റെ നാവു പൊന്തിയില്ല.

''ഇതു നിന്നെക്കുറിച്ചാണെന്ന് നിനക്കറിയാമല്ലോ, ഇല്ലേ ആൻ?''

''അറിയാം മിസ് ബീജെൽ.''

''എങ്കിൽ കഥ മുഴുവൻ കേൾക്കട്ടെ. പറ.''

''അതു മറ്റൊരവസരത്തിലാകാം മിസ് ബീജെൽ. പെട്ടെന്നു പറഞ്ഞു തീർക്കാനാവില്ല.''

''പോരാ. ഈ നിമിഷം ഇവിടെ വച്ചു കേൾക്കണം!

പിന്നെ രക്ഷയില്ലായിരുന്നു. പരീക്ഷയിൽ കള്ളം കാണിച്ചതിന്. എഫ് കിട്ടിയതും തുടർന്നു കൂട്ടുകാരെ ഒറ്റിക്കൊടുത്തതും മറ്റുമായ കാര്യങ്ങൾ വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു.

''ആഹാ, നല്ല രസമായിരിക്കുന്നല്ലോ. റോബ്, അഭിപ്രായം പറയാൻ ക്ലാസു കഴിയുംവരെ നിനക്കു കാത്തിരിക്കാമായിരുന്നില്ലേ? പിന്നെ ആൻ, കടലാസ് ആരെറിഞ്ഞതാണെന്ന് അറിഞ്ഞുകൂടെന്നു നീ പറഞ്ഞത് ഞാൻ വിശ്വസിച്ചിട്ടില്ല കേട്ടോ. ശരി പോയിരിക്കൂ.''

എനിക്ക് നല്ലപോലെ ദേഷ്യം വന്നു. വീട്ടിൽച്ചെന്ന് ഉണ്ടായ സംഭവങ്ങളെല്ലാം വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. പിന്നെ മറ്റൊരവസരത്തിൽ ബീജെലിനെ കാണേണ്ട സാഹചര്യം വന്നപ്പോൾ ഞാൻ അച്ഛനെ പറഞ്ഞയച്ചു.

തിരിച്ചുവന്ന ശേഷം അദ്ദേഹം പറഞ്ഞത് തുടക്കം തൊട്ട് അവസാനം വരെ താനവരെ മിസ് ബീജെൽ എന്നുവിളിച്ചാണു സംസാരിച്ചതെന്നാണ്. ആൻ ഫ്രാങ്ക് വളരെ നല്ല കുട്ടിയാണെന്ന് അവർ ആവർത്തിച്ചുപറഞ്ഞത്രേ. ഞാൻ എന്നെങ്കിലും കള്ളം പറഞ്ഞതായി അവർ ഓർക്കുന്നേ ഉണ്ടായിരുന്നില്ല. അതാണ് മിസ് ബീജെൽ, ഞങ്ങളുടെ ബയോളജിടീച്ചർ!



**"ഒരു രാജ്യത്തെ സ്ത്രീകളുടെ സ്ഥിതി നോക്കിയാൽ ആ രാജ്യത്തിന്റെ അവസ്ഥയെക്കുറിച്ച് പറയാൻ നിങ്ങൾക്കു സാധിക്കും."**




ഫോട്ടോ: Neon at Malayalam Wikipedia

# സ്വദേശാഭിമാനി രാമകൃഷ്ണപിള്ള: തൂലിക പടവാളാക്കിയ പോരാളി

സഫിയ ഒ സി

കേരളപ്പിറവിയുടെ അറുപത്തിയൊന്നാം വാർഷികം ആഘോഷിക്കുമ്പോൾ നാം മറന്നുകൂടാത്ത നിരവധി പേരുകളുണ്ട്. നിരവധി ആളുകളുടെ പ്രയത്നത്തിന്റെ ഫലമായാണ് ആധുനിക കേരളം പിറവിയെടുത്തത്. സാമൂഹ്യ-സാംസ്കാരിക-നവോത്ഥാന നായകരിൽ പ്രധാനിയായിരുന്ന സ്വദേശാഭിമാനി രാമകൃഷ്ണ പിള്ളയെക്കുറിച്ച് കൂടുതൽ അറിയാം നമുക്കീ ലേഖനത്തിലൂടെ.


കേരളപ്പിറവിയുടെ അറുപത്തിയൊന്നാം വാർഷികം ആഘോഷിക്കുമ്പോൾ നാം മറന്നുകൂടാത്ത നിരവധി പേരുകളുണ്ട്. ചരിത്രത്തിൽ നിറഞ്ഞുനിന്നവരും ചരിത്രത്തിൽ നിന്നു മാറ്റി നിർത്തപ്പെട്ടവരുമായ നിരവധി ആളുകളുടെ പ്രയത്നത്തിന്റെ ഫലമായാണ് ആധുനിക കേരളം പിറവിയെടുത്തത്. നമുക്കു മുമ്പേ കടന്നുപോയിട്ടുള്ള ധിഷണാശാലികളും ക്രാന്തദർശികളുമായ നിരവധി സാമൂഹ്യ-സാംസ്കാരിക- നവോത്ഥാന നായകരുടെ പ്രയത്നത്തിന്റെ ഫലമാണ് നമ്മൾ ഇന്നനുഭവിക്കുന്ന നേട്ടങ്ങളെല്ലാം തന്നെ.

കേരളചരിത്രത്തിന്റെ ഏടുകൾ പരിശോധിച്ചാൽ വിസ്മരിക്കാനാവാത്ത ഒരു ദിവസമാണ് 1910 സെപ്തംബർ 26. കേരള ചരിത്രത്തിലെ കറുത്ത ദിവസങ്ങളിൽ ഒന്നായി പിന്നീട് ആ ദിവസം അടയാളപ്പെടുത്തപ്പെട്ടു. എന്തായിരുന്നു ആ ദിവസത്തിന്റെ പ്രത്യേകത? സത്യം, ധർമം, നീതി തുടങ്ങിയവയിൽ അടിയുറച്ചു നിന്നുകൊണ്ട് അനീതിക്കെതിരെ ശക്തമായി പ്രതികരിക്കുകയും ജനാധിപത്യത്തിലും സോഷ്യലിസത്തിലും മതേതരത്വത്തിലും അധിഷ്ഠിതമായ ഒരു ഭരണകൂടത്തിനുവേണ്ടി

തൂലിക പടവാളാക്കുകയും ചെയ്ത സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ തിരുവിതാംകൂർ ഭരണകൂടം നാടുകടത്തിയ ദിവസമാണത്.

തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര കോട്ടയ്ക്കകത്ത് മല്ലപ്പള്ളി എന്ന ഒരു നായർ തറവാട്ടിലാണ് 1878 മേയ് 25 ന് ചക്കിയമ്മയുടെയും നരസിംഹൻപോറ്റിയുടെയും മകനായി രാമകൃഷ്ണപിള്ള ജനിച്ചത്. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ കീഴിലായിരുന്നു അന്ന് തിരുവിതാംകൂർ. മഹാരാജാവായിരുന്നു പരമാധികാരി. അന്നദാതാവായ പൊന്നുതിരുമേനിയായിട്ടാണ് ജനങ്ങൾ രാജാവിനെ കണ്ടിരുന്നത്.

അക്കാലത്ത് പരദേശി ബ്രാഹ്മണരായിരുന്നു തിരുവിതാംകൂർ ദിവാന്മാരായി നിയമിക്കപ്പെട്ടിരുന്നത്. ബ്രിട്ടീഷ് ഗവൺമെന്റിന്റെയും മഹാരാജാവിന്റെയും അദ്ദേഹത്തിന്റെ ആശ്രിതരുടെയും താത്പര്യങ്ങൾ സംരക്ഷിക്കുന്നതിലായിരുന്നു ദിവാന്മാരിൽ ഏറിയ പങ്കും ശ്രദ്ധപതിപ്പിച്ചിരുന്നത്. നാട്ടുകാരുടെ ക്ഷേമം അവരുടെ ലക്ഷ്യമായിരുന്നില്ല. ദിവാനും ഉദ്യോഗസ്ഥവൃന്ദവും കൊട്ടാരസേവകരും കൂടി അഴിമതി, സ്വജനപക്ഷപാതം, കൈക്കൂലി തുടങ്ങിയ ദുർനടപടികളിൽ മുഴുകി.



സ്വദേശാഭിമാനിയുടെ കൈപ്പട

ഇത്തരമൊരു സാമൂഹ്യ പരിതസ്ഥിതിയിലായിരുന്നു രാമകൃഷ്ണപിള്ള തന്റെ കുട്ടിക്കാലം ചിലവഴിച്ചത്. അച്ഛനും അമ്മയും പിരിഞ്ഞു താമസിക്കുന്നതിനാൽ അമ്മാവൻ കേശവപിള്ളയോടൊത്തായിരുന്നു രാമകൃഷ്ണപിള്ളയും അമ്മയും കഴിഞ്ഞിരുന്നത്.

നെയ്യാറ്റിൻകര മലയാള പാഠശാലയിൽ പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയ രാമകൃഷ്ണപിള്ളയുടെ ഹൈസ്കൂൾ വിദ്യാഭ്യാസം നെയ്യാറ്റിൻകര ഇംഗ്ലീഷ് സ്കൂളിലായിരുന്നു. കുട്ടിക്കാലത്തുതന്നെ വായനയിലും എഴുത്തിലും രാമകൃഷ്ണപിള്ള അസാമാന്യപാടവം കാണിച്ചിരുന്നു. ചിത്രകലയിലും തത്പരനായിരുന്നു. കഥകളിഭ്രമവും ഉണ്ടായിരുന്നു. മൂന്നാം ഫോറം വരെ ഇംഗ്ലീഷ് സ്കൂളിൽ പഠിച്ച രാമകൃഷ്ണപിള്ളയ്ക്ക് വർഷാന്ത്യ പരീക്ഷയ്ക്ക് നല്ല മാർക്ക് ലഭിച്ചു. അതോടെ



സ്വദേശാഭിമാനി രാമകൃഷ്ണപിള്ള


കെ. സി. കേശവപിള്ളയുടെ ഡയറി

സ്വദേശാഭിമാനിയെ നാടുകടത്തുന്നു

പ്രസാ: കെ. എൻ. ഗോപാലപിള്ള, എം. എ.

ഡബിൾ പ്രൊമോഷനും കിട്ടി.

തിരുവനന്തപുരം മഹാരാജാസ് കോളജിനോടു ചേർന്നുള്ള ഹൈസ്കൂളിലായിരുന്നു ഇംഗ്ലീഷ് വിദ്യാഭ്യാസം. താമസം അവിടെ അടുത്തുള്ള വീട്ടിലായിരുന്നു. അക്കാലത്ത് ധാരാളം പുസ്തകങ്ങൾ വായിച്ചിരുന്ന രാമകൃഷ്ണപിള്ള അവധിദിവസങ്ങളിൽ നെയ്യാറ്റിൻകരയിലെ വീട്ടിലെത്തി നാട്ടിൽ ചുറ്റിനടന്ന് വാർത്തകൾ ശേഖരിച്ചു പത്രങ്ങൾക്കു കൊടുക്കുമായിരുന്നു.

ഒരുതവണ അങ്ങനെ ശേഖരിച്ച വാർത്ത നെയ്യാറ്റിൻകര മുൻസിഫിന്റെ അഴിമതിയെക്കുറിച്ചുള്ളതായിരുന്നു. 'നെയ്യാറ്റിൻകര കത്ത്' എന്ന പേരിൽ അത് മലയാള മനോരമയിൽ അച്ചടിച്ചുവന്നു. അന്ന് രാമകൃഷ്ണപിള്ളയ്ക്ക് 14 വയസ്സേ ഉണ്ടായിരുന്നുള്ളൂ. വാർത്ത വായിച്ച മുൻസിഫ് ഇതാരാണെന്ന് അന്വേഷിക്കുകയും തന്റെ കോടതിയിൽ വ്യവഹാരം നടത്തുന്ന രാമകൃഷ്ണപിള്ളയുടെ അമ്മാവനെ വിളിപ്പിക്കുകയും ശകാരിക്കുകയും ചെയ്തു. അമ്മാവന്റെ കടുത്ത വഴക്കുകൾ കിട്ടിയിട്ടും രാമകൃഷ്ണപിള്ള 'നെയ്യാറ്റിൻകര കത്ത്' നിർത്തിയില്ല.

മഹാരാജാസ് കോളജിലെ എഫ് എ പഠനകാലത്ത് പത്രപ്രവർത്തനത്തിൽ അതീവ തത്പരനായിരുന്നു രാമകൃഷ്ണപിള്ള. അന്ന് ഇറങ്ങിയിരുന്ന പത്രങ്ങളെല്ലാം വാങ്ങിവായിക്കുകയും ലേഖനങ്ങൾ എഴുതി അയയ്ക്കുകയും ചെയ്യുമായിരുന്നു. അമ്മാവൻ കേശവപിള്ളയ്ക്ക് മരുമകൻ പഠിച്ച് സർക്കാർജോലി നേടണം എന്നായിരുന്നു ആഗ്രഹം. എന്നാൽ രാമകൃഷ്ണപിള്ളയുടെ ജീവിതം മറ്റൊരു ദിശയിലേക്കാണ് ചലിച്ചത്. അക്കാലത്ത് കേരളവർമ വലിയ കോയിത്തമ്പുരാൻ, എ ആർ രാജരാജവർമ എന്നിവരുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന രാമകൃഷ്ണപിള്ള, ഉള്ളൂരും ഒടുവിൽ കുഞ്ഞികൃഷ്ണമേനോനും കൂടെ ച്ചേർന്നു നടത്തിയിരുന്ന 'രാമരാജ' എന്ന പ്രസിദ്ധീകരണത്തിന്റെ സജീവ പ്രവർത്തകനായിരുന്നു.

1899 ൽ തന്റെ ഇരുപത്തിയൊന്നാം വയസ്സിൽ 'കേരള ദർപ്പണം' പത്രത്തിന്റെ പത്രാധിപത്യം രാമകൃഷ്ണപിള്ള ഏറ്റെടുത്തു ഒന്നുകിൽ വീട് അല്ലെങ്കിൽ പത്രം എന്ന നിലപാടിൽ അമ്മാവൻ ഉറച്ചുനിന്നതോടെ രാമകൃഷ്ണപിള്ള വീടുവിട്ടിറങ്ങി. കേരള ദർപ്പണം കേരള വഞ്ചിക, കേരളൻ, മലയാളി തുടങ്ങിയ പത്രങ്ങളിൽ ജോലി ചെയ്തതിനു ശേഷമാണ് രാമകൃഷ്ണപിള്ള  സ്വദേശാഭിമാനിയിൽ എത്തുന്നത്. ജോലിചെയ്ത എല്ലാ പത്രത്തിലും അദ്ദേഹം തൂലികകൊണ്ട് അനീതിക്കെതിരെ പോരാടുകയായിരുന്നു. അതുകൊണ്ടുതന്നെ പത്രമുതലാളിമാരുടെ ഒത്തുതീർപ്പുകൾക്ക് ഒടുവിൽ രാജിവയ്ക്കേണ്ടിവരികയും ചെയ്തു. 'സ്വദേശാഭിമാനിയിൽ രാമകൃഷ്ണപിള്ളയ്ക്ക് സ്വതന്ത്ര പത്രപ്രവർത്തനത്തിനുള്ള എല്ലാ സ്വാതന്ത്ര്യവും പത്രമുടമയായ വക്കം അബ്ദുൾ ഖാദർ നൽകിയിരുന്നു. അതുകൊണ്ടുതന്നെ തിരുവിതാംകൂറിലെ ദിവാൻഭരണത്തിലെ ജനദ്രോഹ നയങ്ങൾക്കെതിരെ, ഉദ്യോഗസ്ഥരുടെ അഴിമതികൾക്കെതിരെ, അന്നത്തെ ദിവാനായിരുന്ന രാജാഗോപാലാചാര്യയുടെ നെറികേടുകൾക്കെതിരെ എല്ലാം അതിരൂക്ഷമായ ഭാഷയിൽ അദ്ദേഹം വിമർശനങ്ങൾ ഉന്നയിച്ചു.

പൊതുജനങ്ങളുടെ പ്രതിനിധിയായിട്ടാണ് രാജാവ് രാജ്യം ഭരിക്കുന്നതെന്നും അതുകൊണ്ട് ഉദ്യോഗസ്ഥരുടെ ചെയ്തികളെ വിമർശിക്കാൻ പൊതുജനങ്ങൾക്ക് അധികാരമുണ്ടെന്നും ഇക്കാര്യത്തിൽ പൊതുജന ജിഹ്വകളായ പത്രങ്ങൾക്ക് പ്രത്യേകം അവകാശം ഉണ്ടെന്നും രാമകൃഷ്ണപിള്ള ഉറച്ചു വിശ്വസിച്ചു. ജനങ്ങൾക്കും പത്രപ്രവർത്തനങ്ങൾക്കും ഉള്ള മൗലികാവകാശങ്ങൾക്കുവേണ്ടിയാണ് അദ്ദേഹം പത്രപ്രവർത്തനം നടത്തിയത്. അതുതന്നെയാണ് ദിവാനെയും ഉദ്യോഗസ്ഥരെയും ചൊടിപ്പിച്ചതും. ഒന്നുകിൽ ഞാൻ അല്ലെങ്കിൽ

രാമകൃഷ്ണപിള്ള രണ്ടിലൊരാളെ തിരുവിതാംകൂറിൽ ഉണ്ടാകാവൂ എന്ന തീരുമാനം എടുത്ത ദിവാൻ, സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ പൊതുജനക്ഷേമം മുൻനിറുത്തി അറസ്റ്റു ചെയ്ത് നാടുകടത്താനും പത്രത്തിന്റെ എല്ലാ പ്രതികളും കണ്ടുകെട്ടാനും ഒരു രാജകീയ വിളംബരം തയ്യാറാക്കി, അതിൽ രാജാവിനെക്കൊണ്ടു നിർബന്ധിച്ച് ഒപ്പുവയ്പ്പിക്കുകയായിരുന്നു. ഈ നടപടിയെ ഒരു കോടതിയിലും ചോദ്യം ചെയ്യാൻ പാടില്ല എന്നുകൂടി അതിൽ എഴുതി ചേർത്തിരുന്നു. അങ്ങനെയാണ് ചരിത്രത്തിലെ ആ കറുത്തദിവസം പിറക്കുന്നത് . 1910 സെപ്തംബർ 26.

പത്രപ്രവർത്തകൻ എന്നതു കൂടാതെ മികച്ച ഗ്രന്ഥകാരനും പുസ്തക പ്രസാധകനുമായിരുന്നു രാമകൃഷ്ണപിള്ള. അദ്ദേഹത്തിന്റെ പേരിൽ ആദ്യം പുറത്തിറങ്ങിയ പുസ്തകം ഭാര്യാധർമമാണ്. തുടർന്ന് കൃഷിശാസ്ത്രം, അങ്കഗണിതം, ബീജഗണിതം, ക്ഷേത്രഗണിത സാധനാപാഠങ്ങൾ തുടങ്ങിയ പുസ്തകങ്ങൾ രചിച്ചു. ലോകോപകാരികൾ എന്ന ജീവചരിത്ര പരമ്പരയിൽ സോക്രട്ടീസ്, ബെഞ്ചമിൻ ഫ്രാങ്ക്ളിൻ, ക്രിസ്റ്റഫർ കൊളംബസ്, കാറൽ മാർക്സ്, മോഹൻദാസ് ഗാന്ധി എന്നിവരുടെ ജീവചരിത്രങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.



ഫോട്ടോ: authorShantham11

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയുടെ അർധകായപ്രതിമ

**പൊതുജനങ്ങളുടെ പ്രതിനിധിയായിട്ടാണ് രാജാവ് രാജ്യം ഭരിക്കുന്നതെന്നും അതുകൊണ്ട് ഉദ്യോഗസ്ഥരുടെ ചെയ്തികളെ വിമർശിക്കാൻ പൊതുജനങ്ങൾക്ക് അധികാരമുണ്ടെന്നും ഇക്കാര്യത്തിൽ പൊതുജന ജിഹ്വകളായ പത്രങ്ങൾക്ക് പ്രത്യേകം അവകാശം ഉണ്ടെന്നും രാമകൃഷ്ണപിള്ള ഉറച്ചു വിശ്വസിച്ചു.**

കാറൽമാർക്സിനെക്കുറിച്ച് ഒരു ഇന്ത്യൻ നാട്ടുഭാഷയിൽ എഴുതുന്ന ആദ്യത്തെ പുസ്തകമാണ് അദ്ദേഹത്തിന്റേത്. പത്രപ്രവർത്തനത്തെക്കുറിച്ച് കേരളത്തിൽ രചിക്കപ്പെട്ടിട്ടുള്ള ആദ്യത്തെ പ്രാമാണിക ഗ്രന്ഥമാണ് രാമകൃഷ്ണപിള്ളയുടെ വൃത്താന്ത പത്രപ്രവർത്തനം.

ബാലസാഹിത്യ ശാഖയില്ലാതിരുന്ന അക്കാലത്ത് കുട്ടികൾക്കുവേണ്ടിയും രാമകൃഷ്ണപിള്ള പുസ്തകങ്ങൾ എഴുതി. വാമനൻ, മന്നന്റെ കന്നത്തം എന്നിവയാണ് അവ. നായന്മാരുടെ സ്ഥിതി, കേരളോത്പത്തി എന്നിവ കൂടാതെ നാടുകടത്തലിനുശേഷം *എന്റെ നാടുകടത്തൽ* എന്ന പേരിൽ മലയാളത്തിലും 'ട്രാവൻകൂർ ഡിപോർട്ടേഷൻ' എന്ന പേരിൽ ഇംഗ്ലീഷിലും അദ്ദേഹം നാടുകടത്തൽ അനുഭവങ്ങൾ എഴുതുകയുണ്ടായി.

നാടുകടത്തലിനുശേഷം മദ്രാസ്, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിലായിരുന്നു അദ്ദേഹം താമസിച്ചത്. പിന്നീടൊരിക്കലും അദ്ദേഹം സ്വദേശത്തേക്ക് തിരിച്ചു വന്നില്ല. ആറുവർഷങ്ങൾക്കു ശേഷം 1916 ൽ ക്ഷയരോഗം മൂർച്ഛിച്ചതിനെ തുടർന്ന് കണ്ണൂരിൽ വച്ച് അദ്ദേഹം മരണപ്പെട്ടു.

സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെക്കുറിച്ച് മകൾ ഗോമതി ഇങ്ങനെ എഴുതി. '' അച്ഛൻ കരുണ യാചിച്ചില്ല. ആരുടെയും കാലിൽ വീണില്ല. നാട്ടിൽ മടങ്ങിച്ചെല്ലാൻ അനുവാദം ചോദിച്ചില്ല. ആർക്കും അച്ഛനെക്കൊണ്ട് പരസ്യമായി ക്ഷമായാചനം ചെയ്യേണ്ടിവന്നില്ല. നല്ല നടത്തയ്ക്ക് ജാമ്യവും വാങ്ങിയില്ല.''

അധികാരി വർഗത്തിന്റെ അനീതികൾക്കും കൊള്ളരുതായ്മകൾക്കും എതിരെ പോരാടിയ ആധുനിക കേരളം കണ്ട ധീരനായ പത്രപ്രവർത്തകനായിരുന്നു സ്വദേശാഭിമാനി രാമകൃഷ്ണപിള്ള. നവകേരള ശിൽപികളുടെ കൂട്ടത്തിൽ എണ്ണപ്പെട്ടതാണ് ആ നാമം. അദ്ദേഹത്തിന്റെ ധീരമായ ഈ വാക്കുകൾ എന്നെങ്കിലും നാം തിരിച്ചറിഞ്ഞ് ആദരിക്കുമോ?

''ഭയകൗടില്യ ലോഭങ്ങൾ
വളർക്കില്ലൊരു നാടിനെ''.

# മനഃപൂർവം മറക്കുന്നത്

റോയ്സൺ പിലാക്കാവ്



ക്ലാസുമുറിയിൽ കുട്ടികൾ കർക്കിടകമഴപോലെ തിമിർത്താടിക്കളിക്കുകയാണ്. ഈ കാഴ്ച ചില്ലലമാരയ്ക്കുള്ളിലിരുന്ന് ലൈബ്രറി പുസ്തകങ്ങൾ കൊതിയോടെ കണ്ടു. ഉള്ളു നിറയെ കഥകളും പാട്ടുകളും ചിത്രങ്ങളും ഉണ്ടായിട്ടെന്താ? ഒരു കുഞ്ഞുപോലും അലമാര തുറന്ന് അന്വേഷിച്ചുവരാറില്ലല്ലോ...! ഓരോ കുട്ടിയും അലമാരയ്ക്കരികെ വരുമ്പോൾ പുസ്തകങ്ങൾ സ്നേഹത്തോടെ ഒന്നുചേർന്ന് വിളിക്കും.

‘‘കുഞ്ഞേ വരൂ... ഞങ്ങൾ കഥകൾ പറഞ്ഞുതരാം. നമുക്കൊന്നിച്ച് പാട്ടുകൾ പാടാം. കാണാത്ത നാടുകളിലെ വിസ്മയങ്ങൾ തുറന്നുതരാം... വരൂ... വരൂ....’’

പക്ഷേ... ഒരിക്കൽപ്പോലും കുഞ്ഞുങ്ങൾ ആ സ്വരം കേട്ടില്ല. അറിഞ്ഞില്ല.

‘‘ അയ്യോ... അതാ... ഒരു... ’’ അരികുഭാഗത്തായിരുന്ന നാടൻ പാട്ടുപുസ്തകം പേടിച്ചുകരയുന്നു. എല്ലാവരും അങ്ങോട്ടേക്കു നോക്കി. അതാ ഒരു പാറ്റ.... കൊതിയോടെ അടിവച്ചടിവച്ച് അരികിലേക്ക്...

പുസ്തകമെല്ലാം ഭയന്ന് അലമാരയ്ക്കകത്തുകൂടെ ഓടാൻ തുടങ്ങി. തിക്കും തിരക്കും കാരണം അലമാര ഒന്നു കുലുങ്ങിയോ?

വര: ബോബി എം പ്രഭ



ഭാഗ്യം. ക്ലാസിലൂടെ ഓടി ക്കളിച്ചുകൊണ്ടിരുന്ന ഒരു കു ട്ടിയുടെ കൈ അലമാരയിൽ തട്ടിയതിനാൽ, ഭയന്നുപോയ പാറ്റ തത്കാലത്തേക്ക് അല മാരവിടവിൽ ഒളിച്ചു.

എപ്പോഴും ഒരു ഭയം പുസ് തകങ്ങളെ ചൂഴ്ന്നുതന്നെ നിന്നു.

ഒരു അവസാന പിരീ ഡിൽ, ക്ലാസിലെ കുട്ടികളെ അടക്കിയിരുത്താൻ ടീച്ചർ പറഞ്ഞു.

''കുട്ടികളേ, നിങ്ങൾക്കു ഞാൻ ലൈബ്രറി പുസ്തക ങ്ങൾ നൽകാൻ പോകുകയാ ണ്. ഇന്ന് വായനാദിനമല്ലേ. നാളെ കീറാതെ തിരികെ കൊണ്ടുവരണം. ഒപ്പം ലൈ ബ്രറിനോട്ടും.''

ടീച്ചർ പിന്നീട് പറഞ്ഞ തൊന്നും അലമാരയിലെ പുസ്തകങ്ങൾ കേട്ടില്ല. സന്തോഷം കൊണ്ടവർ തു ള്ളിച്ചാടുകയായിരുന്നു.

''കടങ്കഥാപുസ്തകത്തി നൊരു സന്ദേഹം. ഇക്കുട്ടി കൾ നമ്മെ കീറി കൊന്നുക ളയുമോ?''

''ഉള്ളിൽ എഴുതപ്പെട്ട തൊക്കെ പറഞ്ഞുകൊടു ക്കുക എന്നതല്ലേടോ നമ്മു ടെ ജന്മനിയോഗം. അതിനി ടയിൽ അങ്ങ് കീറപ്പെട്ടാലെ ന്താ? പാറ്റതിന്നു ചാവുന്നതി ലും ഭേദമല്ലേ...!''

ലേഖനപുസ്തകം ആവേ ശത്തിലാണ്... പുസ്തകങ്ങൾ പരസ്പരം കെട്ടിപ്പിടിച്ച് യാത്ര പറഞ്ഞു.

''നാളെ വീണ്ടും കാണാം. ഓരോ വീടിനെപ്പറ്റിയും പറ യാം. ഓരോ കുഞ്ഞിനെപ്പ റ്റിയും പറയാം.''

ടീച്ചറിന്റെ കൈകളിലൂടെ കുരുന്നു കൈകളിലേക്കായി പുസ്തകങ്ങൾ യാത്രയായി.

സോനുവിന്റെ കൈകളി ലെത്തപ്പെട്ട 'കഥാപുസ്ത കം' തന്റെ പുതിയ കൂട്ടുകാര നെ സ്നേഹത്തോടെ ഒന്നു നോക്കി. പുറംചട്ടയിലെ നിറങ്ങളെ മിന്നിച്ചു.

''എന്നെ സോനുവിന് ഇഷ്ടപ്പെടാതാവുമോ...?'' പുസ്തകം ശങ്കിച്ചു.

സോനു പുസ്തകത്തെ തന്റെ ബാഗിനുള്ളിൽ താഴ് ത്തി സിപ്പ് വലിച്ചു. ഇരുട്ടിൽ നിന്നും ആരൊക്കെയോ തന്നെ തുറിച്ചുനോക്കുന്നു. കഥാപുസ്തകം കണ്ണുതിരു മ്മി നോക്കി. ചുറ്റും ഒരേ നിറ മുള്ള പേപ്പറിൽ പൊതിഞ്ഞ, യൂണിഫോമിട്ട പാഠപുസ്ത കങ്ങൾ...

'എന്തിനാടാ നീ ഇങ്ങോ ട്ടുവന്നത്? ഞങ്ങളെത്തന്നെ വായിച്ച് സോനുവിനു തീരു

**സോനു പുസ്തകത്തെ തന്റെ ബാഗിനുള്ളിൽ താഴ്ത്തി സിപ്പ് വലിച്ചു. ഇരുട്ടിൽ നിന്നും ആരൊക്കെയോ തന്നെ തുറിച്ചു നോക്കുന്നു. കഥാപുസ്തകം കണ്ണുതിരുമ്മി നോക്കി. ചുറ്റും ഒരേ നിറമുള്ള പേപ്പറിൽ പൊതിഞ്ഞ, യൂണിഫോമിട്ട പാഠ പുസ്തകങ്ങൾ...**

ന്നില്ല. പിന്നെയാ...' അവരു ടെ വാക്കിൽ അസ്വസ്ഥത. ബാഗിനുള്ളിൽ കഥാപുസ്ത കം പെട്ടെന്ന് ഒറ്റപ്പെട്ടു.

അതാ ബാഗിന്റെ സിപ്പ് തുറക്കപ്പെടുന്നു. സോനുവി ന്റെ വിരലുകൾ, കഥാപുസ് തകത്തെ മാത്രം പൊക്കിയെ ടുത്തു.

ഹായ് സോനുവിന്റെ വീ ട്... എന്തൊക്കെയാ ഈ വീ ട്ടിൽ. എന്തൊക്കെ രസങ്ങളാ. കാഴ്ചകളൊക്കെ കണ്ടുതുട ങ്ങുന്നതേ ഉണ്ടായിരുന്നുള്ളൂ. അപ്പോഴേക്കുമത് സംഭവിച്ചു. സോനു പുസ്തകത്തെ മുക ളിലേക്ക് ഒറ്റ ഏറ്. വായുവിൽ വട്ടം കറങ്ങി, താളുകൾ കീറി പ്പോകുമെന്നായി. പുസ്തകം ഉറക്കെ നിലവിളിച്ചു.

'ഇങ്ങനെയാണോ വായി ക്കുക. അയ്യോ എനിക്ക് തല ചുറ്റുന്നു...'

സോനു വീണ്ടും വീണ്ടും പുസ്തകത്തെ മുകളിലേ ക്ക് എറിഞ്ഞുകൊണ്ടിരുന്നു. ചിലപ്പോൾ ചൂണ്ടുവിരലിൽ പമ്പരംപോലെ കറക്കി. ബാഗിലെ പുസ്തകങ്ങൾ ഇതുകണ്ട് ഉറക്കെ കൈകൊ ട്ടി ചിരിക്കുന്നു. കഥാപുസ്ത കത്തിന്റെ കണ്ണുകൾ നിറ ഞ്ഞൊഴുകി.

'ഇതിലുംഭേദം അലമാര യിലെ പാറ്റയായിരുന്നു. ഈ അപമാനം ഞാൻ എങ്ങനെ..' അവനുറക്കെയുറക്കെ കരഞ്ഞു. സോനുമാത്രം ആ കരച്ചിൽ കേട്ടതേയില്ല.

കളി മടുത്തപ്പോൾ സോനു, കഥാപുസ്തകത്തെ വലിച്ചെറിഞ്ഞു. തലയടിച്ച് ചെന്നുവീണത് ടി വിയുടെ പീഠത്തിൻ ചുവട്ടിൽ. നില ത്തു കമിഴ്ന്നുകിടന്ന് അവൻ കരഞ്ഞു.

സോനു ടി വി തുറന്നു. കാർട്ടൂൺ കാണാനിരുന്നു. സോനുവിന് കാർട്ടൂൺ കാ ഴ്ചകൾ നൽകിയശേഷം ടി വി കഥാപുസ്തകത്തോടു പുച്ഛത്തിൽ കയർത്തു

'എടാ നിന്നെയാരാ ഇങ്ങോട്ടേക്കു ക്ഷണിച്ചേ? ഇവിടെ സോനുവിനായി കഥ പറയാനും, കാഴ്ച കാ ണിക്കാനും ഞാനുണ്ട്. അതി നുള്ള സൂത്രം എന്റെ കൈ യിലുണ്ട്. നീ നോക്കിക്കോ.'

ടി വി തന്റെ സ്വരം കൂട്ടി.

നിറം കൂട്ടി.

ആ ബഹളത്തിൽ കഥാ പുസ്തകത്തിന്റെ കരച്ചിൽ ആരും കേട്ടില്ല.

കുട്ടി ഉറങ്ങുവോളം പാഠ പുസ്തകങ്ങളും ടി വിയും അവനെ വിടാതെ പിടികൂടു ന്നത് കഥാപുസ്തകം കൊ തിയോടെ നോക്കിനിന്നു.

സോനു ഉറക്കമായപ്പോൾ ടി വി യുടെയും പാഠപുസ്ത കങ്ങളുടെയും കളിയാക്കലി ലും ശകാരത്തിലും അപമാ നിതനായ കഥാപുസ്തകം, വാതിലിന്റെ വിടവിലൂടെ പുറത്തേക്കിറങ്ങി. നിരാശനാ യി നിരത്തിലെ ഇരുളിലൂടെ അവൻ നടന്നു. വഴിവക്കിലെ കെട്ടുപോയ വിളക്കുകാലിനു ചുവട്ടിലിരുന്ന് കരയുമ്പോൾ അവൻ തന്റെ കൂട്ടുകാരെ ഓർത്തു.

അപ്പോഴാണ് ചുറ്റിലും ചില അനക്കങ്ങൾ തേങ്ങലു കൾ അവൻ ശ്രദ്ധിച്ചത്. അ താ അടുത്തുള്ള വീടുകളിൽ നിന്നും അവന്റെ കൂട്ടുകാർ ഇറങ്ങിവരുന്നു. കണ്ണുനീരോ ടെ...

ഒടുവിൽ ഒന്നിച്ചു നാടു വിടാൻതന്നെ അവർ തീരു മാനിച്ചു. തുറക്കാത്ത അല മാരയിലേക്കും വായിക്കാത്ത കുട്ടികൾക്കിടയിലേക്കും ഇനി ഇല്ല. ഒന്നും മിണ്ടാതെ അവർ നടന്നുതുടങ്ങി.

ഇരുളിൽ ഏതോ കൈ കൾ തങ്ങളെ കൂട്ടിപ്പിടി ച്ചതും ഒരു ചാക്കിലിട്ടതും, ഞെട്ടലോടെ അവരറിഞ്ഞു. വീണ്ടും അപകടങ്ങൾ വരി കയാണോ?

ഏറെ നേരം പ്ലാസ്റ്റിക് കുപ്പികൾക്കൊപ്പം ദുർഗന്ധ ത്തിൽ കിടന്നു. അപ്പോൾ കോഴി കൂവി. ആരോ അവ രെ വെളിച്ചത്തിലേക്ക് കുട ഞ്ഞിട്ടു. അവർ ചാടിയെഴു ന്നേറ്റ് ചുറ്റുംനോക്കി. ആകെ വൃത്തിഹീനമായ ഒരിടം. തകർന്ന വീടുകൾ. അഴുക്കു ചാലുകൾ.

ബാലുവിന്റെ ചാക്കിലെ ശേഖരം കാണാൻ തെരുവു കുട്ടികളെല്ലാം ഓടിവന്നു.

പാതികടിച്ച പഴമുണ്ടോ? മാംഗോ ഫ്രൂട്ടിയുണ്ടോ?

'ഇതെന്താ ബാലുവണ്ണാ, പൊത്തകക്കച്ചവടം തൊ ടങ്ങിയോ?'

'വഴീക്കെടന്നു കിട്ടിയതാ. ഇതുവിറ്റാൽ നാല് പൊറോട്ട യ്ക്കുള്ളതായി.''

ബാലു കുപ്പികളും പ്ലാസ്റ്റിക്കു കളും തരം തിരിക്കുന്നതിനി ടയിൽ പറഞ്ഞു.

''ഹായ് എന്തുരസാ ഈ പടങ്ങള് കാണാൻ! എന്തൊ രു മിനുസാ അണ്ണാ!...''

രമക്കുട്ടിയുടെ അഴുക്കുവി രലുകൾ നീണ്ടുവന്നപ്പോൾ പുസ്തകങ്ങൾ ഭയന്നു പിന്നോട്ടുമാറി. അവൾ ഒരു പുസ്തകമെടുത്തു മറിച്ചു നോക്കി. മണത്തുനോക്കി.

''അണ്ണാ... ഒന്നിത് വാ യിച്ച് തര്വോ? നിക്ക് വായി ക്കാൻ അറിയൂല.''

ബാലുവിന് വായിക്കാന റിയാം. അവനൊരു മര പ്പെട്ടിക്കു മുകളിലിരുന്ന് വല്യആളെപ്പോലെ വായന തുടങ്ങി.

''ഒരിടത്തൊരിടത്തൊ രു...'' ജീവിതത്തിൽ ആദ്യ മായി ഇതാ ഒരാൾ തന്നെ വായിക്കുന്നു. പുസ്തകത്തി നു സന്തോഷമായി. തപ്പിത്ത ടഞ്ഞുവായിക്കുന്ന ബാലു വിനു മുന്നിൽ പുസ്തകം, തന്റെ ഹൃദയം തുറന്നുവച്ചു. കഥകളും പാട്ടുകളും അവിട മാകെ ഒഴുകി. കഥകൾ കേട്ട് തെരുവുകുട്ടികൾ രസിച്ചു. ചിരിച്ചു. കരഞ്ഞു. ചിന്തിച്ചു. അക്ഷരമഴയിൽ നനഞ്ഞു

''അണ്ണാ ഈ പൊത്തക ങ്ങൾ വിൽക്കണ്ട. എന്നും ക ഥയും കവിതയും വായിക്കാ ലോ? ചിത്രം നോക്കാലോ, എനിക്ക് പൊറോട്ട വേണ്ട. കഥമതി.''

പുസ്തകങ്ങളപ്പോൾ നന്ദി നിറഞ്ഞ നിറകണ്ണാൽ രമക്കുട്ടിയെ നോക്കി.

ഇപ്പോൾ പുസ്തകങ്ങ ളെല്ലാം ഒരു മുഷിഞ്ഞ കാർഡ്ബോർഡു പെട്ടിയി ലാണ്. എങ്കിലുമവർക്ക് ജീ വിതം സുന്ദരമായി അനുഭവ പ്പെട്ടു.

എന്നും വൈകുന്നേരം, പാട്ടയും പ്ലാസ്റ്റിക്കും പെറു ക്കിവന്നാൽ, തെരുവുകുട്ടി കൾ പുസ്തകം തേടിയെ ത്തുമെന്ന് അവൾക്കറിയാം. കഥകളായി, പാട്ടുകളായി, കാര്യങ്ങളായി... ഇരുളുന്നത റിയില്ല.

ഇപ്പോൾ കുട്ടികൾക്ക് കുറേ പാട്ടുകൾ അറിയാം. ചിലരൊക്കെ സ്വയം വായി ക്കാനുള്ള ശ്രമം തുടങ്ങിയി രിക്കുന്നു. കഥകൾ പറയാനാ യിരിക്കുന്നു. നഖം കടി ക്കുന്ന ശീലം രമ നിർത്തി. ശുദ്ധജലം മാത്രം കുടിക്കാൻ മീന ശ്രദ്ധിച്ചു. നുണ പറയാ തിരിക്കാനും, മോഷ്ടിക്കാതി

**ഒടുവിൽ ഒന്നിച്ചു നാടുവിടാൻതന്നെ അവർ തീരുമാനിച്ചു. തുറക്കാത്ത അലമാരയിലേക്കും വായിക്കാത്ത കുട്ടികൾക്കിട യിലേക്കും ഇനി ഇല്ല. ഒന്നും മിണ്ടാതെ അവർ നടന്നുതുടങ്ങി. ഇരുളിൽ ഏതോ കൈകൾ തങ്ങളെ കൂട്ടിപ്പിടിച്ചതും ഒരു ചാക്കിലിട്ടതും, ഞെട്ടലോടെ അവരറിഞ്ഞു. വീണ്ടും അപകട ങ്ങൾ വരികയാണോ?**

രിക്കാനും അവർ ശീലിച്ചു. പുസ്തകങ്ങൾ പറഞ്ഞതനുസരിച്ച് അവർ ചേരിയിൽ മരങ്ങൾ നട്ടു. എന്നും കുളിച്ചു. പുസ്തകങ്ങളുമായുള്ള ചങ്ങാത്തം തെരുവു കുട്ടികളിൽ അവരറിയാതെ മാറ്റങ്ങൾ സൃഷ്ടിക്കുകയായിരുന്നു.

പണിക്കു പോകുമ്പോഴും ബാലു ഓരോ പുസ്തകം വീതം കൂടെ കൊണ്ടുപോകും. ഒഴിവു സമയത്തു വായിക്കാനാ.

അന്ന് നഗരത്തിലെ ടൗൺഹാളിൽ നിറയെ ആളും ബഹളവും കണ്ടാണ് ബാലുവും കഥാപുസ്തകവും അങ്ങോട്ടു ചെന്നത്. ആളുകൂടുന്നിടത്ത് പ്ലാസ്റ്റിക് മാലിന്യങ്ങൾ പെരുകും. ഇന്നത്തേക്കു കോളായി. അവിടെ തോരണങ്ങൾ. ഉച്ചഭാഷിണിയിലൂടെ ഗാനങ്ങൾ... ക്യാമറകളും വെളിച്ചവുമായി കുറേപ്പേർ. 'കഥപറയൽ മത്സരം' എന്നൊരു ബോർഡ് നിറങ്ങൾ വാരിച്ചൂടി നിൽക്കുന്നു. ഒരു ചില്ലുപെട്ടിയിൽ തിളങ്ങുന്ന ട്രോഫിയും സമ്മാനത്തുകയും! എല്ലാ കണ്ണുകളും ട്രോഫിയിലാണ്.

ഏതു മിടുക്കി, ഏതു മിടുക്കൻ ഇതു നേടും...?

കഥാപുസ്തകം, ബാലുവിനെ തോണ്ടി, അതു കാണിച്ചുകൊടുത്തു.

അവിടെ ബോർഡിൽ ഇങ്ങനെയെഴുതിയിരിക്കുന്നു.

''കഥപറയൽ മത്സരത്തിൽ ആർക്കും പങ്കെടുക്കാം.''

''ബാലു നിനക്ക് എത്ര കഥകൾ ഞാൻ പറഞ്ഞു തന്നിരിക്കുന്നു. നീയും മത്സരിക്കണം.''

''അയ്യോ വേണ്ട. എനിക്ക് പേടിയാ. ഇവരൊക്കെ വലിയവരാ.''

ബാലു അതിശയത്തോടെ പുസ്തകത്തെ നോക്കി

''ഇല്ല ബാലൂ... നിനക്കതിനാവും. എന്നും വൈകുന്നേരം കൂട്ടുകാർക്ക് നീ എന്റെ കഥ പറഞ്ഞുകൊടുക്കാറില്ലേ. അങ്ങനെയങ്ങ് പറഞ്ഞാമതി.''

പുസ്തകം വിടുന്ന മട്ടില്ല. വായിച്ച പുസ്തകങ്ങളിലെ ആത്മവിശ്വാസക്കഥകൾ അവൻ ബാലുവിനെ ഓർമിപ്പിച്ചു. പുസ്തകമവനെ ഉന്തിത്തള്ളി മുന്നോട്ടേക്ക്...

തിരക്കിനിടയിൽ സംഘാ





ടകരിലാരോ ബാലുവിന്റെ പേരു ചേർക്കുകയുണ്ടായി. പുസ്തകം ബാലുവിനെ ഉന്തി സംഘാടകന്റെ മുന്നിലെത്തിക്കുകയായിരുന്നു.

''എന്താ നിന്റെ പേര്?''

''ബ...ബാലു.''

അങ്ങനെ ബാലു മത്സരാർഥിയായി. പേടിച്ച് അന്ധാളിച്ചു നിൽക്കുന്ന ബാലുവിന്റെ കാതിൽ പുസ്തകം കഥകൾ ഓർമിപ്പിച്ചുകൊണ്ടിരുന്നു. അപ്പോഴാണ് കഥാപുസ്തകം സോനുവിനെ കണ്ടത്. അവൻ കഥ പറഞ്ഞുപഠിക്കുകയാണ്. അവന്റെ അച്ഛൻ ഒരു മൊബൈലിൽ നിന്നും കഥ കേൾപ്പിക്കുന്നു. അവനെന്നെ തിരിച്ചറിയുമോ? തിരിച്ചറിഞ്ഞാൽ...?



പുസ്തകം ഭയത്തോടെ ബാലുവിനു പിന്നിലൊളിച്ചു. മത്സരമാരംഭിച്ചു. കുട്ടികൾ ഓരോരുത്തരായി രക്ഷിതാക്കൾക്കൊപ്പം വന്ന് കഥ പറയുന്നു. ചിലർ കഥ മറന്നുപോയി. ചിലർ നോക്കി വായിച്ച് ഒപ്പിച്ചു. കഥ മറന്നവർ വിയർത്തു. കരഞ്ഞു. സോനു കഥ മറന്നു വിളർത്തതുകണ്ട് പുസ്തകത്തിനു ചിരിവന്നു.

ബാലുവിന്റെ ഊഴമായി. ബാലുവിന് തൊണ്ട വരണ്ടു. സ്വരമിടറി. പുസ്തകം ഒപ്പം നിന്ന് ബലം കൊടുത്തുകൊണ്ടേയിരുന്നു.

''ബാലൂ... നിനക്കതിനാവും...ഇവരെയൊന്നും നീ കാര്യമാക്കരുത്. ഇതു നമ്മുടെ ചേരിപ്പറമ്പാ മുന്നിൽ നിന്റെ കൂട്ടുകാരാ...ഉള്ളിൽ എന്റെ കഥയാ...''

പുസ്തകത്തിന്റെ വാക്കുകൾ കേട്ട ബാലുവിന് ധൈര്യമായി. അവൻ കഥ പറഞ്ഞുതുടങ്ങി...

''ഒരിടത്തൊരിടത്തൊരു രാജകുമാരൻ ഉണ്ടായിരുന്നു...''

കഥ അതിന്റെ എല്ലാ സൗന്ദര്യത്തോടും കൂടി ആ വേദിയിൽ പെയ്തിറങ്ങി. സദസ്യർ അതിൽ നനഞ്ഞ് നിശ്ചലരായി. കഥ തീർന്നപ്പോൾ ചുറ്റും കരഘോഷം. ഒടുവിൽ ഒന്നാം സമ്മാനവും ബാലുവിന്.

തെരുവിന്റെ ബാലൻ, സമൂഹമധ്യത്തിൽ അംഗീകരിക്കപ്പെടുന്നതുകണ്ട് കഥാപുസ്തകം ആനന്ദം പൂണ്ടു.

പ്രിയപ്പെട്ട പുസ്തകത്തെ നെഞ്ചോടുചേർത്ത് നിറമിഴികളോടെ ബാലു മന്ത്രിച്ചു.

'എന്റെ കൂട്ടുകാരാ...'

സംഘാടകർ അത്ഭുതത്തോടെ ബാലുവിനെ നോക്കി. കീറിയ ഉടുപ്പിട്ട ഈ തെരുവുബാലൻ എന്തു മിടുക്കനാണ്. അവനോടവർ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. നാലാംക്ലാസുവരെ മാത്രമേ പഠിച്ചിട്ടുള്ളൂവെന്നും തുടർന്നു പഠിക്കാൻ ഗതിയില്ലായിരുന്നെന്നും ബാലു പറഞ്ഞപ്പോൾ സംഘാടകർ ചോദിച്ചു.

''കുട്ടിക്ക് തുടർന്നുപഠിക്കാൻ ഇഷ്ടമാണോ?''

''തീർച്ചയായും പക്ഷേ ഞാനെങ്ങനെ ജീവിക്കും?''

''അത് ഞങ്ങൾ നോക്കിക്കൊള്ളാം''

ബാലു ചിന്തിച്ചു.

'അപ്പോൾ എന്റെ കൂട്ടുകാരോ? അവരെയും പഠിപ്പിക്കണ്ടേ?'

സംഘാടകർ ചോദിച്ചു.

''എന്താകുട്ടി മറുപടി പറയാത്തത്?'' ബാലു കാര്യം പറഞ്ഞപ്പോൾ അവർ ചിരിച്ചു.

''അവരും പഠിക്കട്ടെ. സർക്കാർസ്കൂളിൽ യൂണിഫോം കിട്ടും. പുസ്തകങ്ങളും കിട്ടും. പോരെങ്കിലോ ഉച്ചയൂണുമുണ്ട്. നിങ്ങളെല്ലാവരും പഠിച്ചു മിടുക്കരാവണം.''

അങ്ങനെ പുസ്തകങ്ങളുടെ ആ കൂട്ടുകാർ സ്കൂൾകുട്ടികളായി മാറി. പുതിയ ഉടുപ്പും പുസ്തകങ്ങളുമായി ബാലുവിന്റെ നേതൃത്വത്തിൽ രമക്കുട്ടിയും കൂട്ടുകാരും സ്കൂളിലേക്കു തിരിച്ചപ്പോൾ ബാലുവിന്റെ പ്രിയപ്പെട്ട കഥാപുസ്തകം അവന്റെ സഞ്ചിയിൽ സന്തോഷത്തോടെ കിടന്ന് അവരെ അനുഗ്രഹിക്കുകയായിരുന്നു. നന്നായിവരട്ടെ.

# മാന്ത്രികചതുരം

**പള്ളിയറ ശ്രീധരൻ**

നാല് വരിയും നാല് നിരയുമുള്ള ഒരു മാന്ത്രിക ചതുരത്തിൽ സാധാരണ 16 കള്ളികളും 16 സംഖ്യകളും ഉണ്ടായിരിക്കും. വരിയിലും നിരയിലും കോണോടുകോണുമുള്ള സംഖ്യകളുടെ തുക തുല്യമായിരിക്കും.

ചില പ്രത്യേക ഇനം മാന്ത്രികചതുരത്തിന് ഇങ്ങനെ 16 കള്ളികളും 16 സംഖ്യകളും ഉണ്ടാവണമെന്നില്ല. താഴെ കൊടുത്തിരിക്കുന്ന ചതുരം ശ്രദ്ധിക്കുക. നാലു മൂലകളിൽ 1, 2, 3, 4 എന്നീസംഖ്യകൾ ചേർത്തിരിക്കുന്നു. ഇനി 5 മുതൽ 12 വരെ സംഖ്യകൾ മററു കള്ളികളിൽ പൂരിപ്പിക്കുക. വരിയിലും നിരയിലുമുള്ള സംഖ്യകളുടെ തുക തുല്യമായിരിക്കണം. ശ്രമിച്ചു നോക്കൂ.

| | | | |
|---|---|---|---|
| 1 | | | 2 |
| | | | |
| | | | |
| 4 | | | 3 |

*(ഉത്തരങ്ങൾ പേജ് 44-ൽ)*

palliyarasreedharan@gmail.com



കുട്ടിക്കവിത

# നല്ലത്

**പാർപ്പാകോട് വിക്രമൻ**

കണ്ണുകൾ രണ്ടുണ്ടതുകൊണ്ട്
കാണുക നല്ലതു മാത്രം നാം.
കാതുകൾ രണ്ടുണ്ടതുകൊണ്ട്
കേൾക്കുക നല്ലതു മാത്രം നാം.
കൈയുകൾ രണ്ടുണ്ടതു കൊണ്ട്
ചെയ്യുക നല്ലതു മാത്രം നാം.
നല്ലൊരു നാവുണ്ടതുകൊണ്ട്
ചൊല്ലുക നല്ലതു മാത്രം നാം.



വര: ആശ ആർ





# രാജ്യസ്നേഹിയായ ഹോക്കിമാന്ത്രികൻ

**സനിൽ പി തോമസ്**

ആഗസ്റ്റ് 29 - ഇന്ത്യ ദേശീയ സ്പോർട്സ് ദിനമായി ആചരിക്കുന്നു. നമ്മുടെ കായികതാരങ്ങൾക്കുള്ള ദേശീയബഹുമതികൾ രാഷ്ട്രപതി സമ്മാനിക്കുന്നത് അന്നാണ്. എന്താണ് ഈ ദിവസത്തിന്റെ പ്രത്യേകത? ഹോക്കി മാന്ത്രികൻ ധ്യാൻ ചന്ദിന്റെ ജന്മദിനമാണ് അന്ന്. ധ്യാൻ ചന്ദിനെക്കുറിച്ച് കൂടുതൽ അറിയാം ഈ ലേഖനത്തിലൂടെ.

അന്ന് ആ ബാലന് പതിനഞ്ചുവയസ്സായിരുന്നു. പട്ടാളക്കാരനായിരുന്ന പിതാവിന് ജോലി സംബന്ധമായി ഝാൻസിയിലേക്കുള്ള സ്ഥലംമാറ്റം ലഭിച്ചത് അപ്പോഴായിരുന്നു. പട്ടാള ടീമുകളുടെ ഹോക്കി മത്സരം നടക്കുന്നിടത്തേക്ക് പിതാവ് മകനെയും കൂട്ടിപ്പോയി. രണ്ടുഗോളിന് പിന്നിട്ടുനിൽക്കുന്ന ടീമിനോട് ആ ബാലന് വല്ലാത്ത അനുകമ്പ തോന്നി. തന്നെ കളിക്കാൻ ഇറക്കിയാൽ ആ ടീമിനെ താൻ ജയിപ്പിക്കാമെന്നവൻ പിതാവിനോടു പറഞ്ഞു. ഇതു കേട്ട പിതാവിന് ദേഷ്യമാണുണ്ടായത്. മിണ്ടാതിരുന്ന് കളികാണാൻ പിതാവ് നിർദേശിച്ചു. എന്നാൽ ബ്രിട്ടീഷുകാരനായ ഒരു പട്ടാള ഓഫീസർ ആ ബാലന്റെ വാക്കുകൾ കേൾക്കാനിടയായി. ആ വാക്കുകളിൽ എന്തോ പ്രത്യേകത തോന്നിയ അദ്ദേഹം അവനെ കളിക്കളത്തിൽ ഇറക്കുവാൻ തീരുമാനിക്കുകയായിരുന്നു. തോൽവി ഉറപ്പായിരുന്ന ടീമിലെ ഒരാളെ പിൻവലിക്കുകയും പകരം ആ ബാലനെ കോർട്ടിൽ ഇറക്കുകയും ചെയ്തു. പിന്നെ കണ്ടത് ഹോക്കികോർട്ടിൽ ഒരു മാന്ത്രികക്കുതിപ്പായിരുന്നു. കളിയുടെ ഗതിമാറ്റിയ ആ ബാലൻ രണ്ടുഗോളിനു പിന്നിട്ടു നിന്ന ആ ടീമിനെ വിജയത്തിലേക്കു നയിച്ചു.

ആരായിരുന്നു ഈ ബാലനെന്ന് അറിയാമോ? ലോകം കണ്ടതിലേക്കും മികച്ച ഹോക്കിതാരമായിരുന്ന ധ്യാൻ ചന്ദ്. ബോക്സിങ്ങിൽ മുഹമ്മദ് അലിക്കും ഫുട്ബോളിൽ പെലെക്കും ക്രിക്കറ്റിൽ ബ്രാഡ്മാനും തുല്യൻ. ഇന്ത്യയുടെ ഒളിംപിക് ഹോക്കി ടീം നായകനായിരുന്നു. മൂന്നുതവണ ഇന്ത്യ ഒളിംപിക് ഹോക്കിയിൽ സ്വർണം നേടിയപ്പോൾ നമ്മുടെ വിജയശില്പിയായിരുന്നു ഈ ഇതിഹാസതാരം.

ധ്യാനിനു ബാല്യത്തിൽ ഗുസ്തിയോടായിരുന്നു താത്പര്യം. പിന്നെ തടി ചെത്തിയുണ്ടാക്കിയ ഹോക്കി സ്റ്റിക്കും പഴന്തുണി കെട്ടിയെടുത്ത പന്തുമായി ഈ ബാലൻ ഹോക്കി കളിച്ചുതുടങ്ങി. പട്ടാളക്കാരനായിരുന്ന സുമേഷ്മാർദത്ത് ആയിരുന്നു

പിതാവ്. ഝാൻസിയിലായിരുന്നു താമസം.

പതിനഞ്ചാം വയസ്സിൽ ഒരു ടീമിനെ വിജയിപ്പിച്ച ധ്യാൻ ചന്ദ് താമസിയാതെ ആർമിയുടെ ബച്ചാ പ്ലാറ്റൂണിൽ (കുട്ടിപ്പട്ടാളം) ചേർന്നു. 1925 ൽ പഞ്ചാബ് ഇന്ത്യൻ ഇൻഫൻട്രി ഹോക്കി ടൂർണമെന്റിന്റെ ഫൈനലിൽ അവസാന നാലു മിനിറ്റിൽ മൂന്നു ഗോൾ നേടി ധ്യാൻ ടീമിനെ ജയിപ്പിച്ചു. 'ചന്ദ്' എന്ന പേർ കൗമാര ടീമിലെ സഹകളിക്കാർ സമ്മാനിച്ചതാണ്. 'ചന്ദ്രനെപ്പോലെ തിളങ്ങുന്ന താരം' എന്ന് അർഥം.

ഒളിംപിക്സിലെ ഇന്ത്യയുടെ പ്രകടനം കണ്ട അമേരിക്കക്കാർ നടുങ്ങി. 'വളഞ്ഞ വടിയുമായി ഇന്ത്യയിൽ നിന്നൊരു മാന്ത്രികൻ' എന്ന് അമേരിക്കൻ പത്രങ്ങൾ എഴുതി. കളിച്ചു ജയിച്ചുവേണം മെഡൽ നേടാൻ എന്നു വിശ്വസിച്ച ധ്യാൻ ചന്ദിനോട് പത്മഭൂഷൺ ബഹുമതി സമ്മാനിച്ചുകൊണ്ട് അന്നത്തെ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു പറഞ്ഞു.

''ദാദാ, താങ്കൾക്ക് ഒട്ടേറെ മെഡലുകൾ ഉണ്ടല്ലോ. എനിക്കൊരെണ്ണം തരാൻ ദയവുണ്ടാകണം. അതെന്റെ നെഞ്ചിൽച്ചേർത്ത് ഞാനൊരു സ്പോർട്സ്മാനെപ്പോലെ നടക്കട്ടെ.''

ഏറെ വിനയത്തോടെ ധ്യാൻ ചന്ദ് പറഞ്ഞു.

''പണ്ഡിറ്റ്ജീ, അങ്ങയുടെ നെഞ്ചിൽ റോസാപ്പൂവേ ചേരുകയുള്ളൂ.''

തികഞ്ഞ സ്പോർട്സ് പ്രേമിയായ പണ്ഡിറ്റ് നെഹ്റു മെഡൽ ചോദിച്ചപ്പോൾ വിനയപൂർവം നിരസിക്കുവാൻ ധ്യാൻ ചന്ദിനല്ലാതെ അധികമാർക്കും കഴിയില്ല.

സാമ്പത്തികമായി ഏറെ ബുദ്ധിമുട്ടിയാണ് ധ്യാൻ ചന്ദ് വളർന്നത്. സാക്ഷാൽ



ധ്യാൻ ചന്ദിന്റെ സ്മരണയ്ക്കായി ഇറക്കിയ സ്റ്റാമ്പ്

അഡോൾഫ് ഹിറ്റ്ലർ ജർമനിയിലേക്കു ക്ഷണിച്ചപ്പോൾ രാജ്യസ്നേഹിയായിരുന്ന ധ്യാൻ ചന്ദ് അതു നിരസിച്ചു.

കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ട അവസരത്തിലാണു ധ്യാൻ ചന്ദി




ഒളിംപിക്സിൽ ധ്യാൻ ചന്ദിന്റെ വിജയക്കുതിപ്പ്

നെ വലിയ ശമ്പളത്തിൽ ഓസ്ട്രേലിയ കോച്ചായി ക്ഷണിച്ചത്. പക്ഷേ ധ്യാൻ ചന്ദ് പോയില്ല. കാരണം തിരക്കിയവരോട് അദ്ദേഹം പറഞ്ഞു.

''പണമല്ല പ്രധാനം. എന്റെ പരിശീലനത്തിൽ ഓസ്ട്രേലിയ ഇന്ത്യയെ തോൽപ്പിക്കുന്നതു കാണാൻ താത്പര്യമില്ല.''

ഇന്നത്തെ സ്പോർട്സ് താരങ്ങളിൽ എത്രപേർ ഇങ്ങനെ പറയും?

ധ്യാൻ ചന്ദിന്റെ സഹോദരൻ രൂപ്സിങ്ങും മകൻ അശോക് കുമാറും ഒളിംപിക് ഹോക്കി താരങ്ങളായിരുന്നു. അശോക് ഇന്ത്യൻ ക്യാപ്റ്റനുമായി. രണ്ടു മക്കൾ ദേവേന്ദ്രസിങ്ങും വീരേന്ദ്രസിങ്ങും ഇന്ത്യൻ ടീമിൽ കളിച്ചു. പുത്രി ആശയുടെ മകൾ നെഹയും ഇന്ത്യൻ വനിതാ ഹോക്കിടീമിലെത്തി. ഹോക്കിമാന്ത്രികൻ ഒടുവിൽ അർബുദ രോഗത്തിനു കീഴടങ്ങി. 1979 ഡിസംബർ മൂന്നിനായിരുന്നു അന്ത്യം. അദ്ദേഹത്തിന്റെ സ്മരണയ്ക്ക് ദേശീയ സ്പോർട്സ് അവാർഡ് ഉണ്ട്. 1980 ൽ തപാൽ സ്റ്റാമ്പും ഇറക്കി. 1995 ൽ ന്യൂഡൽഹി നാഷണൽ സ്റ്റേഡിയത്തിൽ അദ്ദേഹത്തിന്റെ പ്രതിമയും സ്ഥാപിച്ചു.





കടപയാദി
## ഉത്തരങ്ങൾ

| | | | |
|---|---|---|---|
| 1 | 7 | 12 | 2 |
| 11 | | | 8 |
| 6 | | | 9 |
| 4 | 10 | 5 | 3 |

| | | | |
|---|---|---|---|
| 1 | 12 | 7 | 2 |
| 8 | | | 6 |
| 9 | | | 11 |
| 4 | 5 | 10 | 3 |







**പച്ചത്തേങ്ങയിൽ നിന്നും നേരിട്ട് ഉത്പാദിപ്പിക്കുന്നത്.**

**ജീവകങ്ങൾ, ധാതുക്കൾ, ആന്റി ഓക്സിഡന്റുകൾ, രോഗ പ്രതിരോധ ശേഷി നൽകുന്ന ലോറിക് ആസിഡ് എന്നിവയാൽ സമ്പുഷ്ടം.**

കുഞ്ഞുങ്ങളുടെ ലോല ചർമ്മത്തിന് അനുയോജ്യമായ വെർജിൻ ഓയിൽ ഉന്മേഷവും ഉണർവും നൽകുന്നു.

തലമുടിയുടെ ആരോഗ്യവും കരുത്തും വർദ്ധിപ്പിക്കുന്നു.

അണുബാധകളെ ചെറുത്തു നിർത്തി ത്വക്ക് രോഗങ്ങളിൽ നിന്നും ചർമ്മത്തെ സംരംക്ഷിക്കുന്നു.




नारियल विकास बोर्ड
(कृषि एवं किसान कल्याण मंत्रालय, भारत सरकार)
**Coconut Development Board**
[MINISTRY OF AGRICULTURE,
& FARMER'S WELFARE GOVERNMENT OF INDIA]
Kera bhavan, SRV Road, Kochi - 682 011. India
www.coconutboard.gov.in

# പ്രിയോരച്ചനും പ്രിയോർ മാമ്പഴവും

**ജോസഫ് പനയ്ക്കൽ**



മാമ്പഴക്കാലം മനോഹരം. മാർച്ച്-ഏപ്രിൽ മാസങ്ങളിലാണ് മാമ്പഴങ്ങൾ മഞ്ഞയും ചുവപ്പും നിറപ്പൊലിമയോടെ തെരുവോരക്കടകളിൽ പ്രത്യക്ഷപ്പെടുന്നത്. അവ നമ്മുടെ കണ്ണുകളെയും മനസ്സിനെയും ആഹ്ലാദിപ്പിക്കുന്നു. കുട്ടികൾക്കുമാത്രമല്ല, പ്രായഭേദമന്യേ ഏവർക്കും ഇഷ്ടമാണ് മാമ്പഴങ്ങൾ.

മൽഗോവ, പ്രിയോർ, സേലം, അൽഫോൺസ, നീലം, ചന്ദ്രക്കാരൻ, കർപ്പൂരമാമ്പഴം, ചക്കരമാമ്പഴം, ഗുണ്ടു, തത്തച്ചുണ്ടൻ, ചുങ്കിരി, കൊട്ടൂർക്കോണം, ഹിമാർപസന്ത്, കാലാർപാനി, പള്ളിയാൻ, മൂവാണ്ടൻ തുടങ്ങിയ രണ്ടായിരത്തിൽപ്പരം ഇനം മാവുകൾ ലോകത്തുണ്ടത്രെ. ചെറുതും വലുതുമായി പല വലിപ്പത്തിലും ചെറുചെറു ആകൃതിഭേദങ്ങളോടെ, അനേകം നിറങ്ങളിൽ, രുചിയിലും മണത്തിലും വൈവിധ്യമാർന്ന മാമ്പഴയിനങ്ങൾ.

ലാറ്റിനമേരിക്ക, ആഫ്രിക്ക, ഇന്ത്യ തുടങ്ങിയ ഉഷ്ണമേഖലാ രാജ്യങ്ങളിലാണ് മാവുകൾ ധാരാളമുള്ളത്.

മധുരവും മണവും സ്വാദുമുള്ള മാമ്പഴയിനങ്ങൾ നൂറുക്കണക്കിനു കേരളത്തിലുണ്ടെങ്കിലും സാധാരണക്കാർക്ക് ഏറെ പ്രിയങ്കരമായ ഒരിനമാണ് പ്രിയോർ മാമ്പഴം. അതിന്റെ സ്വാദിനും നറുമണത്തിനുമുള്ള സവിശേഷത ഒന്നുവേറെ തന്നെ. ആകൃതിക്കുമുണ്ട് അന്യാദൃശ്യമായ ഒരു ലാളിത്യഭംഗി. അതിന്റെ ഗുണങ്ങൾക്ക് ഒരു വിശുദ്ധിയുടെ പരിവേഷമുണ്ടെന്നു വേണമെങ്കിൽ പറയാം.

പ്രിയമൂറുന്ന മാമ്പഴം ആയതുകൊണ്ടാകാം അതിനു പ്രിയോർ എന്നുപേരുണ്ടായത്. എന്നാൽ മറ്റൊരു ഐതിഹ്യം ആ പേരിനുണ്ട്. ഇന്ത്യയിൽനിന്ന് ആദ്യമായി വിശുദ്ധൻ എന്ന പദവിയിലേക്ക് ഉയർത്തപ്പെട്ട പ്രിയോർ ചാവറയച്ചനുമായി ബന്ധപ്പെട്ടാണ് ആ മാമ്പഴത്തിന് പ്രിയോർ മാമ്പഴം എന്നു പേരുവന്നതത്രെ!

ആരായിരുന്നു പ്രിയോർ ചാവറയച്ചൻ എന്നറിയേണ്ടതുണ്ട്. 19-ാം നൂറ്റാണ്ടിന്റെ മധ്യകാലഘട്ടത്തിൽ തിരുവിതാംകൂറിൽ സാധാരണ ജനങ്ങളുടെ സാമൂഹിക പുരോഗതിക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ച ഒരു കത്തോലിക്ക പുരോഹിതനായിരുന്നു ചാവറയച്ചൻ. ചാവറ കുര്യാക്കോസ് ഏലിയാസ് എന്നായിരുന്നു മുഴുവൻ പേര്. പുരോഹിതന്മാരിൽ ഒന്നാമൻ അഥവാ ആശ്രമ ശ്രേഷ്ഠൻ എന്ന അർഥത്തിൽ 'പ്രിയോർ' എന്ന ബഹുമതി ഉണ്ടായതുകൊണ്ട് അദ്ദേഹം പ്രിയോരച്ചൻ എന്നാണ് അറിയപ്പെട്ടിരുന്നത്. ജനങ്ങൾക്കെല്ലാം പ്രിയങ്കരനുമായിരുന്നു.

സവർണാധിപത്യവും ജാതിവിവേചനങ്ങളും പ്രബലമായിരുന്ന 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ അവർണ സമൂഹ



വര: സചീന്ദ്രൻ കാറഡ്ക്ക

**ഗോവയിൽ വച്ച് ഒരു ആരാധകൻ അദ്ദേഹത്തിന് കുറച്ചു മാമ്പഴങ്ങൾ സമ്മാനിച്ചു. ഹൃദ്യമായ പരിമളവും സവിശേഷരുചിയും മധുരവുമുള്ളതായിരുന്നു ആ മാമ്പഴം. പേരറിയാത്ത ആ മാമ്പഴം തിന്നു നോക്കിയപ്പോൾ അദ്ദേഹത്തിന് ഏറെ ഇഷ്ടമായി.**



ങ്ങൾക്കും ക്രിസ്ത്യാനികൾക്കും കളരിയിൽ (വിദ്യാലയങ്ങളിൽ) പ്രവേശനം നിഷേധിക്കപ്പെട്ടിരുന്നു. അക്കാലത്ത് 1846 ൽ ആദ്യമായി മാന്നാനത്ത് ചാവറയച്ചൻ ഒരു സംസ്കൃതം സ്കൂൾ ആരംഭിക്കുകയും ക്രിസ്ത്യാനികൾക്കും മറ്റെല്ലാ ജാതിയിൽപ്പെട്ടവർക്കും അവിടെ പ്രവേശനം നൽകുകയും ചെയ്തു. അതിനുശേഷം ചാവറയച്ചന്റെ മേലധികാരിയായിരുന്നത് ഇറ്റലിക്കാരനായിരുന്ന ബർണാഡിൻ ബച്ചിനല്ലി ബിഷപ്പാണ്. അദ്ദേഹത്തിന്റെ നിർദേശാനുസരണം കേരളത്തിലെ എല്ലാ കത്തോലിക്കാ പള്ളികളോടും ചേർന്ന് ഓരോ പള്ളിക്കൂടം ഉണ്ടാക്കണം എന്ന വിപ്ലവകരമായ പദ്ധതി നടപ്പാക്കിയത് ചാവറയച്ചനാണ്. അങ്ങനെ തുടങ്ങിയ എല്ലാ പള്ളിക്കൂടങ്ങളിലും ജാതിമത വ്യത്യാസമില്ലാതെ എല്ലാ കുട്ടികൾക്കും പ്രവേശനം നൽകുകയും ചെയ്തു. അത് സാമൂഹിക നവോത്ഥാനത്തിനു തുടക്കം കുറിച്ച വിപ്ലവകരമായ സംഗതിയായിരുന്നു.

അതുപോലെ വിജ്ഞാനപരവും സാംസ്കാരികവുമായ പുരോഗതിക്ക് അച്ചടിശാലകളുടെ ആവശ്യകത മനസ്സിലാക്കി ആദ്യമായി പുസ്തകങ്ങളും മാസികകളും അച്ചടിച്ചിറക്കിയതും ചാവറയച്ചനാണ്. മാത്രമല്ല, ചില ജീവകാരുണ്യ സേവനങ്ങളും അദ്ദേഹം നടത്തിയിരുന്നു. അശരണരും രോഗികളുമായ വൃദ്ധജനങ്ങളുടെ സംരക്ഷണത്തിനുവേണ്ടി ആതുരാലയങ്ങളും അദ്ദേഹം സ്ഥാപിച്ചു.

അക്കാലത്ത് കേരളത്തിൽ മൂന്നുനാല് അച്ചടിശാലകളേ ഉണ്ടായിരുന്നുള്ളൂ. അവയ്ക്കാവശ്യമായ അച്ചടിമഷി ഇവിടെ ലഭ്യമായിരുന്നില്ല. അത് ജർമനിയിൽ നിന്നെത്തിയിരുന്നത് ഗോവയിലാണ്.

ഒരിക്കൽ പ്രിയോർ ചാവറയച്ചൻ അച്ചടിമഷിയുടെ ആവശ്യത്തിന് ഗോവയിൽ പോയി. അവിടെവച്ച് ഒരു ആരാധകൻ അദ്ദേഹത്തിന് കുറച്ചു മാമ്പഴങ്ങൾ സമ്മാനിച്ചു. ഹൃദ്യമായ പരിമളവും സവിശേഷരുചിയും മധുരവുമുള്ളതായിരുന്നു ആ മാമ്പഴം. പേരറിയാത്ത ആ മാമ്പഴം തിന്നു നോക്കിയപ്പോൾ അദ്ദേഹത്തിന് ഏറെ ഇഷ്ടമായി.

'ഹായ് നല്ല രസികൻ മാമ്പഴം' എന്ന് അദ്ദേഹം സന്തോഷം കൊണ്ടുപറഞ്ഞുപോയി.

ആ മാമ്പഴങ്ങൾ അദ്ദേഹം നാട്ടിൽ കൊണ്ടുവന്നു. ആശ്രമത്തിലെ അന്തേവാസികൾക്ക് നൽകി. അവയുടെ വിത്തുകളെല്ലാം ശ്രദ്ധാപൂർവം വിശാലമായ ആശ്രമവളപ്പിൽ നട്ടുപിടിപ്പിച്ചു. നാളുകൾ കഴിഞ്ഞ് അവയിൽ മാങ്ങകളുണ്ടായപ്പോൾ അവ പറിച്ച് അദ്ദേഹം തന്റെ അധികാര പരിധിയിൽപ്പെട്ട എല്ലാ ആശ്രമങ്ങളിലേക്കും കൊടുത്തയച്ചു. അവയുടെ സവിശേഷ സ്വാദ് നുകർന്നവരെല്ലാം സന്തോഷത്തോടെ തിരക്കി.

'ഹായ് രസികൻ മാമ്പഴം! ഇതിന്റെ പേരെന്താ?'

'അതു നമ്മുടെ പ്രിയോരച്ചന്റെ മാമ്പഴാ...'

അങ്ങനെ പ്രിയോരച്ചന്റെ മാമ്പഴം എന്നത് പറഞ്ഞു പറഞ്ഞാണ് പ്രിയോർ മാമ്പഴം എന്ന പേര് പ്രചാരത്തിലായതത്രെ! അങ്ങനെ മനുഷ്യസ്നേഹിയും പ്രകൃതിസ്നേഹിയുമായ പ്രിയോരച്ചൻ ഈ മാമ്പഴത്തിലൂടെയും സാദരം സ്മരിക്കപ്പെടുന്നു.

# സിലയും കാരിബ്ഡിസും

എം ഗീതാഞ്ജലി

ഹോമറിന്റെ 'ഒഡീസി' എന്ന ഇതിഹാസകൃതിയിലാണ് സിലയുടെയും കാരിബ്ഡിസിന്റെയും പരാമർശം ആദ്യമായി വരുന്നത്. ഒഡീസിയൂസ് എന്ന വീരപരാക്രമിയായ രാജാവിന്റെ സാഹസികമായ ജീവിതമാണ് ഹോമർ 'ഒഡീസി' യിൽ വർണിച്ചിരിക്കുന്നത്.

സുന്ദരിയായ ഗ്രീക്ക് റാണി ഹെലനുവേണ്ടി ഗ്രീസും ട്രോയ് നഗരവും നടത്തിയ പത്തുവർഷക്കാലം നീണ്ടുനിന്ന കൊടുംയുദ്ധത്തിൽ പങ്കെടുത്ത് വിജയിച്ചതിനുശേഷം ഇഥാക്കാ ദ്വീപിന്റെ അധിപനായ ഒഡീസിയൂസ് തന്റെ വീരയോദ്ധാക്കളോടുകൂടി നാട്ടിലേക്കു മടങ്ങുകയാണ്. യുദ്ധത്തിന്റെ അത്രതന്നെ അതിസാഹസികമായിരുന്നു കടലിലൂടെയുള്ള അവരുടെ ദീർഘമായ മടക്കയാത്രയും. സിലയേയും കാരിബ്ഡിസിനെയും ഒഡീസിയൂസിനു നേരിടേണ്ടിവന്നത് ഈ യാത്രയിലാണ്.

സമുദ്രത്തിലെ പല രാക്ഷസന്മാരെയും അത്ഭുത ജീവികളെയുമെല്ലാം നേരിട്ട്, അവരെ തോൽപ്പിച്ചോ അല്ലാതെയോ അവരിൽ നിന്ന് രക്ഷപ്പെട്ട് ഒഡീസിയൂസും അനുചരന്മാരും യാത്ര തുട





വര: ടി ആർ രാജേഷ്

രുകയാണ്. കപ്പൽ അങ്ങനെ സാവധാനം നീങ്ങിക്കൊണ്ടിരിക്കുന്നു.

പെട്ടെന്ന് ഒരിടത്തെത്തിയപ്പോൾ ആകാശം വരെ നീണ്ടുപൊങ്ങുന്ന പുകപടലം അവരുടെ ശ്രദ്ധയിൽപ്പെട്ടു. ഇതെന്തെന്ന് അത്ഭുതപ്പെട്ടു നോക്കി നിൽക്കവെ വലിയ മലകളുടെ ഉയരത്തിലുള്ള തിരമാലകൾ കപ്പലിനു നേർക്കു വരുന്നതാണ് കണ്ടത്. ഒപ്പംതന്നെ എട്ടുദിക്കും പൊട്ടുമാറുള്ള ഭയങ്കരമായ എന്തോ ശബ്ദവും കേട്ടു. ഒഡീസിയൂസിന്റെ നാവികർ ഭയന്നുവിറച്ചു.

എന്താണു സംഭവിക്കാൻ പോകുന്നതെന്ന് മുൻകൂട്ടി അറിയാമായിരുന്ന ഒഡീസിയൂസ് നാവികർക്ക് ധൈര്യം പകർന്നു. ഒഡീസിയൂസിന് സമുദ്രത്തിലുണ്ടാകാനിടയുള്ള ഈ വിപത്തുകളെക്കുറിച്ച് നേരത്തെത്തന്നെ സേഴ്സി എന്ന മന്ത്രവാദിനി സൂചന നൽകിയിരുന്നു.

ഇനി മുന്നോട്ടേക്കുള്ള യാത്രയിൽ രണ്ടുവഴികളുണ്ട്. രണ്ടു വഴികളും ഒരുപോലെ ദുർഘടം പിടിച്ചതായിരുന്നു. പർവതംപോലെയുള്ള, ചലിച്ചുകൊണ്ടിരിക്കുന്ന പാറക്കൂട്ടങ്ങൾക്കിടയിലൂടെയാണ് ഒരു വഴി. അവയ്ക്കിടയിലെ ഇടുങ്ങിയ വഴിയിലൂടെ കപ്പലുകൾക്ക് യാത്രചെയ്യാൻ വലിയ ബുദ്ധിമുട്ടാണ്. പാറക്കൂട്ടങ്ങളുടെ അടുത്ത് കപ്പലുകൾ എത്തുമ്പോൾ അവ ഇരുഭാഗത്തുനിന്നും നീങ്ങി നീങ്ങി അടുത്തേക്കു വന്ന് പരസ്പരം കൂട്ടിമുട്ടും. കപ്പൽ അതിനിടയിൽപ്പെട്ട് ഞെരിഞ്ഞുതകരും. പിന്നെയും പാറകൾ പുറകോട്ടു നീങ്ങി അടുത്ത കൂട്ടിമുട്ടലിനു തയ്യാറായി നിൽക്കും. നാവികർ നേരത്തെ കണ്ട ഉയരത്തി

**എന്താണു സംഭവിക്കാൻ പോകുന്നതെന്ന് മുൻകൂട്ടി അറിയാമായിരുന്ന ഒഡീസിയൂസ് നാവികർക്ക് ധൈര്യം പകർന്നു. ഒഡീസിയൂസിന് സമുദ്രത്തിലുണ്ടാകാനിടയുള്ള ഈ വിപത്തുകളെക്കുറിച്ച് നേരത്തെത്തന്നെ സേഴ്സി എന്ന മന്ത്രവാദിനി സൂചന നൽകിയിരുന്നു. ഇനി മുന്നോട്ടേക്കുള്ള യാത്രയിൽ രണ്ടുവഴികളുണ്ട്. രണ്ടു വഴികളും ഒരുപോലെ ദുർഘടം പിടിച്ചതായിരുന്നു.**

ലുള്ള പുകപടലവും വലിയ തിരമാലകളും അത്യുച്ചത്തിലുള്ള ശബ്ദവുമെല്ലാം ഈ പാറക്കൂട്ടങ്ങളുടെ കൂട്ടിമുട്ടലുകളുടെ ഫലമായിരുന്നു.


രണ്ടാമത്തെ വഴിയും വളരെ അപകടം നിറഞ്ഞതാണ്. അത് രണ്ടു പർവതങ്ങൾക്കിടയിലൂടെയുള്ള മാർഗമാണ്. സദാ ഇരുട്ടുമൂടി നിൽക്കുന്ന ഒരു പ്രദേശമാണത്. ഒരു ഭാഗത്തുള്ള പർവതത്തിൽ എപ്പോഴും ഇരുട്ടുനിറഞ്ഞ ഒരു ഗുഹയുണ്ട്. അതിലാണ് ഭീകരരൂപിണിയായ സില താമസിക്കുന്നത്. നീണ്ട കഴുത്തുകളോടുകൂടിയ ആറു വലിയ തലകളും പന്ത്രണ്ട് നീണ്ട കാലുകളുമുള്ള ഭീകരസത്വം! ആറുതലകളിലും വലിയ ഗുഹപോലെയുള്ള വായകൾ. ഓരോവായിലും മൂന്നുവരി കൂർത്തുമൂർത്ത പല്ലുകൾ. ശരീരം മുഴുവൻ ഗുഹയിലൊളിപ്പിച്ച് യഥേഷ്ടം നീട്ടാൻ പറ്റുന്ന കഴുത്തുകൾ മാത്രം പുറത്തേക്കിട്ട് സില ഇരിക്കും. കടൽയാത്രക്കാരെയും കടൽജീവികളെയും ഈ കഴുത്തുകൾ നീട്ടി ചൂണ്ടകൊണ്ടു മീൻപിടിക്കുംപോലെ പിടിച്ച് ഭക്ഷിക്കുകയാണ് സില ചെയ്യാറ്.

അവൾ താമസിക്കുന്നതിന് എതിർവശത്തുള്ള പർവതത്തിലാണ് കരിബ്ഡിസ് പാർക്കുന്നത്. അത് മറ്റൊരു ഭീകരസത്വം. കരിബ്ഡിസ് ദിവസവും മൂന്നുനേരം സമുദ്രജലം കുടിച്ചു വറ്റിക്കും. ആ ജലത്തിലെ ജീവികളെല്ലാം അതിന്റെ വയറ്റിലെത്തും. അവയെല്ലാം അതിന്റെ ഭക്ഷണമാവും. പിന്നീട് ഈ ജലമെല്ലാം തന്റെ നാസാരന്ധ്രങ്ങളിലൂടെ പുറത്തേക്ക് ശക്തിയിൽ ചീറ്റി വിടും. ആദ്യം കരിബ്ഡിസിന്റെ വായിലേക്കുള്ള ശക്തമായ ജലപ്രവാഹവും പിന്നീട് മൂക്കിലൂടെ പുറത്തേക്കുള്ള ജലപ്രവാഹവും സമുദ്രത്തിൽ വലിയ ചുഴികൾ സൃഷ്ടിച്ചുകൊണ്ടിരുന്നു.

ഒഡീസിയൂസും നാവികരും ധർമസങ്കടത്തിലായി. സില താമസിക്കുന്ന പർവതത്തിനരികിലൂടെ കപ്പൽ വിട്ടാൽ, ആറു കഴുത്തുകളും നീട്ടി ഓരോ പിടുത്തത്തിലും അവൾ ആറാളെ ശാപ്പിടും. മറ്റേ പർവതത്തിനടുത്തുകൂടെ പോയാൽ, കരിബ്ഡ്സിന്റെ വായിലേക്കും പുറത്തേക്കുമുള്ള അതിശക്തമായ ജലപ്രവാഹത്തിൽ അവർ പെടും. ഇതിൽ ഏതു വഴി തെരഞ്ഞെടുക്കണം? ഒഡീസിയൂസ് ആലോചിച്ചുകൊണ്ടേയിരുന്നു. ഒടുവിൽ അയാൾ സിലയുടെ ഗുഹയ്ക്കടുത്തൂടെയുള്ള വഴി തെരഞ്ഞെടുത്തു. ആ വഴിയിലൂടെയാണെങ്കിൽ, തനിക്ക് ഭാഗ്യമുണ്ടെങ്കിൽ ആറ് ആൾക്കാരേ നഷ്ടപ്പെടുകയുള്ളൂ. എന്നാൽ കരിബ്ഡിസിന്റെയടുത്തുള്ള വഴിയിലൂടെയാണെങ്കിൽ മുഴുവൻ കപ്പലും എല്ലാ നാവികരും നശിക്കും.

ഒഡീസിയൂസ് നാവികരോട് വേഗംവേഗം കപ്പൽ

തുഴയുവാൻ ആജ്ഞാപിച്ചു. കരിബ്ഡിസിന്റെ ഭാഗത്ത്, അതിശക്തമായി സമുദ്രജലം മുഴുവൻ ഒരു വശത്തേക്ക് നീങ്ങിക്കൊണ്ടിരിക്കയാണ്. അവൾ ജലം കുടിച്ചുവറ്റിക്കുകയാണ്. നാവികർ അതുകണ്ട് പേടിയോടെ തുഴഞ്ഞുകൊണ്ടിരിക്കെ പെട്ടെന്ന് സിലയുടെ ആറുകഴുത്തുകളും കപ്പലിനു മുകളിലേക്കു നീണ്ടുനീണ്ടുവന്നുവീണു. ഞൊടിയിടയ്ക്കുള്ളിൽ ആ കഴുത്തുകൾ ഓരോ നാവികനെയും ചുഴറ്റിയെടുത്ത് മേലോട്ടു കൊണ്ടുപോയ്ക്കഴിഞ്ഞു. പ്രാണരക്ഷാർഥമുള്ള അവരുടെ പിടച്ചിലും ദീനരോദനങ്ങളും കേട്ട് ബാക്കി നാവികരെല്ലാം അനക്കമറ്റുപോയി. സിലയുടെ നീരാളിപ്പിടുത്തത്തിൽപ്പെട്ട ആറുപേരെയും അവൾ തന്റെ ഗുഹയ്ക്കരികെയുള്ള പാറക്കെട്ടിൽ അടിച്ചുകൊന്നു. പിന്നീട് അവരെ ഇരുട്ടുനിറഞ്ഞ ഗുഹയിലേക്കു ഭക്ഷിക്കാനായി കൊണ്ടുപോയി.



പേടിച്ചരണ്ടുപോയി നാവികർ. മറുഭാഗത്ത് കരിബ്ഡിസ് കടൽവെള്ളം ശക്തിയിലും വേഗത്തിലും കുടിച്ചു വറ്റിക്കുകയാണല്ലോ. ആ ചുഴിയിലേക്ക് കപ്പൽ നീങ്ങിനീങ്ങിപ്പോവുന്നതു കണ്ട് ഒഡീസിയൂസ് എല്ലാവരോടും ആഞ്ഞുതുഴയാൻ ആവശ്യപ്പെട്ടു. എല്ലാവരും കൂടി സർവശക്തിയുമെടുത്ത് അകലേക്ക് തുഴഞ്ഞു. കപ്പൽ കരിബ്ഡിസിന്റെ വായിലകപ്പെടാതെ രക്ഷപ്പെട്ടു എന്നുപറഞ്ഞാൽ മതിയല്ലോ.

പേടിച്ചരണ്ടുപോയി നാവികർ. മറുഭാഗത്ത് കരിബ്ഡിസ് കടൽവെള്ളം ശക്തിയിലും വേഗത്തിലും കുടിച്ചു വറ്റിക്കുകയാണല്ലോ. ആ ചുഴിയിലേക്ക് കപ്പൽ നീങ്ങിനീങ്ങിപ്പോവുന്നതു കണ്ട് ഒഡീസിയൂസ് എല്ലാവരോടും ആഞ്ഞുതുഴയാൻ ആവശ്യപ്പെട്ടു. എല്ലാവരും കൂടി സർവശക്തിയുമെടുത്ത് അകലേക്ക് തുഴഞ്ഞു. കപ്പൽ കരിബ്ഡിസിന്റെ വായിലകപ്പെടാതെ രക്ഷപ്പെട്ടു എന്നു പറഞ്ഞാൽ മതിയല്ലോ. ആറു നാവികർ നഷ്ടപ്പെട്ടെങ്കിലും ബാക്കിയെല്ലാവരും രക്ഷപ്പെട്ടല്ലോ എന്ന ആശ്വാസത്തോടെ ഒഡീസിയൂസ് തന്റെ നാവികരോടൊപ്പമുള്ള സമുദ്രയാത്ര തുടർന്നു.

ഒരുപോലെ അപകടകരവും അസന്തുഷ്ടവുമായ രണ്ടു കാര്യങ്ങളെ അഭിമുഖീകരിക്കേണ്ടി വരുമ്പോഴാണ് 'സിലയുടെയും കരിബ്ഡിസിന്റെയും ഇടയിൽപ്പെട്ടതുപോലെ' *(between scylla and charybdis-) എന്ന ശൈലി ഇംഗ്ലീഷിൽ ഉപയോഗിക്കുന്നത്.*

*ഒരു പ്രശ്നത്തെ ഒഴിവാക്കിപ്പോകാൻ ശ്രമിച്ചാൽ തീർച്ചയായും മറ്റേ പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടി വരും. ചുരുക്കിപ്പറഞ്ഞാൽ, ഒന്നല്ലെങ്കിൽ മറ്റേത്. ഏതെങ്കിലും ഒരു പ്രശ്നത്തെ നമ്മൾ നേരിട്ടേ പറ്റൂ എന്നാവുമ്പോഴാണ് ഇങ്ങനെ പറയുക.*

*ഇതേ അർഥം തന്നെയാണ് 'ചെകുത്താനും കടലിനുമിടയിൽ' (between the devil and the sea) എന്ന ശൈലിയുടേതും. ഈ ശൈലി നമ്മൾ മലയാളഭാഷയിലും ഉപയോഗിക്കുന്നുണ്ട്.*

ഉണ്ടാക്കാം

# ബോട്ടിൽ സ്പിന്നർ

അരവിന്ദ് ഗുപ്ത
ഡിസൈൻ : K V Potdar

പഴയ സിഡിയും കുപ്പിയും കൊണ്ടൊരു സ്പിന്നർ ഉണ്ടാക്കി നോക്കിയാലോ?



**ആവശ്യമുള്ള സാധനങ്ങൾ**

- പഴയ സിഡി/ ഡിവിഡി 1
- ചെറിയ പ്ലാസ്റ്റിക് കുപ്പി 1
- ബീഡ് 2
- നട്ട് 1
- സൈക്കിൾ കമ്പി 1
- കത്രിക 1

ഇത്തരം ഒരു സംവിധാനം ഉണ്ടാക്കി പരീക്ഷണം നടത്തി ഉത്തരം കണ്ടെത്തൂ. അധ്യാപകരുടെ സഹായവും തേടാം കേട്ടോ. നിങ്ങളുടെ നിഗമനങ്ങൾ തളിരിലേക്ക് അയയ്ക്കുകയും ആവാം.



1 45 ഡിഗ്രിയിൽ വിപരീത ദിശയിൽ രണ്ട് വരകൾ അടയാളപ്പെടുത്തുക.



2 അടയാളപ്പെടുത്തിയ വരകൾ കത്രിക കൊണ്ടോ കത്തി കൊണ്ടോ മുറിക്കുക.




3 സിഡി/ ഡിവിഡി രണ്ടായി മുറിക്കുക.



4 രണ്ടായി മുറിച്ച സിഡി കുപ്പിയിലെ മുറിച്ചെടുത്ത ഭാഗത്ത് വയ്ക്കുക. തുടർന്ന് പശകൊണ്ട് ഒട്ടിച്ച് ഉറപ്പിക്കുക കളർ ടേപ്പുകൊണ്ട് കുപ്പി അലങ്കരിക്കാം.



5 കുപ്പിയുടെ മൂടിയിൽ ഒരു ദ്വാരം ഇടുക.



6 സൈക്കിൾ കമ്പി ദ്വാരത്തിലൂടെ കടത്തുക. കമ്പിയുടെ ഇരുവശവും ബീഡുകളും നട്ടും ഉറപ്പിക്കുക.



7 ഫാനിനുകീഴിൽ സ്പിന്നർ കറങ്ങുന്നു.



8 പുറത്തെ കാറ്റിൽ ബോട്ടിൽ സ്പിന്നർ വേഗത്തിൽ കറങ്ങുന്നതു കാണാം.

# സേനാനായകർ

പിതാവും രാജാവുമായ ധൃതരാഷ്ട്രരും അമ്മ ഗാന്ധാരിയും ഭീഷ്മപിതാമഹനും ദ്രോണാചാര്യരും വിദുരരും സഞ്ജയനും മറ്റ് മഹത്തുക്കളും ശാന്തിദൂതുമായി വന്ന സാക്ഷാൽ ശ്രീവാസുദേവനും വീണ്ടും വീണ്ടും പറഞ്ഞ വാക്കുകളെല്ലാം ധിക്കരിച്ച് ദുര്യോധനൻ പടയ്ക്കൊരുങ്ങുകയായി. കൗരവർക്ക് പതിനൊന്ന് അക്ഷൗഹിണിപ്പട സജ്ജമായി. ഒരിക്കൽക്കൂടി ഭീഷ്മർ ദുര്യോധനനോട് സാമം ഉപദേശിച്ചുവെങ്കിലും അതും നിഷ്ഫലമായി. 'ഉണ്ണീ, എത്രകഠിനമായി ഞാൻ ശ്രമിച്ചിട്ടും നീ യുദ്ധത്തിനുതന്നെ ഇറങ്ങിക്കഴിഞ്ഞുവല്ലോ. സർവനാശകമാണ് യുദ്ധമെന്ന് വീണ്ടും ഞാൻ ഓർമിപ്പിക്കുന്നു. ഉണ്ണീ ദുര്യോധനാ, പാണ്ഡവർക്ക് അർധരാജ്യം അല്ലെങ്കിൽ അഞ്ചുഗ്രാമങ്ങളെങ്കിലും നൽകി ഈ മഹാദു:ഖം ഒഴിവാക്കുക.'

ദുര്യോധനൻ ഒന്നും ചെവിക്കൊള്ളാൻ തയ്യാറായിരുന്നില്ല. കാലപാശം കഴുത്തിൽ വീണുകഴിഞ്ഞ സുഹൃത്‌രാജാക്കന്മാരുമൊത്ത് അയാൾ കുരുക്ഷേത്രത്തിലേക്കു പുറപ്പെട്ടു.

പാണ്ഡവസൈന്യത്തിന്റെ സേനാപതി ആരായിരിക്കണമെന്നതിനെപ്പറ്റി ഓരോരുത്തരും ഓരോ അഭിപ്രായം പ്രകടിപ്പിച്ചപ്പോൾ യുധിഷ്ഠിരൻ പറഞ്ഞു. 'എല്ലാറ്റിനും നമുക്ക് പ്രമാണം കൃഷ്ണനാണ്. അദ്ദേഹം തീരുമാനിക്കട്ടെ ആര് സേനാപതിയായിരിക്കണമെന്ന്.'

ശ്രീകൃഷ്ണൻ പറഞ്ഞു. 'മഹാരഥന്മാരായ വീരരാജാക്കന്മാർ പലരുമുണ്ട് നമ്മുടെ പക്ഷത്ത്. നമ്മുടെ സൈന്യം അധൃഷ്യവും സുസജ്ജവുമാണ്. ധാർത്തരാഷ്ട്രപ്പടയെ നാം നിശ്ചയമായും മുടിക്കുകതന്നെ ചെയ്യും. എന്റെ പക്ഷം സേനാധിപനാകുവാൻ ഏറ്റവും യോഗ്യൻ ദ്രുപദപുത്രനും മഹാവീരനുമായ ധൃഷ്ടദ്യുമ്നനാണെന്നത്രേ.'

സന്തുഷ്ടരായ പാണ്ഡവരും മറ്റ് രാജാക്കന്മാരും ജയഘോഷം മുഴക്കിക്കൊണ്ട് ശ്രീകൃഷ്ണന്റെ നിർദേശം ശരിവച്ചു. 'പടയ്ക്കൊരുങ്ങിക്കൊള്ളുവിൻ' എന്ന് സേനാനായകൻ സിംഹഗർജനംപോലെ ആജ്ഞാപിച്ചപ്പോൾ ആ മഹാസൈന്യം കടലുപോലെ ഇളകി. ശുഭശകുനങ്ങൾ നോക്കി പടനീക്കം ആരംഭിച്ചു. ശംഖനാദങ്ങളും പെരുമ്പറയൊച്ചയും കുതിരകളുടെ ചിനയ്ക്കലും ജയഘോഷവുംകൊണ്ട് ആകാശം മുഖരിതമായി. പടച്ചട്ടയണിഞ്ഞ് ആയുധങ്ങളേന്തി സൈനികർ കടൽത്തിരകൾപോലെ ചിട്ടയിൽ മുന്നോട്ടു നീങ്ങിത്തുടങ്ങി. പടത്തലയ്ക്കൽ ഭീമനും ധൃഷ്ടദ്യുമ്നനും നകുലസഹദേവന്മാരും അഭിമന്യുകുമാരനും അണിനിരന്നു നീങ്ങവേ ഭൂമികുലുങ്ങി. പടനടുവിൽ യുധിഷ്ഠിരന്റെ സുവർണരഥം ശോഭിച്ചുകാണായി.

വിളങ്ങുന്ന പൊന്നിൻ തേരിൽ വെളുത്ത നാല്കുതിരകളുടെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് സാരഥിയായി ശ്രീവാസുദേവനും പിന്നിൽ ഗാണ്ഡീവധാരിയായ വിജയനും കയറിയപ്പോൾ സൈന്യം ഹർഷാതിരേകത്താൽ ആർത്തിരമ്പി. സൈന്യത്തിന് പിമ്പേ ആയുധങ്ങൾ, ഭക്ഷണവസ്തുക്കൾ, യന്ത്രാസ്ത്രങ്ങൾ, ചികിത്സാസംവിധാനങ്ങൾ മുതലായവ വഹിക്കുന്ന നൂറുനൂറു വണ്ടികളും പരിചാരകരും നീങ്ങി. കുരുക്ഷേത്രത്തിനരികിൽ പരന്ന പുല്ലും വെള്ളവുമുള്ള ഭൂമി നോക്കി വൻപട പാളയമടിച്ചു.

രാജാക്കന്മാർക്കുള്ള പടവീടുകളും സൈനികരുടെ കൈനിലകളും കൂടാരങ്ങളും ഭക്ഷണപ്പുരകളും പാചകശാലയുമെല്ലാം അതിവേഗം തയ്യാറാക്കപ്പെട്ടു. കുന്നുപോലെ കൂട്ടിയിരിക്കുന്ന ഭക്ഷ്യസാധനങ്ങളും ഇരുമ്പുമലകൾപോലെ ഉയർന്ന ആയുധശേഖരവും ആനപ്പന്തികളും കുതിരപ്പന്തികളും നിരന്നു. സജ്ജമായ പെരുംപട യുദ്ധലഹ

രിയിൽ മദിച്ചു കാത്തുനിൽപ്പായി. എന്നാൽ യുധിഷ്ഠിരന്റെ ഹൃദയം വേദനയാൽ വിങ്ങുകയായി. 'കൃഷ്ണാ, എത്ര ശ്രമിച്ചിട്ടും ശാന്തി കിട്ടിയില്ലല്ലോ. അവധ്യരായ കുരുവൃദ്ധരെയും സഹോദരങ്ങളെയും വധിക്കേണ്ടിവരുമല്ലോ.' എന്നു വിഷാദിക്കുന്ന പാണ്ഡവനെ ശ്രീകൃഷ്ണൻ ആശ്വസിപ്പിച്ചു.

കുരുക്ഷേത്രത്തിന്റെ മറുഭാഗത്തും ഇതേ വിധത്തിൽ കൗരവരുടെ പതിനൊന്ന് അക്ഷൗഹിണിപ്പടയും വന്നു നിറഞ്ഞിരമ്പുകയായി. പട പുറപ്പെടാനുള്ള പെരുമ്പറമുഴക്കം കേട്ടപ്പോൾ യുദ്ധോദ്യുക്തരായ രാജാക്കന്മാർ തങ്ങളുടെ പീഠങ്ങളിൽനിന്ന് അമർഷത്തോടെ എഴുന്നേറ്റു. ചന്ദനവും അകിലും പൂശി പൊന്നിൻതോൾവളയിട്ട ഇരുമ്പുലക്കപോലുള്ള കൈകൾ തമ്മിൽത്തിരുമ്മിയും



വര: ജയേന്ദ്രൻ

**'ഉണ്ണീ, ഈ ഘോരയുദ്ധം ഒഴിവാക്കുവാൻ ഞാൻ ഏറെ ശ്രമിച്ചതാണ്. എന്നാലിപ്പോൾ നിനക്കുവേണ്ടി പൊരുതാൻ ഞാൻ ബാധ്യസ്ഥനായിരിക്കുന്നു. അങ്ങനെ ചെയ്യാം. പക്ഷേ ഒന്നറിയുക. എനിക്ക് നീയും പാണ്ഡവന്മാരും ഒരുപോലെയാണ്. എന്റെ പുത്രന്മാരാണ് അവർ'.**

പൊൻചട്ടകളണിഞ്ഞും തലപ്പാവുകളും കിരീടങ്ങളും ധരിച്ചും അവർ തേരുകളിലും ആനപ്പുറത്തും കുതിരപ്പുറത്തുമായി മുന്നോട്ടുനീങ്ങി. ധൃതരാഷ്ട്രപുരി ഒരു മഹോത്സവത്തിലെന്നപോലെ ഇളകിമറിഞ്ഞു. വിവിധായുധങ്ങൾ ധരിച്ച് പടച്ചട്ടയിട്ട് വില്ലുമുറുക്കി കണ്ണുകളിൽ യുദ്ധമദമിളകി മഹാരഥന്മാരാൽ നയിക്കപ്പെടുന്ന വമ്പിച്ച കുരുസൈന്യം കോളുകൊണ്ട കടലുപോലെ ഇരമ്പിയാർത്തു. ദുര്യോധനൻ ഭീഷ്മരെ ചെന്നു വന്ദിച്ച് സേനാപതിയാകണമെന്ന് അഭ്യർഥിച്ചു. 'പക്ഷികളെ കാക്കുന്ന ഗരുഡനെപ്പോലെ, ദേവകളെ കാക്കുന്ന മഹേന്ദ്രനെപ്പോലെ അങ്ങ് ഞങ്ങൾക്കു നായകനാകണം. ഞങ്ങളെല്ലാവരും അങ്ങയുടെ ആജ്ഞ കാത്തുനിൽക്കുന്നു.'

ഭീഷ്മർ പറഞ്ഞു. 'ഉണ്ണീ, ഈ ഘോരയുദ്ധം ഒഴിവാക്കുവാൻ ഞാൻ ഏറെ ശ്രമിച്ചതാണ്. എന്നാലിപ്പോൾ നിനക്കുവേണ്ടി പൊരുതാൻ ഞാൻ ബാധ്യസ്ഥനായിരിക്കുന്നു. അങ്ങനെ ചെയ്യാം. പക്ഷേ ഒന്നറിയുക. എനിക്ക് നീയും പാണ്ഡവന്മാരും ഒരുപോലെയാണ്. എന്റെ പുത്രന്മാരാണ് അവർ. ഈ പ്രപഞ്ചത്തിൽ അർജുനനൊഴികെ എന്നോടെതിർക്കാൻ ആരും തന്നെയില്ല. ഒന്നാമതായി, ഞാൻ പാണ്ഡവരെ കൊല്ലുകയില്ല എന്ന് നീയറിയുക. പകരം ബൃഹത്തായ പാണ്ഡവസൈന്യത്തെ ഞാൻ കൊന്നൊടുക്കാം. രണ്ടാമതായി ഒരു വ്യവസ്ഥ കൂടിയുണ്ട്. കർണനും ഞാനും ഒന്നിച്ച് രണഭൂമിയിൽ നിന്നാൽ ശരിയാവുകയില്ല. ആദ്യം കർണൻ പൊരുതട്ടെ. പിന്നീടാകാം ഞാൻ.'

ഇതുകേട്ട കർണൻ ചൊടിച്ചുപറഞ്ഞു. 'രാജാവേ, ഈ ഭീഷ്മർ വീഴുംവരെ ഞാൻ യുദ്ധം ചെയ്യുകയില്ല. അതിനുശേഷം ഞാൻ അർജുനനോട് എതിർത്തു കൊള്ളാം.'

അങ്ങനെ പൊൻപന കൊടിയടയാളമുള്ള മഹാവീരനായ ഭീഷ്മർ സേനാപതിയായി അഭിഷേകം ചെയ്യപ്പെട്ടു. (തുടരും)

# ഇളം തളിര്

ഇളംതളിരിലേക്ക്
രചനകൾ അയയ്ക്കൂ.
സമ്മാനങ്ങൾ നേടൂ...
നിങ്ങളുടെ കഥകളും കവിതകളും
സുഗതകുമാരി ടീച്ചറിന്റെ
തിരുത്തലുകളോടെയാണ്
പ്രസിദ്ധീകരിക്കുന്നത്.

## കുറുക്കനും ഞണ്ടും



**നൗമി പാർവതി, ക്ലാസ്സ് 1 എ,**
**സിൽവർ ഹിൽസ് ഹയർസെക്കൻഡറി സ്കൂൾ,**
**പാറോപ്പടി, മേരിക്കുന്ന്, കോഴിക്കോട്**

ഞണ്ട് ഞണ്ട് ഞണ്ട്
വയൽ വരമ്പിലെ ഞണ്ട്
ചുകപ്പു നിറത്തിൽ ഞണ്ട്
കാലിറുക്കും ഞണ്ട്
മീൻ തിന്നും ഞണ്ട്
ചളിയിൽ ഇഴയും ഞണ്ട്
വെള്ളത്തിൽ നീന്തും ഞണ്ട്
കുറുക്കനെ കണ്ടാൽ
ഓടി ഒളിക്കും ഞണ്ട്
ആഹാ! നല്ലൊരു ഞണ്ട്.



വര: ഗോപു പട്ടിത്തറ

Printed and Published by **Palliyara Sreedharan** for the Kerala State Institute of Children's Literature, Thiruvananthapuram, Ph: 2333790.
Typset and Graphics: Thaliru Graphics, Printed at St Joseph's Press, Thiruvananthapuram.

# മാറ്റിനിർത്തപ്പെടുന്ന മലയാളം



കേരളം പിറക്കുന്നതിനു മുമ്പ് പിറന്നതാണ് നമ്മുടെ ഭാഷ, മലയാളം. തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും ഭാഷയുണ്ടായിരുന്നു. ആറുനാട്ടിലെ നൂറു ഭാഷ പോലെ നമ്മുടെ മലയാളത്തിനും വ്യത്യാസങ്ങളുണ്ട്. നമ്മുടെ മൺമറഞ്ഞുപോയ സസ്യജാലങ്ങൾ എന്നൊക്കെ കേട്ടിട്ടില്ലേ. അതുപോലെ ഭാഷയും മൺമറയുകയാണോ?

മലയാളം ശ്രേഷ്ഠഭാഷയാണ്. എന്നാൽ യാതൊരുവിധ ശ്രേഷ്ഠതയും ബഹുമാനവും നമ്മൾ മലയാളത്തിനു നൽകുന്നില്ല. എന്നും നാം പാശ്ചാത്യ ഭാഷയോടു കൂറുപുലർത്തുന്നു.

നമ്മുടെ കേരളം മലയാളനാടാണ്. ആ 'മലയാളനാട്' ഇന്ന് പാശ്ചാത്യർക്കു പിന്നാലെയാണ്. നമ്മളെ ഇംഗ്ലീഷ് അടിച്ചേൽപ്പിച്ചത് ബ്രിട്ടീഷുകാരാണ്. അവർ പോയിട്ടും നാം എന്തിനാണ് അവരുടെ സംസ്കാരത്തേയും ഭാഷയേയും സംരക്ഷിക്കുന്നത്? ഗാന്ധിജി പറഞ്ഞത് എത്ര ശരിയാണ്. 'ഒരു വിദേശഭരണത്തിന്റെ അപകടങ്ങളിൽ ഏറ്റവും വലുത് വിദേശഭാഷ നമ്മെ അടിച്ചേൽപ്പിക്കുന്നു എന്നതാണ്.' കാര്യസാധ്യത്തിനായി അവർ അവരുടെ ഭാഷയെ ഇവിടെ അടിച്ചേൽപ്പിക്കുകയായിരുന്നു.വള്ളത്തോൾ പാടിയിട്ടില്ലേ.

*'മറ്റുള്ളഭാഷകൾ കേവലം ധാത്രിമാർ*
*മർത്യനുപെറ്റമ്മ തൻഭാഷ താൻ.'*

എന്ത് അർഥമുള്ള പ്രയോഗമാണത്. നമ്മുടെ ഭാഷ എന്നും നമ്മുടെ അമ്മയാണ്. അമ്മയുടെ ഗർഭാശയത്തിൽ ജീവൻ സ്പന്ദിച്ചു തുടങ്ങുമ്പോൾ മുതൽ നമ്മിൽ ഭാഷയും സ്പന്ദിച്ചുതുടങ്ങുന്നു. പിന്നീട് അത് എന്നും നമ്മോടൊപ്പം ഉണ്ടായിരിക്കും.

'നമ്മുടെ ശരീരത്തിനെ കീഴ്പ്പെടുത്താനേ വെടിയുണ്ടകൾക്കാവൂ. ആത്മീയമായ കീഴ്പ്പെടുത്തലിന്റെ മാധ്യമം ഭാഷയാണ്' എന്ന് പ്രശസ്ത എഴുത്തുകാരൻ ഗൂഗിവാ തിഓംഗോ പറഞ്ഞിട്ടുണ്ട്.

സംസാരിച്ചുതുടങ്ങുന്ന കുഞ്ഞിന്റെ ചുണ്ടിൽ ആദ്യം ഉതിരുന്ന 'അമ്മ' എന്ന രണ്ടക്ഷരം മലയാളത്തിലാണുള്ളത്. അല്ലാതെ ജനിക്കുമ്പോൾ തന്നെ കുഞ്ഞ് കരയുന്നത് ഇംഗ്ലീഷിലല്ലാ. സംസാരിക്കുമ്പോൾ ആദ്യം പറയുന്നത് 'മമ്മി' എന്നല്ല. അത് നാം മനസ്സിലാക്കുന്നില്ല.

ഇന്നത്തെ സമൂഹത്തിൽ അമ്മമാരെ വൃദ്ധസദനത്തിൽ ഉപേക്ഷിക്കുന്ന മക്കൾ, അവയ്ക്ക് തുല്യമായി ഭാഷയെ ഉപേക്ഷിക്കുന്നതിൽ പരിഭവിക്കാനേറെയൊന്നുമില്ല.

തന്റെ കുഞ്ഞുങ്ങൾ ഇംഗ്ലീഷ്മീഡിയം സ്കൂളിൽ, സി ബി എസ് സി, ഐ സി എസ് സി സിലബസുകൾ പഠിച്ചാലേ നന്നാവൂ എന്ന വിശ്വാസമാണ് മാതാപിതാക്കൾക്ക്. ആ രീതി മാറേണ്ടിയിരിക്കുന്നു.

വാക്കുകൾ വെറുതേ കോർത്തിട്ട ചരടല്ല ഭാഷ എന്ന് ഓരോ മലയാളിയും തിരിച്ചറിയണം. ആ തിരിച്ചറിവില്ലെങ്കിൽ ഒരിക്കലും നമുക്ക് സ്വന്തംഭാഷയെ സ്നേഹിക്കാനാവില്ല.

ഇംഗ്ലീഷ് സംസാരിക്കാൻ അറിയാത്തവർ മാന്യൻമാരല്ല എന്ന ചിന്തയുള്ളവരാണു നമ്മൾ. അങ്ങനെയായിത്തീരാൻ കാരണക്കാർ ആരാണ്? നമ്മൾ തന്നെ. കേരള സർക്കാർ മലയാളത്തെ നിർബന്ധഭാഷയായി അംഗീകരിച്ചുകഴിഞ്ഞു. പക്ഷേ മലയാളികൾ എന്നാണ് മലയാളത്തെ സ്നേഹത്തോടെ അംഗീകരിക്കുക?

**അഖില എസ്, ക്ലാസ് പ്ലസ് ടു എ, ഗവ. എച്ച് എസ് എസ് സ്കൂൾ, ചാത്തന്നൂർ, കൊല്ലം.**

**THALIRU** (monthly)
Children's Magazine
Licensed to post without prepayment under no. KL TV (N) WPP/11/2015-2017

RNI No. 20076/70 November 2017
Regd KL/TV (N)/399/2015-2017 Published on 29-10-2017 Vol:23, Issue:11, ₹20

കേരള സംസ്ഥാന
ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്
കേരള സർക്കാർ സാംസ്കാരികവകുപ്പു സ്ഥാപനം

സംസ്കൃതകോളജ് കാമ്പസ്, പാളയം,
തിരുവനന്തപുരം 34, ഫോ: 04712328549, 2327276
ഇമെയിൽ: director@ksicl.org



## ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ എവിടെയെല്ലാം കിട്ടും?

തിരുവനന്തപുരം, പാളയം സംസ്കൃതകോളജ് കാമ്പസിലുള്ള ബാലസാഹിത്യ പുസ്തകശാല, കേരള ബുക്മാർക്ക് ശാഖകൾ, ഡിസി ബുക്സ് ശാഖകൾ, ഗ്രന്ഥപ്പുര ബുക്സ് കൊല്ലം, ഋതു ബുക്സ് ശ്രീകൃഷ്ണപുരം തുടങ്ങിയയിടങ്ങളിൽ ഇവ ലഭ്യമാണ്. ഇതുകൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെയിൽസ് പ്രമോട്ടർമാർ വഴിയും പുസ്തകങ്ങൾ ലഭിക്കും. വിശദവിവരങ്ങൾക്ക് sales@ksicl.org എന്ന ഇമെയിലിലോ ഇൻസ്റ്റിറ്റ്യൂട്ട് ഫോൺ നമ്പറിലോ ബന്ധപ്പെടുക. പുസ്തകലിസ്റ്റ് ksicl.org എന്ന വെബ് സൈറ്റിൽ ലഭ്യമാണ്. പുസ്തകത്തിന്റെ വില MO/DD ആയി അയച്ചാൽ തപാൽവഴി പുസ്തകം ലഭ്യമാകും.




**തളിര്**
കുട്ടികളുടെ മാസിക
വില 20രൂപ

**വാർഷികവരിസംഖ്യ 200രൂപ**

വരിസംഖ്യ MO/DD ആയി ഇൻസ്റ്റിറ്റ്യൂട്ട് വിലാസത്തിൽ അയയ്ക്കുക.